Date of publication: 9 മാർച്ച് 2016
വോള്യം 11 / ലക്കം 3 / വില 20₹
ISSN 2319 – 9741

അന്വേഷി പ്രസിദ്ധീകരണം

# സംഘടിത



## അന്വേഷി എന്ന സ്ത്രീപക്ഷ ഇടം




# സംഘടിത

സംഘടിത|മാർച്ച് 2016 |വോള്യം 11 |ലക്കം 3


അന്വേഷി- ഒരല്പം ചരിത്രം -
**-സാവിത്രി കെ.കെ.** 8

തുല്യ പങ്കാളിത്തം എന്ന സംഘടനാ രൂപം
**- ശ്രീജ പി.** 15

ലിംഗനീതിക്കുവേണ്ടി സ്ത്രീപക്ഷ നിയമസാധ്യതകൾ- നിയമസഹായ സെൽ
**- വസന്ത പി.** 22

സ്ത്രീജീവിതങ്ങളിൽ നിന്ന് സ്ത്രീവാദ രാഷ്ട്രീയത്തിലേക്കും തിരിച്ചും- കമ്മ്യൂണിറ്റിവർക്ക് എന്ന അടിസ്ഥാനതല ഇടപെടലുകൾ
**-എലിസബത്ത്** 25

വാസ്തവം -**ഡോ. ജാൻസി ജോസ്** 41

വീട്ടുവിശേഷം -**റഷീദ ഗഫൂർ തൈവളപ്പിൽ** 42

ആധി - കവിത -**അപർണ പി.ജെ.** 45

ബാക്കിയാവുന്ന ഉത്തരങ്ങൾ - കഥ- **ചാരുലത** 46

വന്നപോലെ പോം, വനിതാദിനവും
**-ഡോക്ടർ മിനി ഉണ്ണികൃഷ്ണൻ** 48

ജീവിത്തിലേക്ക് തിരിച്ചുകയറാനൊരു ഇടത്താവളം- ഷോർട്ട് സ്റ്റേ ഹോം
**- ഷീബ** 51

വായനയ്ക്ക് ഒരു സ്ത്രീയിടം - അന്വേഷി ലൈബ്രറി 53

ശാസ്ത്രം -**സീമ ശ്രീലയം** 57






**പ്രശ്നങ്ങൾ പങ്കുവെക്കാനും പരിഹരിക്കാനും ഒരു സ്ത്രീവാദമാർഗ്ഗം അന്വേഷി കൗൺസലിംഗ് - സ്മിത**






**അഭയമില്ലാത്തവർക്കുള്ള അത്താണി- നിർഭയഹോം -പ്രമീള**



| | | |
|---|---|---|
| എഡിറ്റർ | : | ഡോ. ഷീബ കെ.എം. |
| മാനേജിംഗ് എഡിറ്റർ | : | കെ. അജിത |
| എക്സി.എഡിറ്റർ | : | ഡോ. ജാൻസി ജോസ് |
| പത്രാധിപ സമിതി | : | രാജലക്ഷ്മി കെ.എം., ഗിരിജ പി. പാതേക്കര, ജ്യോതി നാരായണൻ, ഡോ. മിനി പ്രസാദ്, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, ഡോ. സുനീത ടി.വി., അഡ്വ.കെ.കെ.പ്രീത, ഷീബാ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, കുസുമം ജോസഫ്, സുൽഫത്ത് |
| സർക്കുലേഷൻ മാനേജർ | : | ചാരുലത എ.എസ്. |
| ഉപദേശകസമിതി | : | സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ |
| ലേഔട്ട് & കവർ | : | സുവിജ |
| വെബ്സൈറ്റ് | : | വസന്ത പി. |
| പ്രിന്റിംഗ് | : | എ- വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934 |



**സംഘടിത മാസിക**



അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370

sanghadithacalicut@gmail.com, anweshicalicut@gmail.com

www.anweshi.org www.sanghaditha.com



ഷീബ കെ.എം.

# മുഖപ്രസംഗം

അന്താരാഷ്ട്രസ്ത്രീദിനം കുറിച്ചുകൊണ്ട് മാർച്ച് 8 വീണ്ടും വന്നെത്തുന്നു. ട്രാൻസ്ജെണ്ടർ നയം രൂപീകരിക്കപ്പെട്ടു എന്നുള്ള സ്വാഗതാർഹമായ കാൽവെയ്പ്പൊഴിച്ച് മറ്റെന്തെങ്കിലും എടുത്തു പറയാനുണ്ടോ കഴിഞ്ഞ ഒരു വർഷക്കാലത്തെ നേട്ടങ്ങളായി? സ്ത്രീദിനത്തെക്കുറിച്ചോർക്കുമ്പോൾ സ്വന്തം മകനെ മരണത്തിലേക്ക് തള്ളിയിട്ട കിരാതവ്യവസ്ഥയ്ക്കെതിരെ പോരാടുന്ന ഒരമ്മ-രാധിക മായി- തലസ്ഥാന നഗരിയിലെ തെരുവിൽ വലിച്ചിഴക്കപ്പെട്ടതാണ് അമർഷത്തോടെ ഓർത്തുപോവുന്നത്. ജാതീയതയും സങ്കുചിത ദേശീയതാവ്യാഖ്യാനങ്ങളും സാധാരണജീവിതം അസാധ്യമാക്കിക്കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ പോരാട്ടങ്ങൾക്ക് പ്രസക്തിയേറിക്കൊണ്ടിരിക്കുന്നു. സ്ത്രീകൾക്കില്ലൊരു ദേശവും എന്ന തിരിച്ചറിവിൽ സ്വന്തം ഇടങ്ങൾ തേടുന്ന സ്ത്രീകൾക്കും ജനാധിപത്യാവകാശങ്ങൾ നിഷേധിക്കപ്പെടുന്ന സർവ്വർക്കും അവരുടെ പിന്നിൽ അണിനിരക്കുന്നവർക്കും കരുത്ത് പകരുന്നതാകട്ടെ ഈ സ്ത്രീ ദിനം എന്നാശംസിക്കുന്നു. പത്രത്താളുകളിലെ വിദൂരവാർത്തകൾ എന്നതിലുപരി നമുക്ക് ചുറ്റും പതിയിരിക്കുന്ന ആസന്ന യാഥാർത്ഥ്യമായി മാറിയിരിക്കുന്നു ഭരണകൂടഭീകരത. സ്വേച്ഛാധിപത്യത്തെ ഏറ്റവും അസ്ഥിരമാക്കുന്നത് ജനാധിപത്യവാദങ്ങളും വ്യവസ്ഥാവിമർശനങ്ങളുമായതിനാൽ സ്വതന്ത്രചിന്തയുടെ ഉറവിടങ്ങളായ സർവ്വകലാശാലകൾക്കുമേൽ ഹീനവും നീചവുമായ ഹിംസാപ്രയോഗങ്ങൾക്ക് മുതിരുകയാണ് ഹിന്ദുത്വഭരണകൂടം. ധീരവും പക്വവുമായ ചെറുത്തുനില്പുകളിലൂടെ വിദ്യാർത്ഥികൾ ലോകത്തിന് മുന്നിൽ വീണ്ടും വിപ്ലവമാതൃകകളാവുന്നു. അഭിവാദ്യങ്ങൾ!

സാമൂഹ്യവ്യവസ്ഥയുടെ ആൺകോയ്മാ അധികാരങ്ങളോടേറ്റു മുട്ടി സ്ത്രീകൾക്ക് സ്വന്തമായൊരു ചെറുത്തുനിൽപ് സാധ്യമാക്കാൻ ലക്ഷ്യമിട്ടുകൊണ്ട് 1993ലാണ് അന്വേഷി രൂപം കൊള്ളുന്നത്. കൗൺസെലിംഗ്, നിയമസഹായം, കമ്മ്യൂണിറ്റി സേവനം തുടങ്ങിയ സേവനങ്ങളിലൂടെ സാധാരണ സ്ത്രീകളുടെ നിത്യജീവിതപ്രശ്നങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുകയും ഒപ്പം സാമൂഹ്യപ്രശ്നങ്ങൾ ഏറ്റെടുക്കുകയും ചെയ്ത ധീരചരിത്രമാണ് അന്വേഷിയുടേത്. 23-ാം വർഷത്തിലേക്ക് കടക്കുന്ന അന്വേഷിയുടെ പ്രവർത്തനങ്ങളെ ചരിത്രത്തിൽ അടയാളപ്പെടുത്തുകയാണ് ഈ ലക്കം സംഘടിത. ഇന്ന് സർക്കാർ ഏറ്റെടുക്കേണ്ടി വന്നിട്ടുള്ള പല പദ്ധതികളും ഒരു സാമ്പത്തികസഹായവും ഇല്ലാതിരുന്ന അവസരത്തിലും ഏറ്റെടുത്ത് നടത്തിയിരുന്ന അന്വേഷി ക്രമേണ സാമൂഹ്യനീതിയുടെ പൊതുവ്യവഹാരങ്ങളെത്തന്നെ മാറ്റിയെഴുതിയിട്ടുണ്ട്. വായനക്കാർക്ക് അന്വേഷി അനുഭവങ്ങൾ ഈ പോരാട്ടനാളുകളിൽ പ്രചോദനമാവുമെന്ന പ്രതീക്ഷയോടെ സംഘടിത സമർപ്പിക്കട്ടെ.



അജിത

# അന്വേഷി എന്ന സ്ത്രീപക്ഷ ഇടം

അന്വേഷിയെന്ന സ്ത്രീസംഘടന സംഭവബഹുലമായ 22 വർഷങ്ങൾ പിന്നിട്ട് ഇന്ന് യുവത്വത്തിലെത്തിയിരിക്കുകയാണ്. 2013++ ഏപ്രിൽ ലക്കത്തിൽ അന്വേഷിയുടെ ചരിത്രം 'സംഘടിത' പ്രസിദ്ധീകരിച്ചിരുന്നു. വളരെ സംക്ഷിപ്തമായാണ് അത് തയ്യാറാക്കപ്പെട്ടതെങ്കിലും പുനഃപ്രസിദ്ധീകരിക്കുകയാണ് ഈ ലക്കത്തിൽ. അതോടൊപ്പം കൂട്ടിച്ചേർക്കപ്പെടേണ്ട കുറച്ചു കാര്യങ്ങൾ കൂടി പറയുന്നു.

കേരളത്തിലെ സ്ത്രീപ്രശ്നങ്ങളോട് സമൂഹം പുലർത്തിയ അവജ്ഞ കലർന്ന അവഗണനക്കെതിരെ ഒരു കാലഘട്ടത്തിൽ അതിശക്തമായി പോരാടിയ മാനുഷി, ബോധന, പ്രചോദന തുടങ്ങിയ ഫെമിനിസ്റ്റ് ഗ്രൂപ്പുകൾ, ഇന്ന് നമ്മൾ ചരിത്രത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ അഭൂതപൂർവ്വമായ ചലനങ്ങളാണ് സൃഷ്ടിച്ചത്. അക്കാലം വരേയും സ്ത്രീകൾക്ക് കുടുംബത്തിനകത്ത് എന്ത് പ്രശ്നങ്ങളുണ്ടായാലും എല്ലാം മിണ്ടാതെ സഹിച്ചുകൊള്ളുക, പുരുഷൻ കൺകണ്ട ദൈവമാണ്, അവസാനവാക്ക് എപ്പോഴും പുരുഷന്റേതായിരിക്കും, അതനുസരിക്കുകയല്ലാതെ സ്ത്രീക്ക് മറ്റുവഴികളൊന്നുമില്ല തുടങ്ങിയ അടിമത്ത സമാനമായ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച പൊതുസമൂഹത്തിൽ സ്ത്രീവിമോചന പ്രസ്ഥാനത്തിന്റെ 'വ്യക്തിപരമായതെല്ലാം രാഷ്ട്രീയമാണ്,' 'സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ഒരു പൊതുപ്രശ്നമാണ്, സാമൂഹ്യപ്രശ്നമാണ്, രാഷ്ട്രീയപ്രശ്നമാണ്' തുടങ്ങിയ മുദ്രാവാക്യങ്ങൾ ശക്തമായ വൈദ്യുതി തരംഗങ്ങൾ സൃഷ്ടിച്ചു. കുടുംബം തകർക്കാനും ലൈംഗിക അരാജകത്വത്തിനും വേണ്ടി കുറച്ചു സ്ത്രീകൾ ഒരുമ്പെട്ടിറങ്ങിയിരിക്കുകയാണ് എന്ന മട്ടിലാണ് ഈ പ്രസ്ഥാനം സ്വീകരിക്കപ്പെട്ടത്. സ്ത്രീകൾക്കെതിരായ അതിക്രമങ്ങളെക്കുറിച്ച് പറയുമ്പോൾ പുരുഷാധികാരത്തെ, ആൺകോയ്മയെ ചോദ്യം ചെയ്യുന്നുവെന്നതും, അടിമസമാനമായ കുടുംബബന്ധങ്ങളെ മാറ്റിമറയ്ക്കേണ്ടതുണ്ടെന്ന തിരിച്ചറിവുണ്ടാക്കാൻ ശ്രമിക്കുന്നുവെന്നതുമായിരുന്നു അവർക്കുമേലുള്ള കുറ്റാരോപണങ്ങൾ.

അടിസ്ഥാനവർഗ്ഗങ്ങൾക്ക് വേണ്ടി നിലകൊള്ളുന്നുവെന്ന് അവകാശപ്പെടുന്ന ഇടതുപക്ഷപ്രസ്ഥാനങ്ങൾ പോലും ഈ പ്രവർത്തനങ്ങളെ സംശയദൃഷ്ടിയോടെയാണ് സമീപിച്ചത്. ഇതിനൊരു പ്രധാനകാരണം ഇടതുപക്ഷസ്ത്രീസംഘടനകളെയാണ് ഈ ആശയങ്ങൾ ഏറെ ആകർഷിച്ചത് എന്നതത്രേ. തങ്ങളുടെ സംഘടനാചട്ടക്കൂടുകളിലുള്ള സ്ത്രീകൾ അസുഖകരമായ ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങുമ്പോൾ തങ്ങളുടെ അധികാരവ്യവസ്ഥയ്ക്ക് അത് ഭീഷണി ഉയർത്തുകയാണെന്ന് അവർ മനസ്സിലാക്കി. ജനാധിപത്യം, സോഷ്യലിസം, തുല്യഅവകാശങ്ങൾ തുടങ്ങിയ മുദ്രാവാക്യങ്ങൾ, ജനസംഖ്യയിൽ പകുതിയോളം വരുന്ന സ്ത്രീകൾക്ക് ബാധകമാകുമ്പോൾ അതനുവദിക്കുക അവരെ സംബന്ധിച്ചെടത്തോളം അത്രയെളുപ്പമായിരുന്നില്ല. നൂറ്റാണ്ടുകളായുള്ള പാരമ്പര്യങ്ങളിലൂടെ വാർത്തെടുക്കപ്പെട്ട സമൂഹം ഇത്തരം ചോദ്യം ചെയ്യലുകളെ ശക്തിയുക്തം എതിർത്തു. ഇന്ന് ശബരിമലയിലെ സ്ത്രീപ്രവേശത്തെക്കുറിച്ച് പാരമ്പര്യത്തിൽ മുറുകെ പിടിച്ചുകൊണ്ടുള്ള ഹിന്ദുത്വശക്തികളുടെ എതിർപ്പുപോലെയോ അതിനേക്കാൾ ഭീകരമോ ആയിരുന്നു

അന്നത്തെ പൊതു അവസ്ഥ.

1990ലെ സ്ത്രീവിമോചനപ്രസ്ഥാനങ്ങളുടെ നാലാം ദേശീയ സമ്മേളനത്തിന്റെ അനുഭവവും മറ്റൊന്നായിരുന്നില്ല. അംഗസംഖ്യയിൽ ചെറുതെങ്കിലും നിലവിലുള്ള അധികാരഘടനയ്ക്ക് അസ്വസ്ഥതകളുണ്ടാക്കാൻ തന്റേടം കാട്ടിയ ഈ ഗ്രൂപ്പുകളെ ഒറ്റപ്പെടുത്താനും ആരോപണങ്ങൾ ഉന്നയിച്ച് ഇല്ലാതാക്കാനും നടന്ന ചരിത്രമാണ് ഈ സമ്മേളനത്തിനുള്ളത്. സമ്മേളനം പ്രതീക്ഷിച്ചതിനേക്കാൾ വിജയകരമായി നടത്താൻ കഴിഞ്ഞുവെങ്കിലും ഈ ഗ്രൂപ്പുകൾ ഓരോന്നായി പല കാരണങ്ങളാൽ പിന്നീട് പ്രവർത്തനരഹിതമായി. അതേ സമയം തുടർന്ന് നമ്മൾ കാണുന്നത് ശാസ്ത്രസാഹിത്യ പരിഷത്ത് പോലുള്ള പ്രസ്ഥാനങ്ങൾ സ്ത്രീകൾക്ക് എതിരായ അതിക്രമങ്ങളെ ഗൗരവത്തിലെടുക്കാൻ തുടങ്ങിയെന്നാണ്. പിന്നീട് 1995ൽ ഏറ്റവും വലിയ ഇടതുപക്ഷ കക്ഷിയായ സി.പി.എമ്മിന്റെ പരമോന്നത നേതാവ് ഇ.എം.എസ്, പുരുഷാധിപത്യമെന്ന ഒരു വ്യവസ്ഥിതി സമൂഹത്തിൽ നിലനിൽക്കുന്നുണ്ടെന്നും സ്ത്രീകൾക്ക് സവിശേഷമായ ചില പ്രശ്നങ്ങളുണ്ടെന്നും കേരളപഠനകോൺഗ്രസ്സിൽ വെച്ച് പ്രഖ്യാപിച്ചു. അങ്ങനെ വളരെ പതുക്കെയെങ്കിലും മുഖ്യധാരാരാഷ്ട്രീയത്തിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ഗൗരവത്തിലെടുക്കപ്പെടുന്ന ഒരു വിഷയമായി.

അതിനുശേഷം വർഷങ്ങൾ ഒരുപാട് കഴിഞ്ഞു. സമൂഹത്തിൽ ഒരുപാട് മാറ്റങ്ങൾ ഉണ്ടായി. സ്ത്രീപീഡനങ്ങൾ കൈകാര്യം ചെയ്യാൻ സർക്കാരിൽ പുതിയസംവിധാനങ്ങൾ വന്നു. വനിതാകമ്മീഷൻ, കുടുംബകോടതി, പോലീസ് വനിതാസെൽ, പഞ്ചായത്തുകൾ തോറും ജാഗ്രതാസമിതികൾ, ജില്ലാ ആശുപത്രികളിൽ ലിംഗാടിസ്ഥാനത്തിലുള്ള അക്രമം കൈകാര്യം ചെയ്യാൻ ഭൂമികാസെന്ററുകൾ എന്നിങ്ങനെ പോകുന്നു ആ ലിസ്റ്റ്. പുതിയനിയമങ്ങൾ വന്നു. സ്ത്രീപീഡനങ്ങൾ കൈകാര്യം ചെയ്യാനുള്ള 498(എ), 304 (ബി) തുടങ്ങിയ വകുപ്പുകൾ കൂടാതെ ബലാത്സംഗനിയമം പരിഷ്ക്കരിക്കപ്പെട്ടു. ഗാർഹികപീഡനങ്ങൾ കൈകാര്യം ചെയ്യാനുള്ള ഗാർഹികപീഡന നിരോധന നിയമം 2005 ഉം, കുട്ടികൾക്കെതിരായ ലൈംഗിക അതിക്രമങ്ങൾ തടയാൻ ലൈംഗിക അതിക്രമങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കാനുള്ള നിയമം 2012 ഉം തുടർന്ന് ഡൽഹിയിലെ നിർഭയസംഭവത്തിനു ശേഷം ക്രിമിനൽ അമെന്റ്മെന്റ് നിയമം 2013ഉം തൊഴിലിടങ്ങളിലെ ലൈംഗിക അതിക്രമങ്ങൾ തടയാൻ 2013ൽ മറ്റൊരു നിയമവും വന്നു.

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയാനും സ്ത്രീഅവകാശങ്ങൾ സംരക്ഷിക്കാനും സൃഷ്ടിക്കപ്പെട്ട നിയമങ്ങൾ–സ്ത്രീപ്രസ്ഥാനങ്ങളുടെ വർഷങ്ങളായുള്ള പോരാട്ടങ്ങളുടെയും ശ്രമങ്ങളുടെയും ഫലമായുണ്ടായ നിയമങ്ങളാണ് ഇവയെല്ലാം– നടപ്പിലാക്കാനുള്ള 'യന്ത്ര'ങ്ങൾ– പോലീസ്, ജുഡീഷ്യറി, മറ്റ് സർക്കാർ സംവിധാനങ്ങൾ എല്ലാം തന്നെ നൂറ്റാണ്ടുകളായുള്ള പുരുഷാധിപത്യമൂല്യങ്ങളെ, സംസ്ക്കാരങ്ങളെ ഇന്നും പിൻതുടരുന്ന അനുഭവമാണ് നമുക്കുള്ളത്. മാത്രമല്ല, പണവും സ്വാധീനവുമുണ്ടെങ്കിൽ ഏത് വിധേനയും ഒരു കേസിന്റെ ഗതിയെ ഏതു ക്രിമിനലിനും നിയന്ത്രിക്കാനാവുമെന്ന അവസ്ഥയും നിലനിൽക്കുന്നു. അതുകൊണ്ടു തന്നെ അങ്ങേയറ്റം പീഡനാത്മകമായ നമ്മുടെ നാട്ടിലെ ലൈംഗിക 'വാണിഭ'ക്കേസുകളായ സൂര്യനെല്ലി, വിതുര, ഐസ്ക്രീംപാർലർ, കിളിരൂർ–കവിയൂർ, തോപ്പുംപടി, പൂവരണി തുടങ്ങിയ കേസുകളിൽ ഇന്നും ഇരകളായ പെൺകുട്ടികൾക്ക് നീതി ലഭിച്ചിട്ടില്ല. പ്രതികളാണെങ്കിൽ കേസ് തുടങ്ങിയ കാലം മുതൽ അതുവരെ നയിച്ചിരുന്ന ജീവിതം അതേപടിയോ അതിനേക്കാൾ ഭംഗിയായോ തുടരുന്നതും, അതേ സമയം പീഡിപ്പിക്കപ്പെട്ട പെൺകുട്ടികൾ തുടക്കത്തിൽ സ്ത്രീസംഘടനകളുടെ സംരക്ഷണത്തിലും ഏതാനും വർഷങ്ങളായി സർക്കാർ ഹോമുകളിലുമായി കഴിയുന്നു. കേസുകളുടെ തെളിവുകൾ അതിവിദഗ്ദമായി ഇല്ലാതാക്കുന്നതിൽ ഉന്നത രാഷ്ട്രീയനേതാക്കൾ തൊട്ട് താഴേക്കിടയിലുള്ള പോലീസുകാർ പോലും പങ്കുവഹിക്കുന്നു. ***പ്രതികളാണോ ഇരകളാണോ കൂട്ടിലടയ്ക്കപ്പെടേണ്ടത് എന്നത് ഇവിടെ പ്രസക്തമായ ചോദ്യമാണ്.***

ഗാർഹികപീഡനങ്ങൾ തടയാനുള്ള നിയമം വന്നപ്പോൾ അതിന് ആവേശകരമായ പ്രതികരണമാണ് കേരളത്തിൽ ഉടനീളം ഉണ്ടായത്. അന്നുവരെ ഗാർഹികപീഡനങ്ങൾ എന്നൊരു കുറ്റമുണ്ടെന്ന് ഇന്ത്യൻ നിയമവ്യവസ്ഥ അംഗീകരിച്ചിരുന്നില്ല. ഈ നിയമം വന്നപ്പോൾ വീടുകൾക്കുള്ളിൽ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ സർക്കാരിന്റേയും കോടതിയുടെയും ഭാഗത്തു നിന്ന് സംരക്ഷണം കിട്ടുമെന്ന് സ്ത്രീകൾ പ്രതീ

ക്ഷിച്ചു. ശക്തമായ ഈ നിയമം കോടതികൾ നടപ്പിലാക്കുന്നത് വളരെ അലംഭാവത്തോടു കൂടിയാണ് എന്നതാണ് ഇത്രയും കാലത്തെ അനുഭവം. സ്ത്രീധനപീഡനങ്ങൾ കൈകാര്യം ചെയ്യാനുള്ള 498(എ) എന്ന നിയമം സ്ത്രീകൾ ദുരുപയോഗം ചെയ്യുന്നുവെന്നാണ് ഇന്ന് കേന്ദ്രസർക്കാർ നിലപാടെടുത്തിരിക്കുന്നത്. സ്ത്രീകൾക്ക് ചുരുങ്ങിയ നിലയിലെങ്കിലും അവകാശങ്ങൾ ഉറപ്പുവരുത്താൻ സൃഷ്ടിക്കപ്പെട്ട ഈ നിയമങ്ങൾ ഇന്ന് ഏത് നിമിഷവും അട്ടിമറിക്കപ്പെടുമെന്ന ഭീഷണിയിലാണ്.

ഇന്ത്യ ഗാട്ട് കരാർ ഒപ്പിട്ട നാൾ മുതൽ ഇന്ത്യൻ ഭരണകൂടവും സമ്പദ്‌വ്യവസ്ഥയും അമേരിക്കൻ നേതൃത്വത്തിലുള്ള ഏകലോക ക്രമത്തിന്റെ ഭാഗമായി പൂർണ്ണമായും സാമ്രാജ്യത്വത്തിന്റെ സാമ്പത്തിക, രാഷ്ട്രീയതാല്പര്യങ്ങൾക്ക് കീഴ്പ്പെട്ടു കഴിഞ്ഞിരിക്കുന്നു. അതിന്റെ ഭാഗമായി കേരളത്തിൽ നടപ്പിലാക്കപ്പെട്ട വികസന പരിപ്രേക്ഷ്യം അടിസ്ഥാനപരമായി ജനവിരുദ്ധമാണ്. കേരളത്തെ ഒരു ടൂറിസ്റ്റ് പ്രദേശമാക്കി മാറ്റാനുള്ള അതിന്റെ തീരുമാനമാണ് ലൈംഗിക'വാണിഭ' മാഫിയകളുടെ വളർച്ചയ്ക്ക് സാഹചര്യമൊരുക്കിയത്. ഈ മാഫിയക്ക് ഭരണത്തിന്റെ ഉന്നതതലങ്ങളിൽ പോലും ശക്തമായ സ്വാധീനമുണ്ട്.

നിയമങ്ങൾ നടപ്പിലാക്കേണ്ട സംവിധാനങ്ങളാണെങ്കിൽ ഇന്നും പുരുഷപക്ഷപാതപരമായ നിലപാടെടുക്കുന്നു. മാത്രമല്ല, രാഷ്ട്രീയനേതൃത്വവും പോലീസും ജൂഡീഷ്യറിയും എല്ലാം തന്നെ അഴിമതിയുടെ അർബുദബാധയേറ്റ് ജീർണ്ണിച്ച് കഴിഞ്ഞിരിക്കുന്നു. ജനാധിപത്യവും മതേതരത്വവും ഇന്ന് വെറും പൊള്ളയായ മുദ്രാവാക്യങ്ങൾ മാത്രമാണ്. അതുകൊണ്ടുതന്നെ മതമേധാവികളോട് –ഹിന്ദുവിന്റേതായാലും മുസ്ലിമിന്റേതായാലും ക്രിസ്ത്യാനിയുടേതായാലും വിട്ടുവീഴ്ചകൾ ചെയ്യേണ്ടത് മുഖ്യധാരാ രാഷ്ട്രീയപാർട്ടികൾക്ക് ഒഴിച്ചുകൂടാനാവാത്ത ഒരു രീതിയായിക്കഴിഞ്ഞിരിക്കുന്നു. മതവർഗ്ഗീയതകൾ ശക്തിപ്പെടുന്നതിന് കാരണങ്ങൾ വേറെയുമുണ്ട്. കേന്ദ്രസർക്കാർ ഇന്ന് ഭരിക്കുന്നത് ഗുജറാത്തിൽ അതിക്രൂരമായ വംശഹത്യാസംഭവങ്ങൾക്ക് ചുക്കാൻ പിടിച്ച സംഘപരിവാർ നേതാവായ നരേന്ദ്ര മോഡിയാണെന്നത് ഇന്ത്യ മുഴുവനും ഹിന്ദുത്വ ഫാഷിസ്റ്റ് ശക്തികൾക്ക് ശക്തി പകർന്നിരിക്കുന്നു. അങ്ങനെയാണ് സദാചാരത്തിന്റെ വാളോങ്ങിക്കൊണ്ട് യുവജനങ്ങളെ അടിച്ചൊതുക്കാൻ ഹനുമാൻസേനയും ശിവസേനയും ആർ.എസ്സ്.എസ്സും മറ്റും ചങ്കൂറ്റം കാണിക്കുന്നത്. കേരളത്തിലെ കാമ്പസ്സുകളിലെ ലിംഗനീതിയുടെ പ്രശ്നം, മറ്റൊരു വാക്കിൽ പറഞ്ഞാൽ പെൺകുട്ടികൾ നേരിടുന്ന കടുത്ത വിവേചനത്തിന്റെ പ്രശ്നങ്ങൾ എല്ലാം സൃഷ്ടിക്കപ്പെടുന്നത് ഇത്തരം മതവർഗ്ഗീയതകളുടെ 'സദാചാര'ത്തിന്റെ കപടമുഖം ധരിച്ചുള്ള ഇടപെടൽ കൊണ്ടാണെന്ന് പറയേണ്ടതുണ്ട്. സ്ത്രീപീഡനങ്ങൾ പഴയതുപോലെ നിലനിൽക്കുന്നു, അതോടൊപ്പം സാഹചര്യങ്ങൾ മുകളിൽ കൊടുത്ത കാര്യങ്ങളാൽ ഒന്നുകൂടി സങ്കീർണ്ണമാക്കപ്പെട്ടിരിക്കുന്നു.

സാഹചര്യങ്ങൾ പുതിയതരം വെല്ലുവിളികളാണ് നമുക്ക് മുന്നിൽ നിരത്തിയിരിക്കുന്നത്. ഈ വെല്ലുവിളികൾ നേരിടാൻ കെല്പുള്ളവരായി സ്ത്രീപ്രവർത്തകർ മാറേണ്ടതുണ്ട്. മാത്രമല്ല, ഇത് സ്ത്രീകളുടെ മാത്രം പ്രശ്നമല്ലെന്നും സമൂഹം അത് പൊതുപ്രശ്നമായി ഏറ്റെടുത്ത് പരിഹരിക്കാൻ വിവിധ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതുണ്ടെന്നുമാണ് എനിക്ക് പറയാനുള്ളത്. ഇതിൽ ഏറ്റവും പ്രധാനം പൊതുസമൂഹത്തിന്റെ മനോഗതി (mindset) സ്ത്രീപുരുഷ ബന്ധങ്ങളെ ജനാധിപത്യപരമാക്കുകയെന്ന ശ്രമകരമായ ഉത്തരവാദിത്വം ഏറ്റെടുക്കാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുകയെന്നതാണ്. ഒപ്പം ഭരണകൂട സംവിധാനങ്ങൾ മൗലികമായി ലിംഗനീതി ഉറപ്പുവരുത്തുന്നതായി പുനർനിർമ്മിക്കപ്പെടേണ്ടതുണ്ട്. ഈ അവസ്ഥയിൽ അന്വേഷിയെന്ന ഒരു ഇടം വഹിക്കുന്ന പങ്ക് മർമ്മപ്രധാനമാണ്. ഇത്തരം ഒരു കേന്ദ്രമുള്ളത് മറ്റെല്ലാ സ്ത്രീപക്ഷപ്രവർത്തനങ്ങൾക്കും ആക്കം കൂട്ടാനുള്ള രാസത്വരകമായി (catalyst)വർത്തിക്കുന്നു. ചരിത്രത്തിന്റെ, കാലത്തിന്റെ ആവശ്യമായാണ് ഇന്നും അന്വേഷി നിലനിൽക്കുന്നത്. പൂർവ്വാധികം കരുത്തോടെ അന്വേഷി അതിന്റെ ജൈത്രയാത്ര തുടരുന്നു...






കവർസ്റ്റോറി
പുനഃപ്രസിദ്ധീകരണം

സാവിത്രി കെ.കെ.

# അന്വേഷി –ഒരല്പം ചരിത്രം

**സ്ത്രീകൾക്കുനേരെ സമൂഹത്തിലും കുടുംബത്തിലും നിരന്തരം നടന്നുകൊണ്ടിരുന്ന വിവേചനങ്ങളും ചൂഷണങ്ങളും പീഡനങ്ങളും മുഖ്യധാരാരാഷ്ട്രീയത്തിന്റെ മണ്ഡലത്തിലേക്ക് കൊണ്ടുവന്നതിൽ ഈ പ്രസ്ഥാനം നിർണ്ണായകമായ പങ്കുവഹിച്ചു.**

ആഗോളതലത്തിൽ അമേരിക്കയുടെ വിയറ്റ്നാംയുദ്ധത്തിനെതിരായ ലോകജനകീയമുന്നേറ്റങ്ങൾ നടന്നകാലത്ത്, യൂറോപ്പിലെ വിദ്യാർത്ഥിപ്രക്ഷോഭങ്ങളുടെ ഫലമായുണ്ടായ പുത്തൻ ഇടതുപക്ഷപ്രസ്ഥാനത്തിൽ സജീവമായി പ്രവർത്തിച്ചിരുന്ന സ്ത്രീപ്രവർത്തകരാണ് ആധുനികഫെമിനിസ്റ്റ് പ്രസ്ഥാനത്തിന് തുടക്കമിട്ടത്. അതിന്റെ അലയൊലികൾ ഇന്ത്യയിലുമുണ്ടായി. 1975 വനിതാവർഷമായും 1975 മുതൽ 1985 വരെ വനിതാദശകമായും ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ച പശ്ചാത്തലത്തിൽ ഇന്ത്യയിലെ വൻനഗരങ്ങൾ കേന്ദ്രമാക്കി സ്ത്രീവിമോചനഗ്രൂപ്പുകൾ പ്രവർത്തനമാരംഭിച്ചു. സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ ഒരു രാഷ്ട്രീയപ്രശ്നമായി ഉന്നയിക്കപ്പെട്ടതും അക്കാലത്താണ്. ഇന്ത്യയിലെ വിവിധ ഇടതുപക്ഷപ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ചിരുന്ന സ്ത്രീകൾ തന്നെയാണ് സ്വതന്ത്രസ്ത്രീവിമോചനപ്രസ്ഥാനത്തിനും മുൻകൈയെടുത്തത്. നിർണ്ണായകമായ നയതീരുമാനങ്ങളെടുക്കുന്ന പ്രക്രിയകളിൽ നിന്ന് ഇടതുപക്ഷവും സ്ത്രീകളെ മാറ്റിനിർത്തുന്നുവെന്ന തിക്തമായ അനുഭവമാണ് ഇതിന് അവർക്ക് പ്രേരകമായത്. ബലാത്സംഗം, സ്ത്രീധനമരണങ്ങൾ തുടങ്ങിയ ലൈംഗികാതിക്രമപ്രശ്നങ്ങൾ ഏറ്റെടുത്തുകൊണ്ട് സ്ത്രീപുരുഷന്മാർ തമ്മിലുള്ള അസമമായ അധികാരബന്ധങ്ങളുടെ അടിസ്ഥാനത്തിൽ നൂറ്റാണ്ടുകളായി നിലനിൽക്കുന്ന പുരുഷാധിപത്യവ്യവസ്ഥിതിയാണ് ഇത്തരം അക്രമങ്ങളുടെ യഥാർത്ഥകാരണമെന്ന് ചൂണ്ടിക്കാട്ടുന്ന ചരിത്രദൗത്യം നിർവ്വഹിച്ചത് ഈ പ്രസ്ഥാനമാണ്.

കേരളത്തിൽ 1980കളുടെ അവസാനത്തിൽ സ്ത്രീവിമോചന ഗ്രൂപ്പുകൾ രൂപംകൊണ്ടു. സ്ത്രീകൾക്കുനേരെ സമൂഹത്തിലും കുടുംബത്തിലും നിരന്തരം നടന്നുകൊണ്ടിരുന്ന വിവേചനങ്ങളും ചൂഷണങ്ങളും പീഡനങ്ങളും മുഖ്യധാരാരാഷ്ട്രീയത്തിന്റെ മണ്ഡലത്തിലേക്ക് കൊണ്ടുവന്നതിൽ ഈ പ്രസ്ഥാനം നിർണ്ണായകമായ പങ്കുവഹിച്ചു. ഇത്തരം അതിക്രമങ്ങൾക്ക് കാരണം മത

ങ്ങളും സാമൂഹ്യവ്യവസ്ഥിതിയും രാഷ്ട്രീയ-സാംസ്കാരിക-സാഹിത്യലോകവും മറ്റും സ്വാഭാവികമെന്നോണം വെച്ചുപുലർത്തുന്ന പുരുഷാധിപത്യമൂല്യങ്ങളാണെന്ന് ഇവർ തുറന്നുകാട്ടി. 'വ്യക്തിപരമായതെല്ലാം രാഷ്ട്രീയമാണ്' 'സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ സ്വകാര്യപ്രശ്നമല്ല, പൊതുപ്രശ്നമാണ്, സാമൂഹ്യവും രാഷ്ട്രീയവുമായ പ്രശ്നമാണ്' എന്നവർ ഉറക്കെ പ്രഖ്യാപിച്ചു.

അന്ന് കോഴിക്കോട്ട് രൂപം കൊണ്ട ഗ്രൂപ്പാണ് 'ബോധന'. ഏതാണ്ട് മൂന്നുവർഷങ്ങൾ മാത്രമേ ഈ ഗ്രൂപ്പ് നിലനിന്നുള്ളൂവെങ്കിലും കേരളത്തിൽ അക്കാലത്ത് രൂപീകരിക്കപ്പെട്ട മാനുഷി, പ്രചോദന, ചേതന, പ്രബുദ്ധത തുടങ്ങിയ ഗ്രൂപ്പുകളോടൊപ്പം അങ്ങേയറ്റം ചലനാത്മകമായ, സമൂഹമനസ്സാക്ഷി പിടിച്ചുലക്കുന്നതുപോലുള്ള പ്രവർത്തനങ്ങൾ കാഴ്ചവെക്കാനും സ്ത്രീപ്രശ്നങ്ങളോട് അക്കാലം വരെ സമൂഹം പുലർത്തിയ ഗൂഢാലോചനാപരമായ മൗനത്തെ ഭേദിക്കാനും ഈ പ്രസ്ഥാനത്തിന് ഒരു പരിധി വരെ കഴിഞ്ഞു. 1990 ഡിസംബറിൽ കോഴിക്കോട്ട് വെച്ചു നടന്ന സ്ത്രീവിമോചന പ്രസ്ഥാനങ്ങളുടെ നാലാം ദേശീയസമ്മേളനം ഈ പ്രവർത്തനങ്ങളുടെ അനന്തരഫലമായിരുന്നു. സമ്മേളനം കഴിഞ്ഞതോടെ ഈ ഗ്രൂപ്പുകൾ ഏറെക്കുറെ ഇല്ലാതായെങ്കിലും പുതിയ രൂപഭാവങ്ങളോടെ പ്രസ്ഥാനം പുനരുജ്ജീവിക്കപ്പെട്ടുവെന്നതാണ് ചരിത്രം.

ഇത്രയുമാണ് അന്വേഷിയുടേയും കേരളസ്ത്രീവേദിയുടേയും ചരിത്രപശ്ചാത്തലം.

സമ്മേളനത്തിനു ശേഷം കോഴിക്കോട് തൊണ്ടയാട് പ്രദേശത്ത് പ്രവർത്തിച്ച നവോദയ മഹിളാസമാജം ടൗണിൽ സി.എച്ച് ഫ്ളൈഓവറിനു കീഴിൽ കോർപ്പറേഷൻ ഉടമസ്ഥതയിലുള്ള ഒരു കടയിൽ ഒരു തയ്യൽയൂണിറ്റ് നടത്തിയിരുന്നു. അവിടെ



നിന്നാണ് അന്വേഷി എന്ന സ്ത്രീസംഘടന രൂപംകൊണ്ടത്. തൊട്ടടുത്ത ഹോട്ടലിലെ ഒരു ടേബിളിനുചുറ്റുമിരുന്ന് ഒരുപാട് ദിവസങ്ങളായി നടത്തിയ സുദീർഘമായ ചർച്ചകൾക്കൊടുവിലാണ് ഇങ്ങനെയൊരു സംഘടന രജിസ്ട്രർ ചെയ്തുപ്രവർത്തിക്കാൻ ഞങ്ങൾ തീരുമാനിച്ചത്. പീഡനങ്ങൾക്ക് ഇരകളാകേണ്ടി വരുന്ന സ്ത്രീകൾക്ക് അവരുടെ പ്രശ്നങ്ങൾ തുറന്നുപറയാനും കരയാനും വേണ്ടി സ്വതന്ത്രമായൊരിടം വേണമെന്ന തിരിച്ചറിവാണ് ഇതിന്റെപുറകിൽ പ്രവർത്തിച്ചത്. അങ്ങിനെ ആക്ടിവിസ്റ്റുകളായ (അജിത, വിജി, ലളിത, സാവിത്രി, അമ്മുവേടത്തി) ഞങ്ങളുടെ നേതൃത്വത്തിൽ ദൈനംദിനം പ്രവർത്തിക്കുന്ന ഒരു സംഘടന 1993 നവംബർ 7ന് രജിസ്ട്രർചെയ്തു. അതിന് 11 അംഗകമ്മിറ്റിയുണ്ടായിരുന്നു. സ്ത്രീപ്രശ്നങ്ങളോട് റാഡിക്കലായി ഇടപെടലുകൾ നടത്തിയിരുന്ന ഞങ്ങൾക്ക് രജിസ്ട്രേഡ് സംഘടനകളുടെ പരിമിതികളെക്കുറിച്ച് ബോധ്യമുണ്ടായിരുന്നു. എന്നാൽ ഞങ്ങളുടെ അടുത്ത് പ്രശ്നങ്ങളുമായി വരുന്ന സ്ത്രീകളുടെ എണ്ണവും അവരുടെ പ്രശ്നങ്ങളിൽ നിരന്തരം ഇടപെടേണ്ടതുണ്ടെന്ന ബോധ്യവും അതുവരെ സ്ത്രീപീഡകരെ സാമൂഹ്യമായി ഒറ്റപ്പെടുത്തുക, ബഹിഷ്ക്കരിക്കുക തുടങ്ങിയ സമീപനത്തിൽ നിന്ന് വ്യത്യസ്തമായി

സ്ത്രീകളുടെ വേദനകളിൽ അവരോടൊപ്പം നിൽക്കുകയും, അവർക്ക് ആവശ്യമായ സേവനങ്ങൾ നൽകുകയെന്ന സമീപനത്തിന് ഊന്നൽകൊടുക്കുകയും ചെയ്യേണ്ടി വന്നു. ഇതു വ്യക്തിപരമായി സ്ത്രീകളോട് ഏറെ ഉത്തരവാദിത്വം പുലർത്തുന്നതും, പ്രശ്നങ്ങളെ നേരിടാൻ അവർക്കുതന്നെ ആത്മവിശ്വാസവും ധൈര്യവും നൽകുന്നതുമായ ഒരു സമീപനമാണ്. രണ്ടു വർഷങ്ങൾക്കുശേഷം 1995ലാണ് മൂകബധിരരുടെ ഒരു സംഘടന നഗരത്തിൽ നടത്തിയ ഒരു തയ്യൽ യൂണിറ്റിനുള്ളിലുള്ള ഒരു ചെറിയ മുറി അന്വേഷിയുടെ ആസ്ഥാനമായി കിട്ടിയത്. അത് വളരെയേറെ ആശ്വാസമായി. ഒരു ബെഞ്ചും ഒരു മേശയും രണ്ടുകസേരകളും മാത്രമായിരുന്നു അവിടെ ഉണ്ടായിരുന്നത്. ആ ഒറ്റമുറി സ്ത്രീകൾക്ക് ഒരത്താണിയായി മാറി. കൗൺസലിംഗും സ്ഥലത്തുപോയി അന്വേഷണവുമെല്ലാം ഞങ്ങൾ കമ്മിറ്റിഅംഗങ്ങൾ തന്നെ ചെയ്തു. സംഭാവനയായി കിട്ടിയ ഒരു ചെറിയ ഷെൽഫിൽ 1995ൽ ആ മുറിയിൽ തന്നെ സ്ത്രീകൾക്കായുള്ള ലൈബ്രേറിയും ആരംഭിച്ചു. ഈ ലൈബ്രേറി ഉദ്ഘാടനം ചെയ്തത് പ്രൊഫ.സാറാജോസഫാണ്. രാവിലെ 10 മണി മുതൽ വൈകീട്ട് 5 മണി വരെ പ്രവർത്തിച്ചിരുന്ന ആ ഓഫീസിൽ ധാരാളം സ്ത്രീകൾ അവരുടെ പ്രശ്നങ്ങളുമായി വരാൻ




തുടങ്ങി. ഗാർഹികപീഡനങ്ങൾക്ക് വിധേയരാവുന്നവരായിരുന്നു അവരിലേറെയും. എതിർകക്ഷി താമസിക്കുന്ന വീട്ടിലും ചുറ്റുപാടും പോയി അന്വേഷണം നടത്തിക്കൊണ്ട് പീഡനത്തിനിരയായ സ്ത്രീ ഒറ്റക്കല്ലെന്നും ഒരു കൂട്ടം സ്ത്രീകൾ അവരോടൊപ്പമുണ്ടെന്നുമുള്ള ധാരണ സൃഷ്ടിക്കാനുമുള്ള പ്രവർത്തനങ്ങൾ അന്വേഷി ഏറ്റെടുത്തു. എതിർകക്ഷിയെ സമീപിച്ച് കൗൺസലിംഗിനെത്തണമെന്ന് ഞങ്ങൾ നേരിട്ട് അറിയിക്കുമായിരുന്നു. അന്ന് ശാസ്ത്രീയരീതിയിലുള്ള കൗൺസലിംഗൊന്നും വശമുണ്ടായിരുന്നില്ല. അവരുടെ പ്രശ്നങ്ങൾ കേൾക്കുക എന്നതുതന്നെ സ്ത്രീകൾക്ക് വളരെ ആശ്വാസമായിരുന്നു. നടുറോഡിലിട്ട് ഭാര്യയെ അടിച്ച ഭർത്താവിനെ തടഞ്ഞുവെച്ച് ആ നിമിഷം തന്നെ പോലീസിനെക്കൊണ്ട് അറസ്റ്റ് ചെയ്യിപ്പിച്ച് ലോക്കപ്പിലിട്ടപോലുള്ള ഇടപെടലുകൾ അന്വേഷി അക്കാലത്ത് നടത്തിയിരുന്നു. മാത്രമല്ല, കോഴിക്കോട് നടന്ന എല്ലാ സാമൂഹിക-സാംസ്കാരികപ്രവർത്തനങ്ങളിലും അന്വേഷി പങ്കെടുക്കുകയും ചെയ്തു.

ഓഫീസിലെത്തുന്ന പ്രവർത്തകരുടേയും പ്രശ്നങ്ങളുമായെത്തുന്ന സ്ത്രീകളുടേയും എണ്ണം വർദ്ധിച്ചപ്പോൾ സ്വന്തമായി ടോയ്‌ലറ്റ് സൗകര്യങ്ങളൊക്കെയുള്ള ഒരോഫീസ് ആവശ്യമാണെന്ന് ഞങ്ങൾക്ക് അനുഭവപ്പെട്ടു. അങ്ങിനെ സുമനസ്സുകളായ ചില വ്യക്തികളിൽ നിന്ന് സംഭാവന പിരിച്ച് കോഴിക്കോട്ട് കളിപ്പൊയ്കക്കടുത്ത് ഒരു ലൈൻവീട് വാടകക്കെടുത്ത് 1997ൽ ഞങ്ങൾ അങ്ങോട്ടുമാറി.

## ഐസ്ക്രീംപാർലർ കേസ്

പുതിയ ഓഫീസ് തുറന്ന് ഏതാനും മാസങ്ങൾക്കുള്ളിലാണ് റമീള സുഖ്ദേവ് എന്നുപേരുള്ള ഒരു സ്ത്രീ മുഖാന്തിരം ഞങ്ങൾക്ക് ആർ.കെ.എസ് ഐസ്ക്രീം പാർലർ വഴി നടന്നുകൊണ്ടിരുന്ന അതിനീചമായ ലൈംഗികകച്ചവടത്തെക്കുറിച്ചുള്ള റിപ്പോർട്ടുകൾ കിട്ടിയത്. രാഷ്ട്രീയത്തിലെ ഉന്നതരുടെ ശക്തമായ പിൻബലമുള്ള ഈ റാക്കറ്റ് ഇല്ലാതാക്കേണ്ടത് അന്വേഷിയുടെ ഉത്തരാവിദിത്വമായി ഏറ്റെടുത്തുകൊണ്ട് ഞങ്ങൾ ഈ കേസിലേക്ക് മുൻപിൻ നോക്കാതെ കൂപ്പുകുത്തി- അന്നത്തെ കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർ നീരാറാവത്തിന്റെ സഹായസഹകരണങ്ങളോടെ ഏറ്റെടുത്ത ആ കേസാണ് പിന്നീട് അഖിലേന്ത്യാ കുപ്രസിദ്ധി നേടിയ ഐസ്ക്രീം പാർലർ കേസ് എന്ന് അറിയപ്പെട്ടത്. ചെറുപ്രായത്തിലുള്ള പെൺകുട്ടികളെ ചതിക്കുഴിയിൽ അകപ്പെടുത്തുന്ന ഇങ്ങനെയൊരു അധോലോകറാക്കറ്റ് കോഴിക്കോട്ട് പ്രവർത്തിക്കുന്നവെന്ന വാർത്ത സമൂഹത്തിൽ വലിയ ഞെട്ടലും ചലനങ്ങളുമുണ്ടാക്കി. സൂര്യനെല്ലിക്കേസ്സിന്റെ വാർത്തകൾ ഇതിനുമുമ്പുതന്നെ പുറത്തുവന്നിരുന്നു. കേരളത്തിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരെ ആരംഭിച്ചിരുന്ന പുതിയ രൂപഭാവങ്ങളോടെയുള്ള ഇത്തരം പീഡനങ്ങൾ ഒരു മുഖ്യധാരാപ്രശ്നമായി മാറിത്തുടങ്ങിയത് സൂര്യനെല്ലി മുതലാണ്. തുടർന്നുണ്ടായ വിതുരക്കു ശേഷം ഏറ്റവും ശ്രദ്ധയാകർഷിച്ചത് ഐസ്ക്രീംപാർലർ കേസ്സാണ്. ഇതിന്റെയൊരു പ്രത്യേകത, ഉയർന്ന രാഷ്ട്രീയനേതാക്കൾ ചുക്കാൻ പിടിക്കുന്ന ഈ സെക്സ്മാഫിയക്കുപിറകിൽ ലൈംഗിക കച്ചവട



താൽപര്യങ്ങൾ മാത്രമല്ല വൻ ക
ള്ളക്കടത്ത് ലോബിയും 'ബൊ
ഫോഴ്സി'നെ വെല്ലുന്ന (അന്ന
ത്തെ ഐ.ജി ജേക്കബ് പുന്നൂസി
ന്റെ വാക്കുകളിൽ) അഴിമതിക്കഥ
കളുമുണ്ടെന്നതായിരുന്നു. കേസി
നു വളരെയേറെ മാധ്യമശ്രദ്ധ ല
ഭിച്ചതുമുതൽ കക്ഷിരാഷ്ട്രീയ മ
തതാല്പര്യങ്ങൾക്കതീതമായി
സ്ത്രീ-പൗരാവകാശ-ജനകീയ
പ്രസ്ഥാനങ്ങളെല്ലാം ഒത്തുചേർ
ന്ന് ഈ സെക്സ്റാക്കറ്റ് മാഫിയ
ക്കെതിരെ അതിശക്തമായ പ്ര
ക്ഷോഭങ്ങൾ സംഘടിപ്പിച്ചു. ഇ
ത്തരം വാർത്തകൾ പുറത്തുവരു
ന്നതിനു മാസങ്ങൾക്കുമുമ്പ്, 1996
ഒക്ടോബറിൽ കോഴിക്കോട് വെ
ള്ളയിൽ റെയിൽവേസ്റ്റേഷൻ പ
രിസരത്തുവെച്ച് പരശുറാം എക്
സ്പ്രസ്സിനു തലവെച്ച് ആത്മഹ
ത്യചെയ്ത രണ്ട് എം.ഇ.എസ്
കോളേജ് വിദ്യാർത്ഥിനികളുടെ
പ്രശ്നവും ഇതോടൊപ്പം ഏറെ
ചർച്ച ചെയ്യപ്പെട്ടു. സുനൈന, നി
ബാന എന്നീ കുട്ടികൾ മേൽ
കൊടുത്ത സെക്സ്റാക്കറ്റിന്റെ
ചതിക്കുഴിയിൽ അബദ്ധവശാൽ
പെട്ടുപോയെന്നും അതിന്റെ അ
പമാനഭാരം താങ്ങാനാവാതെ
അവർ ആത്മഹത്യ ചെയ്തതാ
ണെന്നും ഇന്നും ജനങ്ങൾ കരു
തുന്നു. കോടതികളിൽ കേസ്
തെളിയുകയോ തെളിയാതിരിക്കു
കയോ ചെയ്യാം. പക്ഷേ ജനങ്ങ
ളുടെ മനസ്സിലുള്ള ഇത്തരം മുറി
പ്പാടുകൾ ഇല്ലാതാക്കുക അത്ര
എളുപ്പമല്ലെന്ന്  ചരിത്രം തെളി
യിക്കുന്നു.

അന്വേഷി ഈ കേസിനുവേ
ണ്ടി വർഷങ്ങളോളം നിയമപോ
രാട്ടങ്ങൾ നടത്തി. കീഴ്ക്കോടതി
മുതൽ സുപ്രീംകോടതി വരെ
നീതിക്കുവേണ്ടിയുള്ള ഇത്തരം
പോരാട്ടങ്ങളെല്ലാം രാഷ്ട്രീയാധി
കാരസ്ഥാനങ്ങളിലും പോലീസി
ലും ജുഡീഷ്യറിയിൽ പോലും പ
ണമെറിഞ്ഞ് സ്വാധീനിച്ച് ഉണ്ടാ
ക്കിയെടുത്ത കോടതിവിധികളി
ലൂടെ സാങ്കേതികമായി തോറ്റു
പോയി. തുടക്കത്തിൽ വൻതുക
പ്രതിഫലമായും പിന്നീട് വധഭീ
ഷണിയായും അതൊന്നും ഫലി
ക്കാഞ്ഞ് അപവാദപ്രചരണങ്ങളി
ലൂടെയും അന്വേഷിയുടെ നിശ്ച
യദാർഢ്യത്തെ ദുർബ്ബലമാക്കാൻ
നടത്തിയ എല്ലാശ്രമങ്ങളും പരാ
ജയപ്പെട്ടു. പോരാട്ടരംഗത്ത് ഉറ
ച്ചു നിന്നുകൊണ്ട് അന്വേഷി മു
മ്പെന്നത്തേക്കാളും ശക്തമായി
മുന്നോട്ടുപോകുന്നു. അങ്ങനെ
അതുവരെ കോഴിക്കോട് നഗര
ത്തിലും ചുറ്റുവട്ടത്തും മാത്രം അ
റിയപ്പെട്ടിരുന്ന അന്വേഷി സം
സ്ഥാനത്തിനകത്തുമാത്രമല്ല, ദേ
ശീയ തലത്തിലും പ്രസിദ്ധിനേടി
യ ഒരു സ്ത്രീസംഘടനയായി.

## കേരളസ്ത്രീവേദി

1996ലാണ് കേരളസ്ത്രീവേദി
യെന്ന സ്വതന്ത്രസ്ത്രീപ്രസ്ഥാന
ത്തിന്റെ ശൃംഖല രൂപംകൊണ്ടത്.
ചെറുസംഘടനകളായി അവരവ
രുടെ പ്രദേശങ്ങളിൽ പ്രവർത്തി
ക്കുമ്പോൾ സംസ്ഥാനത്തെയാ
കെ ബാധിക്കുന്ന പ്രശ്നങ്ങളേ
റ്റെടുക്കാൻ പരിമിതികളുണ്ടെന്ന്
തിരിച്ചറിഞ്ഞ് രൂപീകരിക്കപ്പെട്ട ഒ
രു പൊതുവേദിയാണ് സ്ത്രീവേ
ദി. സൂര്യനെല്ലി, വിതുര, ഐസ്
ക്രീംപാർലർ കേസുകളിൽ നീതി
ക്കുവേണ്ടിയുള്ള സംസ്ഥാനതല
ത്തിലുള്ള സമരങ്ങളും പ്രക്ഷോഭ
ങ്ങളുമേറ്റെടുത്ത് ശക്തമായ ചല
നങ്ങളുണ്ടാക്കിയ സ്ത്രീവേദി
യിൽ അന്വേഷി തുടക്കം മുതൽ
തന്നെ വളരെ സജീവമായി പ
ങ്കെടുത്തു. ഇന്നും ആ പങ്കാളി
ത്തം തുടരുന്നു.

## അന്വേഷിയുടെ രണ്ടാംഘട്ടം

ഇത്തരത്തിൽ വലിയ ഉത്തര
വാദിത്തങ്ങൾ ഏറ്റെടുത്ത അന്വേ
ഷിയുടെ പ്രവർത്തനങ്ങൾ 2000
ജനുവരിയോടെ പുതിയൊരു ഘ
ട്ടത്തിലേക്കു കടന്നു. അന്നുവരെ
പ്രവർത്തകരുടെ സ്വന്തംകയ്യിൽ
നിന്നുള്ള പണത്തേയും അല്ലറചി
ല്ലറ സംഭാവനകളേയും ആശ്രയി
ച്ച് ഇടപെട്ടുകൊണ്ടിരുന്ന അന്വേ
ഷി പ്രവർത്തനങ്ങൾക്ക് സർക്കാ
രിൽ നിന്നോ മറ്റു സാമ്പത്തിക
സ്രോതസ്സുകളിൽ നിന്നോ
ഗ്രാന്റുകൾ ആവശ്യമാണെന്ന് പ്ര
വർത്തിഭാരം കൂടിവരുന്തോറും
ഞങ്ങൾക്ക് ബോധ്യപ്പെട്ടു തുട
ങ്ങിയിരുന്നു. അത്തരം ഗ്രാന്റു
കൾക്കുവേണ്ടി അപേക്ഷിച്ചതി
ന്റെ ഫലമായി 2000 ജനുവരി
യിൽ യു.എൻ പോപ്പുലേഷൻ
ഫണ്ടിന്റെ (യു.എൻ.എഫ്.പി.എ)
ഗ്രാന്റ് ഞങ്ങൾക്കനുവദിച്ചു
കിട്ടി. ഈ ഗ്രാന്റ് കേന്ദ്ര-ആരോ
ഗ്യ-കുടുംബക്ഷേമവകുപ്പു വഴി
യാണ് ഞങ്ങൾക്കു ലഭിച്ചത്.
ഗ്രാന്റ് ലഭിച്ചതോടെ പ്രവർത്തന
ങ്ങൾ കുറേക്കൂടി മെച്ചപ്പെട്ട രീതി
യിൽ പുനഃസംഘടിപ്പിക്കാൻ ഞ
ങ്ങൾക്കു കഴിഞ്ഞു. മാത്രമല്ല വി
ദഗ്ദരായ കൗൺസലർമാരുടേ
യും വക്കീലന്മാരുടേയും അനുഭ
വസമ്പന്നരായ സാമൂഹ്യപ്രവർ
ത്തകരുടേയും സേവനം ഞങ്ങൾ
ക്കുറപ്പുവരുത്താൻ കഴിഞ്ഞു.



കോഴിക്കോട് നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളിൽ നിന്ന് ഉൾനാടൻ ഗ്രാമങ്ങളിലേക്ക് കടന്നുചെന്ന് നിയമസാക്ഷരതാക്ലാസ്സുകളും മറ്റും സംഘടിപ്പിച്ചു. യാതൊരുവിധ ബോധവത്ക്കരണപ്രവർത്തനങ്ങളും നടക്കാതിരുന്ന ആ ഗ്രാമങ്ങളിൽ നൂറുകണക്കിന് സ്ത്രീകളാണ് ഇവയിലെല്ലാം പങ്കെടുത്തത്. കൗൺസലിംഗ്, നിയമസഹായം തുടങ്ങിയസേവനങ്ങൾക്കു പുറമേ ഇത്തരത്തിലുള്ള സ്ത്രീശാക്തീകരണപ്രവർത്തനങ്ങളും കൂടി ഒത്തുചേർന്നപ്പോൾ കോഴിക്കോട് ജില്ലയിൽ ശക്തമായ ഒരു സ്ത്രീസാന്നിദ്ധ്യമായി അന്വേഷിമാറി. 2002ൽ ഒരു അന്താരാഷ്ട്രസ്ത്രീ ഫിലിംഫെസ്റ്റിവൽ അന്വേഷി നടത്തി. സ്ത്രീസംവിധായകർ നിർമ്മിച്ച സിനിമകളും സ്ത്രീപക്ഷത്തുനിന്ന് പ്രശ്നങ്ങൾ ഉയർത്താൻ ശ്രമിച്ച പുരുഷസംവിധാകരുടെ സിനിമകളും ചില പ്രധാനപ്പെട്ട ഡോക്യുമെന്ററികളുമാണ് ഈ ഫെസ്റ്റിവലിൽ അവതരിപ്പിച്ചത്. ഇതിന്റെ ഓപ്പൺഫോറത്തിൽ രേവതി, സീമബിശ്വാസ്, ഫൗസിയഹസ്സൻ തുടങ്ങിയ പ്രതിഭകൾ പങ്കെടുത്തിരുന്നു.





ലൈബ്രറിയുടെ പുതിയ കെട്ടിടം സാറാജോസഫ് ഉദ്ഘാടനം ചെയ്യുന്നു.

2003ൽ മേൽപ്പറഞ്ഞ ഗ്രാന്റ് അവസാനിച്ചപ്പോൾ, ബോംബെ ആസ്ഥാനമായുള്ള സർ ദൊറാബ്ജി ടാറ്റാ ട്രസ്റ്റാണ് ഞങ്ങൾക്ക് വീണ്ടും മൂന്നുവർഷത്തേക്ക് ഗ്രാന്റ് അനുവദിച്ചത്. അതിദയനീയമായ ചുറ്റുപാടുകളിൽ നിന്ന് അഭയംതേടിവരുന്ന സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും അവരുടെ പ്രശ്നങ്ങൾക്ക് ഒരു പരിഹാരം ഉണ്ടാവുന്നതുവരെയോ അവർക്ക് മറ്റൊരു സുരക്ഷിതമായ പുനരധിവാസം സാധ്യമാകുന്നതുവരെയോ താല്ക്കാലികമായ താമസം ഉറപ്പാക്കുന്ന ഒരു ഷോർട്ട്സ്റ്റേഹോം ആരംഭിക്കാൻ ഇത്തവണ ഞങ്ങൾക്ക് കഴിഞ്ഞു.

**നീണ്ട ഇടവേളക്കുശേഷം 2011ൽ ടാറ്റാട്രസ്റ്റ് ഗ്രാന്റ് അനുവദിച്ചപ്പോൾ കോഴിക്കോട് മെഡി.കോളേജ് കേന്ദ്രമായി സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന ലിംഗപരമായ പീഡനങ്ങളുടെ ഇരകൾക്ക് സാന്ത്വനവും പിന്തുണയും നൽകുന്ന സമീപനം ആരോഗ്യമേഖലയിലെ പ്രവർത്തകരിൽ വളർത്തിയെടുക്കാനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തു. ഇനിയും പുതിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ സജ്ജമായ കെട്ടുറപ്പുള്ള ഒരു ടീമായിത്തന്നെ ഇപ്പോഴും അന്വേഷി പ്രവർത്തിക്കുന്നു.**

അതുവരെയുള്ള പ്രവർത്തനങ്ങളോടൊപ്പം ഓരോ തവണ ഗ്രാന്റ് ലഭിക്കുമ്പോഴും പുതിയ പ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ടുതന്നെയാണ് അന്വേഷി മുന്നേറിയത്. അടുത്ത മൂന്നുവർഷത്തേക്ക് അതായത് 2006 മുതൽ 2009 വരെയുള്ള ഗ്രാന്റ് എസ്.ഡി.ടി.ടി അനുവദിച്ചപ്പോൾ, കൗമാരപ്രായക്കാരായ കുട്ടികളുടെ ഇടയിലുള്ള ബോധവത്ക്കരണപരിപാടികൾ ഏറ്റെടുത്തു. തുടർന്ന് 18 മാസങ്ങളുടെ നീണ്ട ഇടവേളക്കുശേഷം 2011ൽ ടാറ്റാട്രസ്റ്റ് വീണ്ടും ഗ്രാന്റ് അനുവദിച്ചപ്പോൾ കോഴിക്കോട് മെഡി.കോളേജ് കേന്ദ്രമായി സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന ലിംഗപരമായ പീഡനങ്ങളുടെ ഇരകൾക്ക് സാന്ത്വനവും പിന്തുണയും നൽകുന്ന സമീപനം ആരോഗ്യമേഖലയിലെ പ്രവർത്തകരിൽ വളർത്തിയെടുക്കാനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തു. ഇനിയും പുതിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ സജ്ജമായ കെട്ടുറപ്പുള്ള ഒരു ടീമായിത്തന്നെ ഇപ്പോഴും അന്വേഷി പ്രവർത്തിക്കുന്നു.

അതോടൊപ്പം സമൂഹത്തിലെ മറ്റു പ്രശ്നങ്ങളിലും സജീവമായി ഇടപെടുന്ന ഒരു രീതിയാണ് അന്വേഷി അവലംബിക്കുന്നത്. ഉദാഹരണത്തിന് എൻഡോസൾഫാൻ, കൂടംകുളം തുടങ്ങിയ പ്രശ്നങ്ങളിൽ ജനങ്ങളോടൊപ്പം നിൽക്കേണ്ടത് അന്വേഷി സ്വന്തം ഉത്തരവാദിത്തമായി കരുതുന്നു.

## അന്വേഷി വിമെൻസ് ലൈബ്രറി

1995ൽ നൂറു പുസ്തകങ്ങളുമായി ആരംഭിച്ച അന്വേഷിലൈബ്രറി ഇന്ന് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ 'എ' ഗ്രേഡ് പദവി നേടിയ ജില്ലയിലെ ഒരു പ്രമുഖ ലൈബ്രറിയായി മാറിക്കഴിഞ്ഞു. 12000ലധികം പുസ്തകങ്ങളുള്ള ഈ ലൈബ്രറിയിൽ ഫെമിനിസ്റ്റ് പുസ്തകങ്ങളുടെ ഒരു പ്രത്യേക ശേഖരമുണ്ട്. മാത്രമല്ല, 2012 അവസാനത്തോടെ സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ ശുപാർശയനുസരിച്ച് കേന്ദ്ര സാംസ്കാരിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കൽക്കത്തയിലെ രാജാറാം മോഹൻ റോയ് ഫൗണ്ടേഷന്റെ കെട്ടിടനിർമ്മാണ ഗ്രാന്റുകൊണ്ട് സ്വന്തമായ ഒരു ഇരുനിലകെട്ടിടവും ലൈബ്രറിക്ക് നേടാൻ കഴിഞ്ഞു.


**സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ അനുദിനം ഭയാനകമായി വർദ്ധിച്ചുവരുന്ന ഇന്നത്തെ സാമൂഹിക സാഹചര്യത്തിൽ അന്വേഷിയെന്ന ഒരു സവിശേഷമായ പരീക്ഷണത്തിലൂടെ മുന്നോട്ടുപോകുന്ന സ്ത്രീപ്രവർത്തകർ ഇന്ന് സംഘടനക്കും സമൂഹത്തിനും ഒരു മുതൽക്കൂട്ടാണ്.**

## അന്വേഷി ന്യൂസ്‌ലെറ്ററിൽ നിന്ന് "സംഘടിത'യിലേക്ക്

ലൈബ്രറിയുടെ മുൻകൈയ്യിൽ 1999ൽ ഞങ്ങൾ അന്വേഷി ന്യൂസ്‌ലെറ്റർ ആരംഭിച്ചു. കൃത്യമായ ഇടവേളകളില്ലാതെ തന്നെ കുറേ ലക്കങ്ങൾ പ്രസിദ്ധീകരിച്ചു. ഐസ്ക്രീംപാർലർ കേസിലെ ഞങ്ങളുടെ പ്രവർത്തനത്തിൽ ഈ പ്രസിദ്ധീകരണം ഒരു പ്രചരണായുധമായിരുന്നു. തുടർന്ന് 2010 ഡിസംബറിൽ 'സംഘടിത' എന്നുപേരുള്ള ഒരു മാസിക ഞങ്ങൾ പ്രസിദ്ധീകരിച്ചു തുടങ്ങി. 'സംഘടിത'ക്ക് RNI രജിസ്ട്രേഷനുണ്ട്. അതുകൊണ്ടുതന്നെ ന്യൂസ്‌ലെറ്ററിൽ നിന്ന് വ്യത്യസ്തമായി ഒരു പൊതുപ്രസിദ്ധീകരണമായിത്തന്നെ അത് തുടങ്ങാൻ കഴിഞ്ഞു. സാറാജോസഫ് പത്രാധിപരായുള്ള ഈ മാസിക സ്ത്രീകൾക്കു വേണ്ടി, സ്ത്രീകൾ നിർവ്വഹിക്കുന്ന ഒരു പ്രസിദ്ധീകരണമാണ്, രണ്ട് വർഷങ്ങൾ പിന്നിട്ട ഈ മാസിക കൃത്യമായി എല്ലാമാസവും പ്രസിദ്ധീകരിക്കുന്നു. സാമ്പത്തികപരാധീനതകൾ ഏറെയുണ്ടെങ്കിലും ചിന്തിക്കുന്ന സ്വാതന്ത്ര്യബോധമുള്ള ഒട്ടേറെ സ്ത്രീകൾ ഈ മാസിക അവരുടേതെന്ന് ഏറ്റെടുത്തു കഴിഞ്ഞ ഒരു അവസ്ഥയാണിപ്പോഴുള്ളത്.

സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ അനുദിനം ഭയാനകമായി വർദ്ധിച്ചുവരുന്ന ഇന്നത്തെ സാമൂഹിക സാഹചര്യത്തിൽ അന്വേഷിയെന്ന ഒരു സവിശേഷമായ പരീക്ഷണത്തിലൂടെ മുന്നോട്ടുപോകുന്ന സ്ത്രീപ്രവർത്തകർ ഇന്ന് സംഘടനക്കും സമൂഹത്തിനും ഒരു മുതൽക്കൂട്ടാണ്. ഇത്ര സമഗ്രമായും കൃത്യനിഷ്ഠയോടെയും ആത്മാർപ്പണമനോഭാവത്തോടെയും സ്ത്രീകൾക്കുവേണ്ടി പ്രവർത്തിക്കുന്ന മറ്റൊരുസംഘടന കേരളത്തിലുണ്ടോ എന്ന് സംശയമാണ്. ഈ സംഘടനക്ക് കോഴിക്കോട്ടെ ജനാധിപത്യബോധമുള്ള, നല്ലവരായ നാട്ടുകാരുടെ പിന്തുണ ആദ്യം മുതൽ തന്നെ ലഭിച്ചിട്ടുണ്ട്. ഐസ്ക്രീംപാർലർ കേസിന്റെ പുറകിൽ പ്രവർത്തിക്കുന്ന മാഫിയാസംഘത്തിന്റെ ആക്രമണങ്ങളും പ്രലോഭനങ്ങളും മറികടന്ന് ഇന്നും ഞങ്ങൾ ആത്മവിശ്വാസത്തോടെ പ്രവർത്തിക്കുന്നത് ഈ മണ്ണിലാണ്. കേരളത്തിൽ മറ്റെവിടെയെങ്കിലും ആയിരുന്നെങ്കിൽ ഒരുപക്ഷെ, വർഷങ്ങൾക്കുമുമ്പു തന്നെ ഞങ്ങൾ തുടച്ചുനീക്കപ്പെടുമായിരുന്നു. ഇനിയും വർഷങ്ങളും ദശകങ്ങളും കീഴടക്കി സ്ത്രീസ്വാതന്ത്ര്യത്തിന്റെ പാതയിലൂടെ മുന്നേറാൻ ശക്തമായ ഈ ജനകീയ പിന്തുണ പ്രചോദനമാകുമെന്നുറപ്പാണ്. ●

*(സാവിത്രി അന്വേഷിയുടെ സ്ഥാപകാംഗമാണ്.)*




# നാഴികക്കല്ലുകൾ

- കൗൺസലിംഗ് സെന്റർ 1993
- ലൈബ്രറി & ഡോക്യുമെന്റേഷൻ സെന്റർ 1995
- നിയമസഹായ സെൽ 2000
- ഷോർട്ട് സ്റ്റേ ഹോം 2003
- കൗമാരക്കാർക്ക് വേണ്ടി ജീവിത നൈപുണ്യ പരിശീലന പദ്ധതി 2006
- സംഘടിത മാസിക 2010
- ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങൾ 2011
- നിർഭയ ഹോം 2014
- നാഷണൽ മിഷൻ ഫോർ എംപവർമെന്റ് ഓഫ് വിമൻ 2014



ശ്രീജ പി.

ഗവൺമെന്റിന്റെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് സെക്ഷൻ 21/1860 പ്രകാരം 1993 നവംബർ മാസം അന്വേഷി രജിസ്ട്രർ ചെയ്തു സംഘടനാ പ്രവർത്തനം ആരംഭിച്ചു. സ്ത്രീപക്ഷ കാഴ്ചപ്പാടുള്ള സ്ത്രീകളാണ് അന്വേഷിയുടെ അംഗങ്ങൾ. വർഷത്തിലൊരിക്കൽ വാർഷികപൊതുയോഗം ചേരുന്നു. ഇതിൽ പോയ വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും വരുംവർഷത്തേക്കുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും ചെയ്യുന്നു. കൂടാതെ പോയ വർഷത്തെ പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിക്കുകയും പുതിയ നിർവാഹകസമിതി (11 അംഗകമ്മിറ്റി) യെ തെരഞ്ഞെടുക്കുകയും ഈ കമ്മറ്റിയിൽ നിന്ന് ഭാരവാഹികളെ (പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സെക്രട്ടറി, ജോ.സെക്രട്ടറി, ട്രഷറർ) തെരഞ്ഞെടുക്കുകയും ചെയ്യുന്നു. ഈ കമ്മിറ്റിയാണ് അന്വേഷിയുടെ ദൈനംദിന കാര്യങ്ങൾ തീരുമാനിക്കുന്നത്. എല്ലാ മാസവും രണ്ടാം ശനിയാഴ്ച ഈ കമ്മറ്റി ചേർന്ന് അതാത് മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി അടുത്ത മാസത്തെ പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുകയും കണക്ക് അവതരിപ്പിക്കുകയും ചെയ്യുന്നു.

ദിവസവും രാവിലെ പ്രവർത്തകർ ഒത്തുചേരുന്നു. കമ്മ്യൂണിറ്റി വർക്കേഴ്സ് അവരുടെ തലേ ദിവസത്തെ ഫീൽഡ് അനുഭവങ്ങൾ പങ്കുവെക്കുന്നു. പുതിയ കേസുകൾ ഈ മീറ്റിങ്ങിൽവെച്ച് കമ്മ്യൂണിറ്റി വർക്കേഴ്സിനു നൽകുന്നു. എല്ലാ മാസവും ആദ്യവാരത്തിലെ ഒരു ദിവസം സ്റ്റാഫ് മീറ്റിംഗ് ഉണ്ടായിരിക്കും. ഇതിൽ എല്ലാവരും അവരുടെ പ്രവർത്തന റിപ്പോർട്ട് നൽകുകയും പ്രശ്നങ്ങൾ പങ്കുവെക്കുകയും ചെയ്യുന്നു. സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് ട്രഷററുടെ നേതൃത്വത്തിൽ അക്കൗണ്ടിംഗ് സെക്ഷനാണ്. അന്വേഷിയുടെ വരവ് ചെലവ് കണക്കുകൾ മാസത്തിൽ കമ്മറ്റിയിൽ ട്രഷറർ അവതരിപ്പിക്കുകയും ചർച്ച ചെയ്യുകയും ചെയ്യുന്നു. അന്വേഷിയുടെ സാമ്പത്തിക ഇടപാടുകൾ പ്രവർത്തനങ്ങളെ പോലെ തന്നെ സുതാര്യമാണ്. ഓരോ പ്രവർത്തകക്കും അന്വേഷിക്ക് ലഭിക്കുന്ന വരുമാനത്തെക്കുറിച്ചും ചെലവുകളെക്കുറിച്ചും വ്യക്തമായ ധാരണയുണ്ട്.

സമയമോ സ്ഥലകാലപ്രശ്നങ്ങളോ സ്വന്തം കുടുംബപ്രശ്നങ്ങളോ ഒന്നും വകവയ്ക്കാതെ പ്രവർത്തകരെല്ലാം തന്നെ അന്വേഷിക്കുവേണ്ടി പ്രവർത്തിക്കുന്നു. അതുകൊണ്ടു തന്നെ പല തരത്തിലുള്ള പ്രതിബന്ധങ്ങളുണ്ടായിട്ടും അന്വേഷിയുടെ കെട്ടുറപ്പിന് ഇന്നുവരെ ഒരു പോറൽ പോലും ഏറ്റിട്ടില്ല. ●

# തുല്യ പങ്കാളിത്തം എന്ന സംഘടനാ രൂപം








# പ്രശ്നങ്ങൾ പങ്കുവെക്കാനും പരിഹരിക്കാനും ഒരു സ്ത്രീവാദമാർഗ്ഗം – അന്വേഷി കൗൺസലിംഗ്



സ്മിത

അസന്തുലിതവും അസമത്വപൂർണ്ണവുമായ സാഹചര്യങ്ങളിൽ വളർന്ന സ്ത്രീകളെ അവർ നേരിടുന്ന പ്രതിസന്ധികളിൽ തളരാതിരിക്കാൻ, കുടുംബത്തിനകത്തും പുറത്തും ആത്മവിശ്വാസത്തോടെ ജീവിക്കാൻ പ്രാപ്തരാക്കുകയും, കുടുംബബന്ധങ്ങൾ ജനാധിപത്യപരമായി പുനഃസൃഷ്ടിക്കുകയുമാണ് കൗൺസലിംഗ് സെന്ററിന്റെ ലക്ഷ്യം. പ്രശ്നങ്ങളുമായി വരുന്നവർ ആദ്യം സമീപിക്കുന്നത് കൗൺസലിംഗ് വിഭാഗത്തെയാണ്. അക്കാദമിക് തലത്തിലും (Mphil. Physchology), പരിചയസമ്പന്നതയിലും ഒട്ടും പിറകിലല്ലാത്ത വ്യക്തിയാണ് സീനിയർ കൗൺസെലർ. കൂടാതെ രണ്ട് അസിസ്റ്റന്റ് കൺസെലർമാരും. ഒരാൾ MSW (Medical & Psychatry) മറ്റേയാൾ സോഷ്യോളജി മാസ്റ്റർ ബിരുദവും കൗൺസലിംഗിൽ പി.ജി. ഡിപ്ലോമയുമുള്ള ആളുമാണ്.

തികച്ചും സ്ത്രീപക്ഷ കാഴ്ചപ്പാടോടു കൂടി ശാസ്ത്രീയമായ രീതിയിലാണ് കേസുകൾ കൈകാര്യം ചെയ്യുന്നത്. ഒരു ജോലി എന്നതിലുപരി സേവനസന്നദ്ധതയോടു കൂടി പ്രവർത്തിക്കുന്നവരാണ് ഇവിടെയുള്ളത്.

പരാതിയുമായി വരുന്നയാൾക്ക് വൈകാരിക പിന്തുണ കൊടുക്കുകയാണ് ആദ്യം ചെയ്യുന്നത്. മിക്ക കേസുകളിലും അവരെ സംസാരിക്കാൻ പ്രാപ്തരാക്കണം. അതിന് സമയത്തിന്റെ കണക്കൊന്നുമില്ല. അവർ പറയുന്നത് മുഴുവൻ കേൾക്കുന്നു. അതിന് ശേഷം രേഖാമൂലം പരാതി എഴുതി വാങ്ങുന്നു. പിന്നീട് എതിർകക്ഷിയുടെ വീട്ടിലും പരിസരങ്ങളിലും പോയി കാര്യങ്ങളുടെ നിജസ്ഥിതി കമ്മ്യൂണിറ്റിവർക്കർമാർ അന്വേഷിച്ച് റിപ്പോർട്ട് നൽകുന്നു. കൊടുക്കുന്ന തിയ്യതി അനുസരിച്ച് അവർ ഓഫീസിൽ എത്തുന്നു. എതിർകക്ഷി

കൾ വന്നാൽ അവർക്കു പറയാനുള്ളത് ശ്രദ്ധിച്ചു കേൾക്കുന്നു. അടുത്തപടി ജോയ്ന്റ് സെഷനാണ്.

പതിനഞ്ചുവർഷത്തോളമായി അന്വേഷിയിൽ കൗൺസലിംഗിന് നേതൃത്വം കൊടുക്കുന്ന അനിതയുടെ ഓർമ്മകൾ, അനുഭവങ്ങൾ അതിശയിപ്പിക്കുന്നതായിരുന്നു. ഈ പതിനഞ്ചുവർഷത്തിനുള്ളിൽ അവരുടെ മുന്നിലൂടെ കടന്നുപോയ മനുഷ്യർ, അവരുടെ ജീവിതങ്ങൾ, വിവിധ ഭാവങ്ങൾ, ദുഃഖങ്ങൾ ഇതൊന്നും വാക്കുകളിലൂടെ പ്രതിഫലിപ്പിക്കാൻ കഴിയുന്നതല്ല.

വേർപാടിന്റെ വേദനകൾ, കൂടിച്ചേരലിന്റെ ആനന്ദങ്ങൾ എല്ലാം വർണ്ണനാതീതമാണ്. അനിതയുമായുള്ള ചർച്ചയിലൂടെ ഉരുത്തിരിഞ്ഞ കാര്യങ്ങൾ സംഘടിത വായനക്കാരുമായി പങ്കുവയ്ക്കുന്നു.

ഒരു മുസ്ലിംപെൺകുട്ടി 18 വയസ്സ് തികയുന്നതേയുള്ളൂ. ഭർത്താവിന്റെയും ഭർതൃവീട്ടുകാരുടെയും അതിക്രൂരതയുടെ കഥകളുമായി വന്നു. കാര്യങ്ങൾ അന്വേഷിച്ച് എതിർകക്ഷിയേയും, കുടുംബത്തേയും വിളിച്ച് വരുത്തി സംസാരിച്ചപ്പോൾ ബന്ധം ഒരുതരത്തിലും മുന്നോട്ട് പോവില്ലെന്നു മനസ്സിലായി. ഇരുകൂട്ടർക്കും വിവാഹമോചനം മതി. വിവാഹ സമയത്ത് കൊടുത്ത 100 പവൻ സ്വർണ്ണം തിരിച്ചുകൊടുത്തു. മൊഴിചൊല്ലുമ്പോഴുണ്ടായ രംഗം വേദനാജനകമായിരുന്നു. പ്രായവും പക്വതയും എത്തുന്നതിനു മുമ്പുണ്ടായ വിവാഹം വരുത്തിവെച്ച വിനയായിരുന്നു അത്.

നീതുവെന്ന മറ്റൊരു കുട്ടിയുടെ കഥ. വളരെ സാധു കുടുംബത്തിലെ ഇളയകുട്ടിയായിരുന്നു ഇവൾ. കടുത്ത മദ്യപാനിയായിരുന്നു അച്ഛൻ. അമ്മ അദ്ധ്വാനിച്ചാണ് നീതുവിനെ വളർത്തിവലുതാക്കിയത്. ഉയർന്ന സമുദായത്തിൽപ്പെട്ട ഈ കുട്ടിയെ ദാരിദ്ര്യം കാരണം താഴ്ന്ന സമുദായത്തിൽപ്പെട്ട യുവാവിന് മറ്റൊന്നും ചിന്തിക്കാതെ വിവാഹം കഴിച്ചുകൊടുത്തു. എരിതീയിൽ നിന്നും വറചട്ടിയിലേക്ക് വീണ അനുഭവമായിരുന്നു അവൾക്ക്. ആദ്യകാലത്ത് അയാൾക്ക് മദ്യപാനം മാത്രമേ ഉണ്ടായിരുന്നുള്ളൂ. പിന്നീട് സംശയരോഗവും കൂട്ടിനെത്തി. മർദ്ദനവും, പീഡനവും സഹിക്കാൻ പറ്റാതായി. അവൾ പറയുന്നു ഭർത്താവ് എപ്പോഴും ലൈംഗികമായും അവളെ പീഡിപ്പിക്കുകയാണ്. സ്വസ്ഥമായി ഒന്നുറങ്ങുവാൻ പോലും കഴിയാതെ അവൾ രണ്ടുകുട്ടികളെയും കൂട്ടി ആരോ പറഞ്ഞു കൊടുത്തതിന്റെ അടിസ്ഥാനത്തിൽ അന്വേഷിയിലെത്തി. ഞങ്ങൾ അവരെ ഷോർട്ട് സ്റ്റേഹോമിൽ താമസിപ്പിച്ചു. ഡോക്ടറെ കാണിച്ചു. അയാളെയും ബന്ധുക്കളെയും വിളിച്ചു സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ. അയാൾ ചികിത്സയ്ക്ക് പോകാൻ തയ്യാറായി. അയാളുടെ ബന്ധുക്കൾക്കും കാര്യങ്ങൾ മനസ്സിലായി. അതുവരെ ബന്ധുക്കൾ വിചാരിച്ചിരുന്നത് അവൾ ഭാര്യയുടെ കടമനിറവേറ്റാത്തതുകൊണ്ടാണ് അവർ തമ്മിൽ പ്രശ്നമുണ്ടാകുന്നത് എന്നായിരുന്നു.

മറ്റൊരു കഥ ഇങ്ങനെ തുടങ്ങുന്നു. വീട്ടുകാർ ഉറപ്പിച്ച കല്യാണത്തിന്റെ രണ്ടുദിവസം മുൻപ് കാമുകനോടൊപ്പം ഒളിച്ചോടിയതാണ് അജിത. അവിടെയെത്തി ജീവിതം തുടങ്ങിയപ്പോഴാണറിഞ്ഞത് മദ്യപാനിയും സംശയരോഗിയുമാണ് ഭർത്താവെന്ന്. എങ്ങനെയോ സഹിച്ചു ജീവിച്ചു. ഇതിനിടെ മൂന്നുകുട്ടികളുടെ അമ്മയുമായി. ഒരു ദിവസം മദ്യപിച്ച് ലക്കുകെട്ട അയാൾ അവളെ കുത്തി പരിക്കേൽപ്പിച്ചു. 32 മുറിവുകളുണ്ടായിരുന്നു ശരീരത്തിൽ. മാസങ്ങളോളം ആശുപത്രിവാസം. മുറിവ് മാറി പഴയ നിലയിലായപ്പോൾ വീണ്ടും അവർ ഭർത്താവിനൊപ്പം പോയി. പിന്നെയും രണ്ടു കുട്ടികൾ കൂടിയുണ്ടായി എന്നല്ലാതെ മറ്റൊരു മാറ്റവും ജീവിതത്തിലുണ്ടായില്ല. ആ അവസരത്തിലാണവർ അന്വേഷിയിലെത്തുന്നത്. അന്വേഷി അവർക്ക് തുണയായി. അയാളുടെ മദ്യപാനം കൊണ്ടുണ്ടാകുന്ന ദൂഷ്യവശങ്ങളെപ്പറ്റി അയാളെ പറഞ്ഞ് ബോധ്യപ്പെടുത്താൻ ശ്രമിച്ചു. എന്നിട്ടും അയാൾ ചികിത്സയ്ക്ക് പോകാൻ തയ്യാറായില്ല. അഞ്ചുകുട്ടികളുടെ ഉത്തരവാദിത്വം അവളുടെ ചുമലിലായി. ജീവിക്കാനുള്ള തന്റേടവും സ്വകാര്യ ആശുപത്രിയിൽ ജോലിയും ഗാർഹികനിരോധനനിയമത്തിന്റെ ആനുകൂല്യവും അന്വേഷി മുഖേന അവൾ നേടിയെടുത്തു. അവളുടെ കഷ്ടപ്പാടുകൾ കണ്ട് അച്ഛൻ 10 സെന്റ് സ്ഥലം അവൾക്ക് കൊടുത്തി

**നീതുവെന്ന മറ്റൊരു കുട്ടിയുടെ കഥ. വളരെ സാധു കുടുംബത്തിലെ ഇളയകുട്ടിയായിരുന്നു ഇവൾ. കടുത്ത മദ്യപാനിയായിരുന്നു അച്ഛൻ. അമ്മ അദ്ധ്വാനിച്ചാണ് നീതുവിനെ വളർത്തിവലുതാക്കിയത്. ഉയർന്ന സമുദായത്തിൽപ്പെട്ട ഈ കുട്ടിയെ ദാരിദ്ര്യം കാരണം താഴ്ന്ന സമുദായത്തിൽപ്പെട്ട യുവാവിന് മറ്റൊന്നും ചിന്തിക്കാതെ വിവാഹം കഴിച്ചുകൊടുത്തു. എരിതീയിൽ നിന്നും വറചട്ടിയിലേക്ക് വീണ അനുഭവമായിരുന്നു അവൾക്ക്.**

**ജാതിമതലിംഗഭേദമെന്യേ എല്ലാവരും വരാറുണ്ട്. സമൂഹത്തിലെ വിവിധതലങ്ങളിലുള്ളവർ പരാതിക്കാരായും എതിർകക്ഷിയായും വരാറുണ്ട്. ഭിന്നലിംഗക്കാരും സഹായമഭ്യർത്ഥിച്ച് വന്നിട്ടുണ്ട്. പെൺവേഷം കെട്ടി നൃത്തം ചെയ്ത് കുടുംബം പുലർത്തിയിരുന്ന ഇവരെ ബന്ധുക്കൾ തന്നെ ചൂഷണം ചെയ്യുന്ന പരാതികൾ വന്നിട്ടുണ്ട്. ഇവിടെ വരുന്നവർ ഭൂരിഭാഗവും പാവപ്പെട്ടവരാണ്. ഉദ്യോഗസ്ഥരും ബിസിനസ്സുകാരും അദ്ധ്യാപകരും തുടങ്ങി എല്ലാ തലത്തിലുള്ളവരും സമീപിക്കാറുണ്ട്.**

രുന്നു. അതിൽ ഒരു വീട് വെച്ച് താമസിക്കാൻ അന്വേഷിയുടെ പിന്തുണ അവൾക്ക് ലഭിച്ചു. കഠിനാദ്ധ്വാനം ചെയ്തു കുട്ടികളെ വളർത്തി. മുമ്പൊക്കെ ഭക്ഷണമുണ്ടാക്കിവെച്ചാൽ അയാൾ മദ്യപിച്ചു വന്ന് അതൊക്കെ തട്ടിത്തെറിപ്പിക്കും. അയാളെ പേടിച്ച് ഭക്ഷണം ടോയ്‌ലെറ്റിൽ പോലും ഒളിപ്പിച്ച് വയ്ക്കാറുണ്ടായിരുന്നു. എന്നാലിന്ന് തന്റേടത്തോടെ നിവർന്നു നിൽക്കാൻ തനിക്കും കഴിയുമെന്ന ആത്മവിശ്വാസം അവളിൽ വളർന്നു. കാലം ചെന്നപ്പോൾ കുട്ടികൾ വലുതായി, അവർ സ്വന്തം നിലയിൽ പ്രാപ്തരായി... ഭർത്താവ് രോഗിയായി. വേറെയാണ് താമസമെങ്കിലും രോഗിയായ ഭർത്താവിനെ അവൾ അയാളുടെ വീട്ടിൽ ചെന്ന് ശുശ്രൂഷിച്ചു. ഇപ്പോൾ അയാൾ മരിച്ചു. അവളും മക്കളും സമാധാനത്തോടെ ജീവിക്കുന്നു.

കൗൺസെലർമാർ ഒരു വർഷം ഏകദേശം 300-350 പുതിയ കേസുകളും കൺസൾട്ടേഷനും ഫോളോഅപ്പും അടക്കം ആയിരത്തോളം കേസുകളും ഓരോ വർഷവും കൈകാര്യം ചെയ്യാറുണ്ട്.

എങ്ങനെയുള്ള കേസുകളാണ് സാധാരണ വരാറുള്ളതെന്ന ചോദ്യത്തിന് അവർ പറയുന്നത്, സാധാരണയായി കുടുംബപ്രശ്നങ്ങളാണ് കൂടുതലും വരുന്നത് എന്നാണ്. ഗാർഹികപീഡന നിരോധന നിയമപ്രകാരം കേസു നടത്തുന്നതിനു വേണ്ട സഹായങ്ങൾ നൽകുന്നുണ്ട്. എന്നാലും എല്ലാ തരത്തിലുള്ള കുടുംബപ്രശ്നങ്ങളും-സ്വത്ത് സംബന്ധമായ പ്രശ്നങ്ങൾ, ഭാര്യാഭർത്തൃപ്രശ്നങ്ങൾ, അമ്മായിയമ്മ-മരുമക്കൾ പ്രശ്നം, അമ്മ-മകൻ പ്രശ്നം, അമ്മ-മക്കൾ പ്രശ്നം എല്ലാം വരുന്നുണ്ട്. അമ്മ മക്കൾ പ്രശ്നമെന്നുപറഞ്ഞപ്പോഴാണ് ഒരു കേസിനെക്കുറിച്ച് ഓർക്കുന്നത്. അറുപത്തിരണ്ടുവയസ്സുള്ള ഒരമ്മ, രണ്ടു ആൺ മക്കളെയും പഠിപ്പിച്ച്, വിവാഹം കഴിപ്പിച്ചു രണ്ടു കുടുംബങ്ങളിലെ പേരക്കുട്ടികളെയും നോക്കി ജീവിക്കുകയായിരുന്നു. അപ്പോഴാണ് പ്രശ്നങ്ങൾ തുടങ്ങിയത്. മക്കൾക്ക് അമ്മയെ സഹിക്കാൻ വയ്യ. അവർ അമ്മയെ മുറിയിലടച്ചു. എങ്ങനെയോ രക്ഷപ്പെട്ട് സ്വന്തം നാട്ടിലേക്ക് വണ്ടികയറി. ആത്മഹത്യ ചെയ്യാനായി അവർ ട്രെയിനിൽ നിന്നും ചാടാൻ ശ്രമിച്ചപ്പോൾ ലേഡീസ് കംപാർട്ടുമെന്റിലുണ്ടായിരുന്ന ഒരു യുവതിയാണ് അന്വേഷിയുടെ ഫോൺനമ്പർ കൊടുത്തത്. അവരെ ഷോർട്ട് സ്റ്റേഹോമിൽ താമസിപ്പിച്ചു. ഇടക്കിടക്ക് കൗൺസിലിങ്ങ് കൊടുത്തു. ഷോർട്ട്സ്റ്റേ ഹോമിലുള്ള കൗൺസെലർ നിരന്തരം പരിശ്രമിച്ചു. അവരുടെ സ്വഭാവം നിരീക്ഷിച്ചപ്പോഴാണ് ഒരു കാര്യം മനസ്സിലായത്. അവർക്ക് ചെറിയ മാനസികാസ്വാസ്ഥ്യം ഉണ്ട്. അത് തിരിച്ചറിയാത്ത മക്കൾ ഇവർ സൈര്യം കെടുത്തുവെന്നാണ് വിളിച്ചു സംസാരിച്ചപ്പോൾ പറഞ്ഞത്. മാനസികരോഗവിദഗ്ദ്ധനെ കാണിച്ചു. മരുന്നു കൃത്യമായി കൊടുത്തു. ഏകദേശം ഒരുവർഷത്തോളം ഹോമിൽ താമസിച്ചു. ചികിത്സകൊണ്ടവരുടെ രോഗം മാറി. മക്കളെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി. വേണ്ട കാര്യങ്ങൾ ചെയ്യണമെന്നു പറഞ്ഞു. അവരിപ്പോൾ മക്കളോടും പേരക്കുട്ടികളോടും ഒപ്പം സുഖമായി ജീവിക്കുന്നു.

ഇതുകൂടാതെ തൊഴിൽപ്രശ്നങ്ങൾ, തൊഴിലിടങ്ങളിലെ അതിക്രമങ്ങൾ, ബലാത്സംഗം, യാത്രാവേളകളിലെ പീഡനങ്ങൾ തുടങ്ങി സ്ത്രീകൾ അനുഭവിക്കുന്ന എല്ലാ പ്രശ്നങ്ങളും വരാറുണ്ട്. സ്ത്രീധനത്തിന്റെ പേരിലുള്ള മരണങ്ങൾ, തീപ്പൊള്ളലേറ്റ് പാതിവെന്തശരീരവുമായുള്ളവരുടെ കേസുകൾ എല്ലാം കൈകാര്യം ചെയ്യാറുണ്ട്. കൂടാതെ പത്രവാർത്തകളുടെ അടിസ്ഥാനത്തിലും കേസുകളിൽ ഇടപെടാറുണ്ട്.

*എന്നും രാവിലെ മുതൽ വൈകുന്നേരം വരെ പ്രശ്നങ്ങൾ കേൾക്കുകയും കാണുകയും ഇടപെടുകയും ചെയ്യുന്നത് വ്യക്തിജീവിതത്തെയോ കുടുംബജീവിതത്തെയോ ബാധിക്കാറുണ്ടോ?*

ഞങ്ങളെല്ലാവരും കുടുംബജീവിതം നയിക്കുന്നവരാണ്. ഇവിടുത്തെ പ്രശ്നങ്ങൾ ഞങ്ങളുടെ ജീവിതത്തെ ബാധിക്കാതിരിക്കാൻ ശ്രദ്ധിക്കാറുണ്ട്. അതിനായി പല അഡ്ജസ്റ്റ്മെന്റും നടത്തേണ്ടി വരാറുണ്ട്. നിരന്തരം ഇങ്ങനെ പ്രശ്നങ്ങളിൽ ഇടപെടുന്നവർക്ക് എന്തെങ്കിലും എന്റർടൈൻമെന്റ് അത്യാവശ്യമാണ്.

*അധികവും എങ്ങനെയുള്ളവരാണ് ഇവിടെ വരുന്നത്?*

ജാതിമതലിംഗഭേദമെന്യേ എല്ലാവരും വരാറുണ്ട്. സമൂഹത്തിലെ വിവിധതലങ്ങളിലുള്ളവർ പരാതിക്കാരായും എതിർകക്ഷിയായും വരാറുണ്ട്. ഭിന്നലിംഗക്കാരും സഹായമഭ്യർത്ഥിച്ച് വന്നിട്ടുണ്ട്.

പെൺവേഷം കെട്ടി നൃത്തം ചെയ്ത് കുടുംബം പുലർത്തിയിരുന്ന ഇവരെ ബന്ധുക്കൾ തന്നെ ചൂഷണം ചെയ്യുന്ന പരാതികൾ വന്നിട്ടുണ്ട്. ഇവിടെ വരുന്നവർ ഭൂരിഭാഗവും പാവപ്പെട്ടവരാണ്. എങ്കിലും ഉദ്യോഗസ്ഥരും ബിസിനസ്സുകാരും അദ്ധ്യാപകരും തുടങ്ങി എല്ലാ തലത്തിലുള്ളവരും സമീപിക്കാറുണ്ട്. എച്ച്.ഐ.വി പോസറ്റീവ് ആയ ഒരു സ്ത്രീയും കുഞ്ഞും വന്നിരുന്നു. ഭർത്താവിൽ നിന്നാണ് അവർക്ക് ഈ അസുഖം കിട്ടിയത്. എന്നിട്ടും അയാൾ ഇവരെ സംശയിക്കുകയും ഉപദ്രവിക്കുകയും ചെയ്യുന്നു. അവരെ സൈക്യാട്രി കൗൺസെലിംഗിനായി അയച്ചു. ഇപ്പോൾ അവർ നല്ല നിലയിൽ ജീവിക്കുന്നുണ്ട്.

*കേസുകൾ കൂടി വരുന്നു എന്നു പറയുമ്പോൾ അതിക്രമം കൂടി വരുന്നു എന്നല്ലേ മനസ്സിലാക്കേണ്ടത്?*

അങ്ങനെ പറയാൻ പറ്റില്ല. അതിക്രമം കൂടിവരുന്നതിനേക്കാളുപരി ഇത് അതിക്രമമാണ് എന്ന തിരിച്ചറിവ് കൂടിവരുന്നു എന്നതാണ് സത്യം. അതിക്രമങ്ങൾ നേരിടേണ്ടതിനെക്കുറിച്ചും വേണ്ടരീതിയിൽ പ്രതികരിക്കേണ്ടതിനെക്കുറിച്ചും അന്വേഷി തന്നെ ക്ലാസ്സുകൾ എടുക്കുന്നുണ്ട്. അതിൽ നിന്ന് സ്ത്രീകൾക്ക് തങ്ങളുടെ പ്രശ്നം ഒരു സ്വകാര്യപ്രശ്നമല്ലെന്നും പൊതുപ്രശ്നമാണെന്നും അതുകൊണ്ടുതന്നെ പ്രതികരിക്കേണ്ടതുണ്ടെന്നും അറിയാം. പിന്നെ മിക്ക കേസുകളെടുക്കുമ്പോഴും ആദ്യം സ്വന്തം അച്ഛന്റെ മദ്യപാനം കൊണ്ടുള്ള പ്രശ്നം, പിന്നെ ഭർത്താവിന്റെ, തുടർന്നു മക്കളുടെ ഇങ്ങനെ പോകുന്നു. ഏതെങ്കിലും ഒരു ഘട്ടത്തിൽ ഇവർ പ്രതികരിക്കും.

*അന്വേഷി ഭാര്യാഭർതൃ ബന്ധങ്ങൾ വഷളാക്കുകയാണ് ചെയ്യുന്നതെന്ന് പൊതുവെ ഒരു ധാരണയുണ്ടോ? ഇതിനെക്കുറിച്ച് എന്തുപറയുന്നു.*

**അതിക്രമം കൂടിവരുന്നതിനേക്കാളുപരി ഇത് അതിക്രമമാണ് എന്ന തിരിച്ചറിവ് കൂടിവരുന്നു എന്നതാണ് സത്യം. അതിക്രമങ്ങൾ നേരിടേണ്ടതിനെക്കുറിച്ചും വേണ്ടരീതിയിൽ പ്രതികരിക്കേണ്ടതിനെക്കുറിച്ചും അന്വേഷി തന്നെ ക്ലാസ്സുകൾ എടുക്കുന്നുണ്ട്. അതിൽ നിന്ന് സ്ത്രീകൾക്ക് തങ്ങളുടെ പ്രശ്നം ഒരു സ്വകാര്യപ്രശ്നമല്ലെന്നും പൊതുപ്രശ്നമാണെന്നും അതുകൊണ്ടുതന്നെ പ്രതികരിക്കേണ്ടതുണ്ടെന്നും അറിയാം.**

അങ്ങിനെ ഞങ്ങളും കേട്ടിട്ടുണ്ട്. എന്നാൽ ഒരു പ്രാവശ്യം ഇവിടെ വന്ന് സംസാരിച്ചവർക്കറിയാം എന്താണ് വാസ്തവമെന്ന്. ഒരിക്കലും ഞങ്ങൾ ബന്ധം പിരിക്കാൻ ശ്രമിക്കാറില്ല. എല്ലാ വഴികളും നോക്കും. പരാജയപ്പെട്ടാൽ ഒന്നിച്ചു പോകുന്നതിനേക്കാൾ നല്ല രീതിയിൽ പിരിയുന്നതാണ് ഉത്തമമെന്ന് വിലയിരുത്തും. എന്നാലും അവസാന തീരുമാനം കക്ഷികളുടേതായിരിക്കും.

*അന്വേഷി പുരുഷന്മാർക്കെതിരാണോ?*

ഒരിക്കലുമല്ല. കുടുംബപ്രശ്നങ്ങളിൽ പരാതിക്കാരായി പുരുഷന്മാരും വരാറുണ്ട്. അവരുടെ കാര്യങ്ങളും കേൾക്കാറുണ്ട്. എതിർകക്ഷിയായ സ്ത്രീകളോട് സംസാരിച്ച് സഹായങ്ങൾ ചെയ്തു കൊടുക്കാറുണ്ട്. എന്നാൽ നിയമസഹായം സ്ത്രീകൾക്കു മാത്രമേ നൽകാറുള്ളൂ. ഇരു കൂട്ടരും ഒന്നിച്ച് തുല്യതയോടെ ജീവിക്കണം. കുടുംബം ഒരു യൂണിറ്റാണല്ലോ. ഇരുവർക്കും തുല്യപങ്കാളിത്തമാണുള്ളത്. പിന്നെ സമൂഹത്തിലുള്ള തെറ്റിദ്ധാരണകളുടെ (faulty learning) ഫലമായി മിക്ക പുരുഷന്മാരും ധരിച്ചിരിക്കുന്നത് സ്ത്രീ തങ്ങളുടെ കാര്യങ്ങൾ നോക്കാനുള്ളവളും അവൾക്ക് വിവാഹസമയത്ത് നൽകുന്ന പാരിതോഷികങ്ങൾ (സ്വർണ്ണം) തങ്ങൾക്കുള്ളതാണെന്നുമാണ്. ചില കേസുകളിൽ പുരുഷന്മാർ പറയാറുണ്ട്, എനിക്ക് ഇത്ര സ്വർണ്ണം തരാമെന്ന് പറഞ്ഞിട്ട് തന്നില്ലെന്ന്. അഭ്യസ്ഥവിദ്യരായ പെൺകുട്ടികളെ പോലും ജോലിക്ക് പറഞ്ഞയക്കില്ല ചിലർ. ഇങ്ങനെയുള്ള ധാരണകളെ തിരുത്തി അവരെയും ശാക്തീകരിക്കാൻ ശ്രമിക്കാറുണ്ട്.

*അന്വേഷിയിൽ വരുന്ന പരാതികൾ വേഗം തീർപ്പാക്കാറുണ്ടോ?*

അത് പരാതിയുടെ സ്വഭാവം അനുസരിച്ചാണ്. ചില കേസുകൾ വേഗം പരിഹരിച്ചു പോകും. മദ്യപാനാസക്തി മൂലമുള്ള കുടുംബപ്രശ്നങ്ങളാണെങ്കിൽ എതിർകക്ഷിയെ ചികിത്സയ്ക്ക് തയ്യാറാക്കി, ചികിത്സ കഴിഞ്ഞ് വരുമ്പോഴേക്കും ഒന്നുരണ്ടു മാസമാകും. എന്നാൽ കഴിയുന്നതും വേഗം പരിഹരിക്കാൻ നോക്കാറുണ്ട്. നിയമസഹായം വേണ്ട കേസുകൾ ചിലപ്പോൾ വർഷങ്ങൾ നീണ്ടുപോവും. അത്തരത്തിലുള്ള കേസാണ് 2008 ൽ വന്ന സരസ്വതി എന്ന 48 വയസ്സുള്ള, ജീവിതസാഹചര്യം കൊണ്ട് ഒറ്റപ്പെട്ടുപോയ ഒരു സ്ത്രീയുടെ പരാതി. ബിരുദധാരിയായ ഇവർ വിവാഹമോചനം നേടിയ ശേഷം തനിക്ക് അന്തസ്സായി ജീവിക്കാൻ ഒരു ജോലി വേണമെന്നാഗ്രഹിച്ച് ഉള്ളതെല്ലാം വിറ്റുപെറുക്കി ഏകദേശം ഒരുലക്ഷത്തി അറുപതിനായിരം രൂപയും പതിനേഴ് പവനോളം സ്വർണ്ണവും ബാങ്കിൽ ജോലി വാങ്ങിച്ചു തരാമെന്ന് പറഞ്ഞ ഒരു വ്യാജ സന്യാസിനിക്ക് കൊടുത്ത് പറ്റിക്കപ്പെട്ടു. സന്യാസിനിയായതുകൊണ്ട് ഒരു എഗ്രിമെന്റ് പോലും വെക്കാതെയാണ് പണം കൊടുത്തത്. 1993ലാണ് കൊടുത്തത്. 2000 വരെ ജോലി ലഭിച്ചില്ല. അപ്പോൾ പണം വാങ്ങിയതിന് ഒരു ഉറപ്പ്

**കുടുംബസാഹചര്യം കൊണ്ട് തനിക്ക് യോജിക്കാത്ത ഒരാളെ വിവാഹം കഴിക്കേണ്ടി വന്ന ആളാണ് ആയിഷ. വിവാഹശേഷമാണ് അയാൾക്ക് സംശയരോഗമുണ്ടെന്ന് മനസ്സിലായത്. അയാൾ ജോലിക്കു പോകുകയും ഇല്ല, ഇവരെ വീട്ടിൽ നിന്ന് പുറത്തുപോകാൻ സമ്മതിക്കുകയുമില്ല. വിവാഹത്തിനു മുമ്പ് നല്ലൊരു ഗായികയായിരുന്ന ഇവർ കൂട്ടിലടച്ച കിളിയെപ്പോലെയായി. ഭക്ഷണത്തിനു പോലും ബുദ്ധിമുട്ട്, കൂടാതെ കടവും. പുറത്ത് പോകുന്ന സ്ത്രീകൾ മോശമാണ് എന്ന ചിന്തയായിരുന്നു ഭർത്താവിന്. എന്നും വഴക്കും ബഹളവും. ഈ സാഹചര്യത്തിലാണ് അന്വേഷിയിലെത്തുന്നത്. അയാളെ വിളിച്ചു സംസാരിച്ചു.**

വേണമെന്ന് ആവശ്യപ്പെട്ടു. സന്യാസിനി അതിനു തയ്യാറായില്ല. പിന്നീട് നാട്ടുപഞ്ചായത്തും പോലീസ് സ്റ്റേഷനുമായി 8 വർഷം കടന്നുപോയി. നീതി എവിടെ നിന്നും ലഭിച്ചില്ല. അവസാനം ഒരു സാമൂഹികപ്രവർത്തകൻ പറഞ്ഞു കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ഇവർ അന്വേഷിയിലെത്തി. പരാതി ലഭിച്ചതിനെ തുടർന്ന് ഇവർ പോയ എല്ലാ അധികാരസ്ഥാനങ്ങളിലും പ്രസ്തുതകാര്യം സത്യമാണോ എന്ന് അന്വേഷിച്ചു. സത്യാവസ്ഥ ബോധ്യപ്പെട്ടതിനുശേഷം സന്യാസിനിയുടെ മഠത്തിൽ പോയി സംഭവങ്ങളെല്ലാം അന്വേഷിച്ചു. എതിർകക്ഷിയുമായി സംസാരിക്കുകയും നേരിട്ട് ഓഫീസിൽ വരാൻ പറയുകയും ചെയ്തു. ആദ്യമൊന്നും അവർ വരാൻ കൂട്ടാക്കിയില്ല.

എന്നാൽ അന്വേഷി ശക്തമായി ഇടപെട്ടപ്പോൾ എതിർകക്ഷി വരുകയും കാര്യങ്ങൾ സംസാരിക്കുകയും ആഭരണത്തിന്റേയും പണത്തിന്റേയും ഒരു കൃത്യത ഉണ്ടാവുകയും എഗ്രിമെന്റ് എഴുതാൻ സമ്മതിക്കുകയും ചെയ്തു. എന്നാൽ പറഞ്ഞ സമയത്ത് പതിനായിരം രൂപ മാത്രമേ കൊടുത്തുള്ളൂ. നിരവധി തവണ ബന്ധപ്പെട്ടിട്ടും ഒരു പൈസപോലും പരാതിക്കാരിക്ക് കിട്ടിയില്ല. അന്വേഷിച്ചപ്പോൾ അവർ മഠത്തിലില്ല. കക്ഷിയോടൊപ്പം അന്വേഷിപ്രവർത്തകർ അവരുടെ മഠത്തിന്റെ മുന്നിൽ കുത്തിയിരിപ്പ് സമരം നടത്തി. സമരം ചെയ്തവരെ പോലീസ് അറസ്റ്റ് ചെയ്തു. അതിനുശേഷം സർവ്വകക്ഷി യോഗം നടത്തി. ഫലമുണ്ടായില്ല. അവസാനം ലീഗൽ എയ്ഡ് സെൽ മുഖാന്തിരം കേസ് കൊടുത്തു. 2014ൽ പരാതിക്കാരിക്ക് അനുകൂല വിധി വന്നു. സന്യാസിനിക്ക് 2 വർഷം തടവും പിഴയും. അതിനു ശേഷം അവർ അപ്പീലിനു പോയി. ഇപ്പോഴും കേസ് നടന്നുകൊണ്ടിരിക്കുന്നു.

അതിനിടയിൽ സരസ്വതിക്ക് സർക്കാരിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ജോലി ലഭിച്ചു. അവർ അന്നുമുതൽ ഇന്നുവരെ എന്തു വിഷമം വന്നാലും അന്വേഷിയിലെത്തും. ശരിയായ പരിഹാരമുണ്ടാകുമെന്ന ആത്മവിശ്വാസത്തോടെ അവർ മുന്നേറുകയാണ്.

*സ്വന്തം പ്രശ്നത്തിന് പരിഹാരമുണ്ടായാൽ അതിനുശേഷം അതുപോലെയുള്ള പ്രശ്നങ്ങളുള്ള സ്ത്രീകൾക്കു വേണ്ടി പ്രവർത്തിക്കുന്നവർ ആരെങ്കിലുമുണ്ടോ?*

ഉണ്ട്. ഒരുപാടുപേരുണ്ട്. അതിലൊരാളാണ് ആയിഷ. കുടുംബസാഹചര്യം കൊണ്ട് തനിക്ക് യോജിക്കാത്ത ഒരാളെ വിവാഹം കഴിക്കേണ്ടി വന്ന ആളാണ് ആയിഷ. വിവാഹശേഷമാണ് അയാൾക്ക് സംശയരോഗമുണ്ടെന്ന് മനസ്സിലായത്. അയാൾ ജോലിക്കു പോകുകയും ഇല്ല, ഇവരെ വീട്ടിൽ നിന്ന് പുറത്തുപോകാൻ സമ്മതിക്കുകയുമില്ല. വിവാഹത്തിനു മുമ്പ് നല്ലൊരു ഗായികയായിരുന്ന ഇവർ കൂട്ടിലടച്ച കിളിയെപ്പോലെയായി. ഭക്ഷണത്തിനു പോലും ബുദ്ധിമുട്ട്, കൂടാതെ കടവും. പുറത്ത് പോകുന്ന സ്ത്രീകൾ മോശമാണ് എന്ന ചിന്തയായിരുന്നു ഭർത്താവിന്. എന്നും വഴക്കും ബഹളവും. ഈ സാഹചര്യത്തിലാണ് അന്വേഷിയിലെത്തുന്നത്. അയാളെ വിളിച്ചു സംസാരിച്ചു. അയാളുടെ ശരിയായ പ്രശ്നം എന്താണെന്നു മനസ്സിലായപ്പോൾ അതു പരിഹരിക്കാനുള്ള നടപടിയെടുത്തു. കഴിഞ്ഞ 4 വർഷമായി ഇവർ സുഖമായി കഴിയുന്നു. ആയിഷ ഒരു സ്ഥാപനത്തിൽ ജോലി ചെയ്ത് മാസം നല്ലൊരു തുക സമ്പാദിക്കുന്നു. കുട്ടികൾ പഠിക്കുന്നു. കൂടാതെ ഇങ്ങനെയുള്ള സാമൂഹിക പ്രശ്നങ്ങളിൽ സജീവമായി ഇടപെടുന്നു. ജനങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് പ്രവർത്തിക്കാനുള്ള ധൈര്യം അവർ ആർജ്ജിച്ചു. പ്രശ്നം അനുഭവിക്കുന്ന സ്ത്രീകളെ അന്വേഷിയിലെത്തിക്കുന്നു.

*ഏതെങ്കിലും തരത്തിലുള്ള ഉപദ്രവങ്ങൾ ഉണ്ടാവാറുണ്ടോ?*

അങ്ങനെ വ്യക്തിപരമായൊന്നുമില്ല. ചില മദ്യപാനികൾ ഫോണിലൂടെ വിളിച്ച് അസഭ്യം പറയും. സഹിക്കവയ്യാതെയാവുമ്പോൾ പോലീസിൽ പരാതിപ്പെടും. ഫോൺ ബന്ധം വിച്ഛേദിക്കാൻ വയ്യല്ലോ. പിന്നെ വ്യത്യസ്ത മതത്തിൽപ്പെട്ട പ്രണയികൾ വീട്ടുകാരുടെ എതിർപ്പിനെ തുടർന്ന് ഇവിടെയെത്താറുണ്ട്. അവരുടെ വീട്ടുകാരെ വിളിച്ച് സംസാരിച്ചിട്ടും ശരിയായില്ലെങ്കിൽ അവരുടെ തീരുമാനം

ശരിയാണെങ്കിൽ നിയമപ്രകാരം വിവാഹം കഴിക്കാനുള്ള സൗകര്യം ചെയ്തുകൊടുക്കും. അപ്പോഴും ചില ഭീഷണികളൊ ക്കെയുണ്ടാവും.

*ഇത്രയും റിസോഴ്സസ് ഉള്ള തുകൊണ്ട് പഠനത്തിനായി ആരെങ്കിലും വരാറുണ്ടോ?*

ഒരുപാടു കുട്ടികൾ ഇന്ത്യ യുടെ പലഭാഗത്തു നിന്നും ഇന്റേൺഷിപ്പിനും പ്രോജക്ട് വർക്കിനുമായി വരാറുണ്ട്. എം. എസ്.ഡബ്ല്യു, സൈക്കോളജി, ജെൻഡർ സ്റ്റഡീസ്, ജേർണ ലിസം തുടങ്ങിയ പഠനശാഖകളി ലുള്ളവർ കൂടാതെ. ഐ. ഐ.എം.കെ സ്റ്റുഡൻസും നിയമ വിദ്യാർത്ഥികളും ഗാർഹികപീഡ നത്തിൽ ഗവേഷണം ചെയ്യുന്ന വരും പഠനസഹായത്തിനായി വരാറുണ്ട്.

*ഈ സംഘടനയ്ക്ക് മറ്റു സ്ഥാപനങ്ങളുമായി ബന്ധ മുണ്ടോ?*

ഇതു പോലെ പ്രവർത്തി ക്കുന്ന എല്ലാ സ്ഥാപനങ്ങളു മായും ബന്ധമുണ്ട്. അവർ ചില കേസുകൾ ഇങ്ങോട്ടും ചില കേസുകളുടെ സ്വഭാവമനുസരിച്ച് ഞങ്ങൾ അങ്ങോട്ടും റഫർ ചെയ്യാറുണ്ട്.

*അന്വേഷിയിൽ പരാതികൾ എത്തുന്നത് എങ്ങനെയാണ്?*

അംഗനവാടി മുഖേന അന്വേഷി നടത്തുന്ന ക്ലാസ്സുകളി ലൂടെയും പ്രൊട്ടക്ഷൻ ഓഫീ സർ, ഭൂമിക, പോലീസ് സ്റ്റേഷൻ, ഇന്റർനെറ്റ്, ഹോസ്പിറ്റലുകൾ തുടങ്ങി എല്ലാ മാധ്യമങ്ങളിലൂ ടെയും അറിഞ്ഞിട്ടാണ് ഇവിടെ എത്തുന്നത്. മറ്റു സംസ്ഥാനങ്ങ ളിൽ നിന്ന് കേസുകൾ വരാറു ണ്ട്. ഒരിക്കൽ കേരളത്തിനു പുറത്ത് നഴ്സായി ജോലി ചെയ്തിരുന്ന ഒരു പെൺകുട്ടിയെ കോഴിക്കോട്ടുകാരനായ പട്ടാള ക്കാരൻ കല്യാണം കഴിക്കാമെന്ന് പറഞ്ഞ് ഒന്നിച്ച് ജീവിച്ചു. എന്നാൽ കല്യാണം കഴിക്കാൻ അയാൾ തയ്യാറായില്ല. ആ കുട്ടി അന്വേഷിയിൽ എത്തി.

**ഒരുപാടു കുട്ടികൾ ഇന്ത്യയുടെ പലഭാഗത്തു നിന്നും ഇന്റേൺഷിപ്പിനും പ്രോജക്ട് വർക്കിനുമായി വരാറുണ്ട്. എം.എസ്.ഡബ്ല്യു, സൈക്കോളജി, ജെൻഡർ സ്റ്റഡീസ്, ജേർണലിസം തുടങ്ങിയ പഠനശാഖകളിലുള്ളവർ കൂടാതെ ഐ.ഐ.എം സ്റ്റുഡൻസും നിയമവിദ്യാർത്ഥി കളും ഗാർഹികപീഡനത്തിൽ ഗവേഷണം ചെയ്യുന്നവരും പഠനസഹായത്തിനായി വരാറുണ്ട്.**

അവർക്കുവേണ്ട എല്ലാ സഹായവും അന്വേഷി ചെയ്തുകൊടുത്തു. സുനിതാകൃഷ്ണന്റെ (പ്രജ്ജ്വല, ഹൈദ്രബാദ്)സഹായത്തോടെ അവർ താമസിച്ച സ്ഥലത്ത് കേസ് കൊടുപ്പിച്ചു. ഇങ്ങനെ പലയിടത്തു നിന്നും കേസുകൾ എത്താറുണ്ട്.

*പരിഹരിക്കപ്പെട്ട പരാതികൾക്ക് ഫോളോഅപ്പ് നടത്താറുണ്ടോ?*

തീർച്ചയായും ഉണ്ട്. രണ്ടുമാസത്തിലൊരിക്കൽ ക്ലൈന്റ്സ് മീറ്റിംഗ് നടത്താറുണ്ട്. ഇതിൽ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടവരും പങ്കെടുക്കാ റുണ്ട്. അനുഭവങ്ങൾ പങ്കുവെയ്ക്കുന്നതിലൂടെ പ്രശ്നങ്ങൾ അനുഭവി ക്കുന്നവർക്ക് തങ്ങൾ ഒറ്റക്കല്ലാ എന്ന് തോന്നും. ജീവിതത്തിലേക്ക് തിരിച്ചു വരുന്നവരെ കാണുമ്പോൾ ഇവർക്ക് ആത്മവിശ്വാസം വർദ്ധി ക്കും. അവർക്കും എന്തെങ്കിലും അനുബന്ധപ്രശ്നങ്ങൾ ഉണ്ടെങ്കിൽ വേണ്ട സഹായം ചെയ്തുകൊടുക്കും. പരിഹരിക്കപ്പെട്ടു കഴിഞ്ഞാലും ഇടയ്ക്ക് ഫോണിലൂടെയും നേരിട്ടും പോയി കാര്യങ്ങൾ അന്വേഷി ക്കാറുണ്ട്. ഇനി ചിലർക്ക് പ്രശ്നപരിഹാരം ലഭിച്ചു കഴിഞ്ഞാൽ അന്വേഷിയിൽ നിന്നു വിളിക്കുന്നതോ അന്വേഷിക്കുന്നതോ ഇഷ്ടമ ല്ല. അതവരുടെ ഇഷ്ടത്തിനുവിടും.

*മറ്റു കൗൺസലിംഗ് സെന്ററുകളിൽ നിന്ന് അന്വേഷി വ്യത്യസ്തമാ കുന്നത് എങ്ങനെ?*

സ്ത്രീപക്ഷത്തു നിന്നാണ് പരാതി കേൾക്കുന്നത്. അതായത് പ്രശ്നത്തിന്റെ പിന്നിലുള്ള കാരണങ്ങളാണ് കണ്ടുപിടിക്കാൻ ശ്രമി ക്കുന്നത്. അതിനായി ഇരുകൂട്ടരുടേയും ബന്ധുക്കളെയും ചുറ്റുപാടുക ളും നേരിട്ടു പോയി കണ്ട് വിവരങ്ങൾ ശേഖരിക്കും. അതിനുശേഷം പരാതിക്കാർക്ക് ആവശ്യമെങ്കിൽ താമസസൗകര്യം കൊടുക്കുകയും നിയമസഹായം നൽകുകയും ചെയ്യാറുണ്ട്. ആവശ്യമെങ്കിൽ പോലീസ് സ്റ്റേഷൻ, ആശുപത്രി തുടങ്ങിയ ഇടങ്ങളിൽ പരാതിക്കാരി യോടൊപ്പം അന്വേഷി പ്രവർത്തകർ പോകാറുണ്ട്.

*ഭാവിയിൽ അതിക്രമങ്ങൾ കുറയ്ക്കാൻ എന്തെങ്കിലും മാർഗ്ഗ മുണ്ടോ?*

എളുപ്പത്തിൽ ഒരു മാർഗ്ഗവുമില്ല. ബോധവതികളായിരിക്കുക. തങ്ങ ളുടെ മനസ്സിന്റേയും ശരീരത്തിന്റേയും ഉടമ തങ്ങൾ തന്നെയാണെന്ന ബോധം ഉണ്ടാകുക. പ്രതികരിക്കുക... ആത്മവിശ്വാസം നേടിയെടുക്കു ക.

22 വർഷത്തോളമായി അന്വേഷി പ്രവർത്തിക്കുന്നു. അനുഭവങ്ങൾ എത്ര എഴുതിയാലും തീരില്ല. എന്നാലും വേദനിക്കുന്ന, തങ്ങൾക്ക് ആരു മില്ലെന്ന തോന്നലുള്ള പെൺഹൃദയങ്ങൾക്ക് താങ്ങായി, കൂട്ടായി അന്വേഷി ഉണ്ട്. അവർക്ക് എപ്പോൾ വേണമെങ്കിലും ഇങ്ങോട്ട് കടന്നു വരാം. അന്വേഷിയുടെ വാതിലുകൾ അവർക്കായി തുറന്നു കിടക്കുന്നു. ●

*(ലേഖനത്തിൽ പരാമർശിച്ച പേരുകൾ സാങ്കല്പികമാണ്.)*

കവർസ്റ്റോറി

# ലിംഗനീതിക്കുവേണ്ടി സ്ത്രീപക്ഷ നിയമസാധ്യതകൾ -നിയമസഹായ സെൽ





വസന്ത പി.

അന്വേഷിയിലെത്തുന്ന പരാതിക്കാർക്കുവേണ്ടുന്ന മുഴുവൻ നിയമസഹായവും ലഭ്യമാകുന്നത് നിയമസഹായസെൽ വഴിയാണ്. ഈ നിയമസഹായം പൂർണ്ണമായും സൗജന്യമാണ്. കുടുംബകോടതിയിലെ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി മുതിർന്ന ഒരു അഭിഭാഷകയും ഗാർഹികപീഡന നിരോധന നിയമപ്രകാരം ഗവണ്മെന്റ് നിയമിച്ച ഒരു അഭിഭാഷകയും, കൂടാതെ നിയമ ക്ലാസ്സുകൾ എടുക്കുന്നതിനായി മറ്റൊരു അഭിഭാഷകയും നിയമസഹായ സെല്ലിൽ ഉണ്ട്.

അന്വേഷിയിൽ ലഭിക്കുന്ന പരാതികളിൽ ഭൂരിഭാഗവും ഗാർഹികപീഡനങ്ങളുമായി ബന്ധപ്പെട്ടാണ്. പരാതിക്കാർ വന്ന് പരാതി നല്കിയാലുടൻ അതിൽ ഫീൽഡ് വിസിറ്റും കൗൺസെലിങ്ങും നടത്തി പരിഹാരം കാണാൻ ശ്രമിക്കും. പരിഹരിക്കാൻ കഴിയാത്തവ നിയസഹായസെല്ലിലേക്ക് അയക്കും. പരാതിക്കാർ അഭിഭാഷകയുമായി സംസാരിച്ച് പരാതിയിൽ എന്ത് നടപടിയാണ് കൈക്കൊള്ളേണ്ടത് എന്ന് പരാതിക്കാരുടെ ആവശ്യത്തിന് പ്രാധാന്യം നല്കി തീരുമാനിക്കും.

ഉദാഹരണത്തിന് മകൻ മദ്യപിച്ചുവന്ന് അമ്മയെ ശാരീരികമായി ഉപദ്രവിക്കുന്ന ഒരു പരാതിയാണെങ്കിൽ ഉടൻ പരാതി തയ്യാറാക്കി കൂടെ ഫീൽഡ് വർക്കറുമായി ആ അമ്മയെ പോലീസ് സ്റ്റേഷനിൽ കൊണ്ടുപോകും. മിക്കവാറും പരാതികൾ അവിടെ തീരുമാനമാകും. അയാൾ അമ്മയെ ഉപദ്രവിക്കുക മാത്രമല്ല ചെലവിന് കൊടുക്കുന്നില്ല എങ്കിൽ കുടുംബകോടതിയിൽ ചെലവിന് കിട്ടാൻ കേസു ഫയൽ ചെയ്യും. ഇതുമാത്രമല്ല അയാൾ അമ്മയെ വീട്ടിൽനിന്നും അടിച്ചിറക്കിയിട്ടുണ്ടെങ്കിൽ ഗാർഹികപീഡന നിരോധന നിയമപ്രകാരം സംരക്ഷണ ഉത്തരവും മകൻ വീട്ടിൽ

കയറി വന്ന് ഉപദ്രവിക്കരുതെന്ന് റസിഡൻസ് ഓർഡറും വാങ്ങിക്കൊടുക്കും. അതുപോലെതന്നെ ഭാര്യാഭർതൃപ്രശ്നത്തിലാണെങ്കിൽ ചെറിയ കുഴപ്പക്കാരനാണെങ്കിൽ പോലീസിന്റെ ഒരു വിരട്ടൽകൊണ്ട് പ്രശ്നം തീർപ്പാകും എന്ന് ബോധ്യപ്പെട്ടാൽ പോലീസ് സ്റ്റേഷനിൽ പരാതി നല്കും.

ഗാർഹികപീഡനങ്ങളിൽ പല കേസുകളിലും പരാതിക്കാരിയുടെ സ്വത്ത് മുഴുവൻ കൈക്കലാക്കി രണ്ടുമൂന്നു മക്കളുമാകുമ്പോൾ ഭാര്യയ്ക്ക് സൗന്ദര്യമില്ലെന്ന തോന്നലുണ്ടാവും. അപ്പോൾ ഭാര്യയെ ഉപേക്ഷിച്ച് സുന്ദരിയായ മറ്റൊരു പെണ്ണിനെ വിവാഹം കഴിക്കാനാകും ശ്രമം. അതിനായി ഭാര്യയെ വീട്ടിൽനിന്നും ഇറക്കി വിടും. ഇങ്ങനെ വന്നാൽ ഗാർഹികാതിക്രമ സംരക്ഷണ നിമയപ്രകാരം കേസ് ഫയൽ ചെയ്ത് റസിഡൻസ് ഓർഡറും സംരക്ഷണ ഓർഡറും വാങ്ങാൻ സഹായിക്കും.

പരാതിക്കാരിക്കും മക്കൾക്കും ചെലവിനു കിട്ടാനായി മാത്രം വരുന്നവരുണ്ട്. അതിനായി കുടുംബകോടതിയിൽ കേസ് ഫയൽ ചെയ്ത് ചെലവ് സംഖ്യ വാങ്ങി നല്കും. ഇപ്പോൾ മിക്കവാറും കേസുകളിൽ ചെലവ് സംഖ്യ ലഭിക്കുന്നുണ്ട്. ചില കേസുകളിൽ പണം അടക്കാത്തവർ ജയിലിൽ കഴിയുന്നുമുണ്ട്.

അന്വേഷിയിൽ എത്തിയാൽ ബന്ധം വേർപെടുത്തലുകളാണ് നടക്കുന്നത് എന്ന് ഒരു മിഥ്യാധാരണ ചിലർക്കുണ്ട്. ഇവിടെ വരുന്നവർ, എനിക്ക് മതിയായി മാഡം ഇനി ഞാൻ അയാളുടെ കൂടെ പോകില്ല എനിക്ക് വിവാഹമോചനം മാത്രം മതി, മക്കളെ ഞാൻ എങ്ങനെയെങ്കിലും വളർത്തിക്കോളാം എന്നു തീർത്തുപറഞ്ഞാൽ പോലും ഒരിക്കലും ഒരു വിവാഹമോചനക്കേസ് ആദ്യം തന്നെ കോടതിയിൽ ഫയൽ ചെയ്യാറില്ല. കാരണം ഭാര്യക്കും മക്കൾക്കും

**ഗാർഹികപീഡനങ്ങളിൽ പല കേസുകളിലും പരാതിക്കാരിയുടെ സ്വത്ത് മുഴുവൻ കൈക്കലാക്കി രണ്ടുമൂന്നു മക്കളുമാകുമ്പോൾ ഭാര്യയ്ക്ക് സൗന്ദര്യമില്ലെന്ന തോന്നലുണ്ടാവും. അപ്പോൾ ഭാര്യയെ ഉപേക്ഷിച്ച് സുന്ദരിയായ മറ്റൊരു പെണ്ണിനെ വിവാഹം കഴിക്കാനാകും ശ്രമം. അതിനായി ഭാര്യയെ വീട്ടിൽനിന്നും ഇറക്കി വിടും. ഇങ്ങനെ വന്നാൽ ഗാർഹികാതിക്രമ സംരക്ഷണ നിമയപ്രകാരം കേസ് ഫയൽ ചെയ്ത് റസിഡൻസ് ഓർഡറും സംരക്ഷണ ഓർഡറും വാങ്ങി നല്കും.**

ചെലവിനു കൊടുക്കാൻ പുരുഷന് ബാധ്യതയുണ്ട്. കൂടാതെ ഭാര്യയുടെ സ്വർണ്ണം മുഴുവൻ എതിർകക്ഷി എടുത്തു വിറ്റു മദ്യപിച്ചിട്ടുണ്ടാവും. അതിനാൽതന്നെ ആദ്യം ചെലവിനു കിട്ടാനുള്ള കേസ് ഫയൽ ചെയ്യും. എതിർകക്ഷി വീട്ടിലില്ലെങ്കിലും കോടതിയിൽ ഹാജരാവും. കോടതിയിലും കൗൺസെലിങ്ങ് നടക്കുകയും ചിലപ്പോൾ പ്രശ്നങ്ങൾ പരിഹരിച്ച് ഒരുമിച്ച് ജീവിക്കാനുള്ള സാധ്യയുണ്ടാവുകയും ചെയ്യും. അല്ലെങ്കിൽ എതിർകക്ഷിയുടെ വക്കീലുമായി സംസാരിച്ച് മക്കൾക്കും ഭാര്യക്കും ചെലവിനും കൂടാതെ സ്വർണ്ണത്തിന്റെ വിലയായി ഒരു സംഖ്യയും വിവാഹമോചനവും പരാതിക്കാരിക്കു വാങ്ങി നല്കാനാവും. അവർക്ക് അതുപയോഗിച്ച് മക്കളെ വളർത്താം.

ചിലർ വിവാഹമോചനം മാത്രം ആവശ്യപ്പെടും. എന്നാൽ ഭർത്താവ് തിരിച്ചുതരാനുള്ള സ്വർണ്ണവും പണവും വാങ്ങിത്തരണമെന്നും ആവശ്യപ്പെട്ടും ഏറെ പരാതിക്കാർ എത്താറുണ്ട്. എതിർകക്ഷികൾക്കും വിവാഹമോചനത്തിന് പ്രശ്നമുണ്ടാവില്ല. എന്നാൽ ബാധ്യത തീർക്കാൻ സാമ്പത്തികമായി പറ്റില്ല എന്നു പറയും. അവരുമായി സംസാരിച്ച് കാര്യങ്ങൾ ബോധ്യപ്പെടുത്തി ആവശ്യമായ കാലാവധി നല്കി മ്യൂച്ചൽ പെറ്റീഷൻ നല്കി വിവാഹമോചനവും കൂടാതെ കിട്ടാനുള്ള സ്വർണ്ണമോ അല്ലെങ്കിൽ മതിയായ ഒരു സംഖ്യയോ ലഭ്യമാക്കും.

ഗാർഹികപീഡന പ്രശ്നവുമായി പരാതിക്കാരി സാധാരണ ഒരു വക്കീലിനെ സമീപിച്ചാൽ അവർ ആദ്യം ചെയ്യുന്നത് ഒരു പീഡനക്കേസ് ഫയൽ ചെയ്യുകയാണ്. പരാതിക്കാരിക്ക് പീഡനക്കേസ് എന്താണെന്നോ അതിന്റെ ഭവിഷ്യത്ത് എന്താണെന്നോ അറിയില്ല. അവർക്ക് പ്രശ്നം പരിഹരിക്കണമെന്നേ ഉണ്ടാവൂ. എന്നാൽ പീഡനക്കേസ് ഫയൽ ചെയ്ത് കഴിഞ്ഞാൽ അവർക്ക് പിന്നെ അയാളുടെ കൂടെ ജീവിക്കാൻ പറ്റില്ല. അതിനാൽ പരാതിക്കാരിക്ക് കേസ് സംബന്ധമായ എല്ലാ കാര്യങ്ങളും വിശദീകരിച്ച് നല്കി അവരുടെ നിർദ്ദേശപ്രകാരമാണ് കേസുകൾ ഫയൽ ചെയ്യുന്നത്.

മറ്റുപ്രശ്നങ്ങളിൽ(ബലാത്സംഗം, ലൈംഗിക ചൂഷണം, വഞ്ചന) ഒരിക്കലും ഒരു ഒത്തുതീർപ്പിനായി എതിർകക്ഷികളെ വിളിപ്പിക്കുകയോ ഒത്തുതീർപ്പിന് ശ്രമിക്കുകയോ ചെയ്യാറില്ല. നിയമപരമായി കേസുകൾ നടത്താൻ പരാതിക്കാരെ സഹായിക്കും. ●

അനുഭവം

# നാടകപ്രവർത്തനങ്ങളിൽ അന്വേഷി



ശ്രീജ. കെ.വി

**1980**കൾ കേരളത്തിൽ സ്വതന്ത്രസ്ത്രീസംഘടനകളുടെ പ്രാരംഭകാലമായിരുന്നു. 1985-87 കാലഘട്ടത്തിൽ പട്ടാമ്പി കോളേജിൽ പഠിക്കുമ്പോഴാണ് അദ്ധ്യാപികമാരും വിദ്യാർത്ഥിനികളും ചേർന്ന് 'മാനുഷി' എന്ന സ്വതന്ത്രസ്ത്രീസംഘടന രൂപീകരിക്കുന്നത്. മാനുഷി, ബോധന, പ്രചോദന തുടങ്ങിയ സ്വതന്ത്രസ്ത്രീസംഘങ്ങൾ ചേർന്ന് പട്ടാമ്പിയ്ക്കടുത്തുള്ള വാവന്നൂരിൽ സ്വതന്ത്രസ്ത്രീസംഘങ്ങളുടെ കൂടിച്ചേരൽ സംഘടിപ്പിച്ചപ്പോഴാണ് അജിതയടക്കമുള്ള ബോധനയിലെ അംഗങ്ങളെ അടുത്തറിയുന്നത് പിന്നീട് പല പരിപാടികളും ഒന്നിച്ച് സംഘടിപ്പിക്കുകയും ഒന്നിച്ച് പങ്കെടുക്കുകയും ചെയ്യുകയുണ്ടായി.

മാനുഷിയുടെയും പ്രചോദനയുടേയും സംഘടനാപരമായ പ്രവർത്തനം പതുക്കെ നിലച്ചുവെങ്കിലും അതിൽ പ്രവർത്തിച്ചിരുന്ന ഒട്ടുമിക്ക സ്ത്രീകളും പലരീതിയിൽ പലമേഖലകളിൽ ഇപ്പോഴും സജീവമായി നിൽക്കുന്നുണ്ട്. ബോധനയിലുണ്ടായിരുന്ന അജിതയും അമ്മേടത്തിയും അടക്കമുള്ളവർ പലരും ചേർന്നാണ് അന്വേഷി രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നത്. ധാരാളം അനുഭവസമ്പത്തുള്ള ഒരു കൂട്ടം സ്ത്രീകളുടെ സംഘമായതുകൊണ്ടുതന്നെയാണ് അന്വേഷിക്ക് ഇത്രയും കാലം സജീവമായി സാമൂഹ്യരാഷ്ട്രീയരംഗങ്ങളിൽ ഇടപെടാൻ കഴിയുന്നത്. അതത്ര ചെറിയ കാര്യമല്ല. സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് സമീപിക്കാനായി അന്വേഷിയുണ്ട് എന്നൊരു ധൈര്യം തോന്നുന്നു എന്നുള്ളതും അത്ര നിസ്സാരമല്ല. പലപ്പോഴും പല പ്രശ്നങ്ങളുമായി അന്വേഷിയേയും അജിതയേയും സമീപിക്കേണ്ടിവന്നിട്ടുണ്ട്. അപ്പോഴൊക്കെ അവർക്ക് കഴിയാവുന്ന സഹായം ചെയ്തിട്ടുമുണ്ട്.

അന്വേഷിയിലെ മുഴുവൻ അംഗങ്ങളേയും അടുത്തറിയുന്നത് അന്വേഷി നടത്തിയ രണ്ടുദിവസത്തെ നാടകക്യാമ്പിൽ പങ്കെടുത്തപ്പോഴാണ്. അന്വേഷിയിലെ സ്ത്രീകളും പുറത്തുനിന്നുള്ള സ്ത്രീകളുമടങ്ങിയ മുപ്പതോളം പേർ അതിൽ പങ്കെടുത്തിരുന്നു. പല പ്രായത്തിലും തരത്തിലും പെട്ട സ്ത്രീകൾ. അജിതേച്ചിയും അമ്മേടത്തിയും ചാരുലതയും മറ്റും അടങ്ങിയ സംഘം നാടകം കളിച്ചും സ്ത്രീകളുടെ പ്രശ്നങ്ങൾ പ്രതിപാദിക്കുന്ന ചെറുനാടകങ്ങൾ രൂപപ്പെടുത്തിയും നടത്തിയ ക്യാമ്പ് വളരെ ഊർജ്ജദായകവും ആഹ്ലാദകരവുമായ ഒരനുഭവമായിരുന്നു. ഒരു പൂർണ്ണ നാടകം ചെയ്തില്ലെങ്കിലും എല്ലാ ക്യാമ്പംഗങ്ങളും പങ്കെടുത്ത മൂന്നാല് ചെറുനാടകരൂപരേഖകൾ അതിൽ രൂപപ്പെടുകയുണ്ടായി.

പിന്നീട് നാടകത്തിലൂടെയാണ് അന്വേഷിയുമായി ബന്ധപ്പെടുന്നത്. അന്വേഷിയുടെ 20-ാംവാർഷികാഘോഷത്തിൽ കോഴിക്കോട് ടൗൺഹാളിൽ 'കാറ്റ് കൊണ്ട് വീട് വെയ്ക്കുന്നവർ' എന്ന നാടകം അവതരിപ്പിച്ചു. അന്ന് നടന്ന എല്ലാ കലാപരിപാടികളിലും പങ്കെടുത്തത് സ്ത്രീകളായിരുന്നു.

അന്വേഷിയുടെ ഏറ്റവും മികച്ച ഒരു കാൽവെയ്പ്പാണ് സംഘടിത മാസിക. പരിമിതികളും പരാധീനതകളും ഒക്കെയുണ്ടെങ്കിലും അതിനെയൊക്കെ അതിജീവിച്ച് കൊണ്ട് കേരളത്തിലെ ഏറ്റവും ഗൗരവമുള്ള സ്ത്രീമാസികയായി അത് വളർന്നിരിക്കുന്നു. കേരളത്തിലെ സാമൂഹ്യരാഷ്ട്രീയകലാസാംസ്കാരിക രംഗത്ത് സജീവമായി നിൽക്കുന്ന ഒട്ടുമിക്ക സ്ത്രീകളുടേയും പല രീതിയിലുള്ള സഹകരണം സംഘടിതയ്ക്ക് ലഭിക്കുന്നുവെന്നുള്ളത് അതിന്റെ ഈ രംഗത്തുള്ള സാധ്യത കൂട്ടുന്നുണ്ട്. സംഘടിതയുടെ കൃഷിപ്പതിപ്പിന്റെ അതിഥി പത്രാധിപയാകാൻ കഴിഞ്ഞത് ഏറെ സന്തോഷം തന്ന കാര്യമാണ്. ഓരോ ലക്കവും ഓരോ വിഷയങ്ങൾക്ക് പ്രാധാന്യം കൊടുക്കുക, എല്ലാ ലക്കത്തിലും മുഖ്യപത്രാധിപയോടൊപ്പം ഒരു അതിഥി പത്രാധിപ ഉണ്ടാകുക എന്ന രീതി മാസികയുടെ ആഴവും ഗൗരവവും കൂട്ടുന്നുണ്ട്. ഒരു പക്ഷേ ഈ രീതിയിൽ മലയാളത്തിൽ ഇറങ്ങുന്ന ഒരേയൊരു മാസിക സംഘടിതയാവും എന്ന് തോന്നുന്നു. അതിഥിയായി എത്തുന്ന പത്രാധിപയ്ക്കും ഒരു പ്രത്യേക വിഷയത്തെ കൂടുതൽ ഗൗരവമായി മനസ്സിലാക്കാൻ സഹായകമാകുന്നു എന്നുള്ളതിന് എന്റെ അനുഭവം തന്നെ സാക്ഷിയാണ്.

ഒരുപാട് ബുദ്ധിമുട്ടുകളും പരാധീനതകളും പരിമിതികളും ദുരിതങ്ങളും പ്രശ്നങ്ങളുമെല്ലാം സഹിച്ചു മാത്രമേ ഒരു സ്ത്രീസംഘടനയ്ക്കും മാസികയ്ക്കും നിലനിൽക്കാൻ കഴിയുകയുള്ളൂ. കേരളത്തിലെ സ്ത്രീകൾക്ക് സ്വന്തം പ്രശ്നങ്ങളിൽ സമീപിക്കാനായി പ്രതീക്ഷയായി അന്വേഷിയും സംഘടിതയും നിലനിൽക്കേണ്ടത് നമ്മുടെ ഓരോരുത്തരുടേയും ആവശ്യവും ഉത്തരവാദിത്വവും ആണെന്ന് ഞാൻ വിശ്വസിക്കുന്നു, ആഗ്രഹിക്കുന്നു. ●

കവർസ്റ്റോറി



# സ്ത്രീജീവിതങ്ങളിൽ നിന്ന് സ്ത്രീവാദ രാഷ്ട്രീയത്തിലേക്കും തിരിച്ചും- കമ്മ്യൂണിറ്റിവർക്ക് എന്ന അടിസ്ഥാനതല ഇടപെടലുകൾ



എലിസബത്ത്

നവോത്ഥാനപ്രസ്ഥാനങ്ങളുടെ പോരാട്ടങ്ങൾ കൊണ്ട് സാമൂഹ്യവും രാഷ്ട്രീയവും വിദ്യാഭ്യാസപരവുമായി പ്രബുദ്ധതയാർന്ന കേരളം, ആരോഗ്യകാര്യത്തിൽ ലോകരാഷ്ട്രങ്ങൾക്കൊപ്പം എത്തിനില്ക്കുന്ന കേരളം. ഇങ്ങനെയുള്ള ഒരു സംസ്ഥാനത്ത് സ്ത്രീപീഡനമോ? അധികമാരും സമ്മതിച്ചു കൊടുക്കാൻ തയ്യാറാകാതിരുന്ന ഒരു കാലഘട്ടത്തിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരെ മാനസികവും ശാരീരികവും ലൈംഗികവുമായ അതിക്രമങ്ങൾ പെരുകിക്കൊണ്ടേയിരുന്നു. സമൂഹത്തിൽ ഇത്തരം അതിക്രമങ്ങൾ ഇല്ലാതാകണമെങ്കിൽ സ്ത്രീകളുടെ പദവിയും അധികാരവും പുരുഷന്മാർക്ക് തുല്യമാകണം. ഇതിലൂടെ മാത്രമേ സാമൂഹ്യനിർമ്മിതമായ ഈ വൈരുദ്ധ്യങ്ങൾ പരിഹരിക്കപ്പെടുകയുള്ളൂ എന്നു വിശ്വസിക്കുകയും അതിനു വേണ്ടി പരിശ്രമിക്കുകയും ചെയ്ത ഒരുകൂട്ടം സ്ത്രീകൾ. അവർ വ്യത്യസ്ത രാഷ്ട്രീയസാമൂഹ്യ സാഹചര്യങ്ങളിൽ നിന്നും വന്ന് ഒത്തുകൂടിയവരായിരുന്നു എങ്കിലും ലക്ഷ്യം ഒന്നായിരുന്നു. പൊതുസ്ഥലങ്ങളിലും തൊഴിലിടങ്ങളിലും യാത്രാവേളകളിലും കലാലയങ്ങളിലും എന്തിനധികം, സ്വന്തം വീടുകളിൽപോലും സ്ത്രീകൾക്കു നേരെയുള്ള ഇത്തരം ക്രൂരതകളെ ഇല്ലാതാക്കുക എന്നതായിരുന്നു ലക്ഷ്യം. ഈ ലക്ഷ്യവും ഒത്തുചേരലുമാണ് അന്വേഷി. 1993ൽ തന്നെ അന്വേഷി അതിന്റെ പോരാട്ടം തുടങ്ങിയിരുന്നുവെങ്കിലും സാമ്പത്തികമായ ബുദ്ധിമുട്ടുകൾ മൂലം പലപ്പോഴും പ്രശ്നങ്ങളിൽ കൃത്യ

സമയത്ത് ഇടപെടാൻ കഴിഞ്ഞിരുന്നില്ല. എന്നാലും അന്വേഷിയുടെ പ്രവർത്തനങ്ങളും സമരരീതികളും കേരളം മുഴുവൻ ശ്രദ്ധയാകർഷിച്ചിരുന്നു. ഈ സമയത്താണ് കേന്ദ്രആരോഗ്യ കുടുംബക്ഷേമമന്ത്രാലയം വഴി യു.എന്നിന്റെ ഒരു ഗ്രാന്റ് അനുവദിച്ചത്. ഈ ഗ്രാന്റ് കിട്ടിയത് മുതൽ അതായത് 2000 ജനുവരി ഒന്നു മുതൽ വിമെൻസ് സപ്പോർട്ട് അഡ്വക്കസി സെന്റർ എന്ന പ്രോജക്ടിന് അന്വേഷി രൂപം കൊടുത്തു. അതിന്റെ പ്രവർത്തനങ്ങൾ വിപുലമായി നടത്താൻ തുടങ്ങി.

തുടക്കത്തിൽ 6 ഫീൽഡുവർക്കർമാരാണുണ്ടായിരുന്നത്. അംബുജം, വിക്ടോറിയ, നബീസ, സരോജം, ശാന്ത എന്നിവരും ഞാനും. ഞങ്ങൾ അമ്മുവേടത്തി എന്നു വിളിച്ചിരുന്ന അംബുജം ഇന്ന് ഞങ്ങളോടൊപ്പം ഇല്ല. രോഗം വന്ന് അവർ അന്തരിച്ചു. 'അന്വേഷി'യിൽ ഈ സമയത്ത് ഒരുപാടു കേസുകൾ വന്നുകൊണ്ടേയിരുന്നു. ഗ്രാന്റുകിട്ടാൻ തുടങ്ങിയതു മുതൽ എങ്ങനെ ഇനിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകണം എന്ന് കാര്യമായ ചർച്ചകൾ നടത്തുകയും അതിൽ നിന്ന് രൂപം കൊണ്ട ആശയങ്ങൾ പ്രവർത്തിപഥത്തിൽ കൊണ്ടുവരാൻ തീരുമാനിക്കുകയും ചെയ്തു. മേൽപറഞ്ഞ പ്രോജക്ട് ഉദ്ഘാടനത്തിന് പ്രചരണം നടത്തുകയാണ് ആദ്യം ചെയ്തത്.

## ഫീൽഡ് വർക്ക് അനുഭവങ്ങൾ

കോഴിക്കോട് ജില്ലയിലെ മൂന്ന് താലൂക്കുകളെ മൂന്നു മേഖലകളായി തെരഞ്ഞെടുത്ത് കോഴിക്കോട്, കൊയിലാണ്ടി, വടകര. രണ്ടു പേർ അടങ്ങുന്ന ഫീൽഡുവർക്കർമാർ അതാത് മേഖലയിലുള്ള പോലീസ് സ്റ്റേഷനുകൾ, സി.ഐ ഓഫീസ്, ഡി.വൈ.എസ്.പി ഓഫീസ്, ഐ.സി.ഡി.എസ് ഓഫീസ്, ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ്, ഗ്രാമപഞ്ചായത്ത് ഓഫീസുകൾ വില്ലേജ് ഓഫീസുകൾ, ഹെൽത്ത് സെന്ററുകൾ, ഗ്രാമീണ വായനശാലകൾ, ഓരോ ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകൾക്കും കീഴിലുള്ള അംഗൻവാടികൾ (അംഗൻവാടികളുടെ എണ്ണവും അഡ്രസ്സുകളും ബി.ഡി.ഒ ഓഫീസുകളിൽ നിന്നും ശേഖരിച്ചു) ബാലവാടികൾ, മഹിളാസമാജങ്ങൾ എന്നിവയും കണ്ടുപിടിച്ച് അവിടങ്ങളിൽ കയറിയിറങ്ങി അന്വേഷിയുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുന്ന നോട്ടീസും ഉദ്ഘാടനത്തിനുള്ള ക്ഷണക്കത്തും കൊടുത്തുകൊണ്ടും പ്രവർത്തനങ്ങളെപ്പറ്റി ലഘുവിവരണങ്ങൾ നടത്തിക്കൊണ്ടുമാണ്



പ്രചരണം നടത്തിയത്. ഈ സമയം കേരളത്തിൽ മാതൃകാ പോലീസ് സ്റ്റേഷനുകൾ പ്രവർത്തനം തുടങ്ങിയ ഒരു കാലഘട്ടം കൂടിയായിരുന്നു. കോഴിക്കോട്ടുള്ളതു കൂടാതെ പയ്യോളിയിലും വടകരയിലും കൊയിലാണ്ടിയിലുമൊക്കെയുള്ള മാതൃകാപോലീസ് സ്റ്റേഷനുകളിലും വനിതാ സെല്ലുകളിലുമൊക്കെ ഞങ്ങൾ കയറി പ്രചരണനോട്ടീസ് കൊടുത്തു. മിക്കവാറും എല്ലാ പോലീസ് സ്റ്റേഷനുകളിൽ നിന്നും ഉന്നതപോലീസ് ഓഫീസർമാരുടെ അടുത്തു നിന്നും നല്ല സഹായസഹകരണങ്ങൾ അന്വേഷിയുടെ തുടർപ്രവർത്തനങ്ങൾക്ക് വാഗ്ദാനം ചെയ്യുക മാത്രമല്ല അത് പ്രാവർത്തികമാക്കാൻ അവർ സഹകരിക്കുകയും ചെയ്തു. ഇത് അന്വേഷിയുടെ വളർച്ചക്ക് വളരെ അനുകൂലമായ ഘടകമായിരുന്നു.

താഴെത്തട്ടിൽ അന്വേഷിയുടെ പ്രവർത്തനങ്ങൾ എത്തിക്കുവാൻ അംഗൻവാടികളെയാണ് ആശ്രയിക്കേണ്ടത് എന്ന തിരിച്ചറിവിനെ തുടർന്ന് അംഗൻവാടികളുമായി ബന്ധപ്പെടുകയും അവർ മുഖേന സാധാരണ സ്ത്രീകൾക്ക് നിയമത്തെപ്പറ്റി സാമാന്യഅവബോധം ഉണ്ടാക്കുന്നതിന് നിയമസാക്ഷരതാക്ലാസ്സുകൾ നൽകുകയും ചെയ്തു. ആദ്യമായി ഇങ്ങനെയൊരു ക്ലാസ് നടത്തിയത് മുതുകാട് എന്ന സ്ഥലത്തുള്ള അംഗൻവാടിയിൽ വെച്ചായിരുന്നു. പിന്നീട് കോട്ടൂളിയിലെ ഒരു വീട്ടിൽ വെച്ചും നടത്തുകയുണ്ടായി. മുതുകാട് പെരുവണ്ണാമൂഴിയിൽ നിന്നും വളരെ അകലെയുള്ള സ്ഥലമാണ്. ആദ്യമായി നിയമസാക്ഷരതാ ക്ലാസ് നടത്തുവാൻ വേണ്ടി അഡ്വ.ഭദ്രകുമാരിയോടൊപ്പം, വിക്ടോറിയയും ഞാനുമായിരുന്നു പോയത്. രണ്ടു മണിക്കൂർ ക്ലാസ്സെടുത്തു. സ്ത്രീകൾക്കനുകൂലമായ നിയമങ്ങൾ നിലവിലുണ്ടെന്ന അറിവ് പല സ്ത്രീകൾക്കും പുതിയ അറിവായിരുന്നു.



**തുടക്കത്തിൽ ഉൾനാടൻ പ്രദേശങ്ങളിൽ നിയമസാക്ഷരതാക്ലാസ്സുകളിൽ സ്ത്രീകൾ മാത്രം പങ്കെടുക്കുന്നത് പലപ്പോഴും പല പുരുഷന്മാരെയും സംശയാലുക്കളാക്കിയിട്ടുണ്ട്.**

ക്ലാസ്സിനു ശേഷം അന്ന് കോഴിക്കോട് തിരിച്ചെത്തുമ്പോൾ രാത്രി ഒമ്പത് മണി. സ്ത്രീകൾ അത്യാവശ്യം അറിഞ്ഞിരിക്കേണ്ട നിയമങ്ങളും സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമത്തെപ്പറ്റിയും സ്ത്രീധനനിരോധന നിയമം, സ്വത്ത് സംബന്ധമായ അവകാശങ്ങൾ, വിവാഹനിയമങ്ങൾ, സ്ത്രീശാക്തീകരണത്തിന്റെ ആവശ്യം, ഇവയൊക്കെയാണ് മിക്കവാറും ക്ലാസ്സുകളിൽ വിഷയമായിരുന്നത്.

അഡ്വക്കറ്റിനെ അവരുടെ താമസസ്ഥലമായ വെള്ളിമാടുകുന്നിലെ ക്വാർട്ടേഴ്സിൽ എത്തിച്ച ശേഷമാണ് ഞാനും വിക്ടോറിയയും തിരിച്ച് ഞങ്ങളുടെ വീടുകളിൽ എത്തിയത്. പിന്നീട് ഇതേ സ്ഥലത്ത് 250 ലധികം സ്ത്രീകളെ പങ്കെടുപ്പിച്ച് കൊണ്ട് സ്ത്രീശാക്തീകരണ സെമിനാർ സംഘടിപ്പിക്കുവാൻ കഴിഞ്ഞു. ഇതേ പോലെ ജില്ലയിലെ മിക്കവാറും അംഗൻവാടികളിലും നിയമസാക്ഷരതാ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും സ്ത്രീശാക്തീകരണ വിഷയങ്ങൾ എടുത്തു കൊണ്ട് സെമിനാറുകൾ നടത്തുകയും ഫീൽഡുവർക്കിന്റെ ഭാഗമായി ചെയ്തിട്ടുണ്ട്. തുടക്കത്തിൽ ഉൾനാടൻ പ്രദേശങ്ങളിൽ നിയമസാക്ഷരതാക്ലാസ്സുകളിൽ സ്ത്രീകൾ മാത്രം പങ്കെടുക്കുന്നത് പലപ്പോഴും പല പുരുഷന്മാരെയും സംശയാലുക്കളാക്കിയിട്ടുണ്ട്. തങ്ങളുടെ വീട്ടിലെ സ്ത്രീകളെയെല്ലാം അന്വേഷി ഇടപെട്ട് പുരുഷന്മാർക്കെതിരെ തിരിക്കുകയാണെന്നും അതുകൊണ്ട് ഇത്തരം ക്ലാസ്സിൽ ഇവരുടെ വീട്ടിലെ സ്ത്രീകൾ പങ്കെടുക്കേണ്ട എന്നും ഈ പരിസരത്തു വെച്ച് ക്ലാസ്സുകൾ നടത്തരുത് എന്നും അംഗൻവാടി വർക്കർമാർക്ക് താക്കീത് കൊടുക്കുകയും ചെയ്ത സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. ചില ആണുങ്ങൾ വക്കീലിന്റെ ക്ലാസ്സ് നടക്കുന്ന സമയത്ത് അതിന്റെ പരിസരത്ത് ചുറ്റിപ്പറ്റി നടക്കുമ്പോൾ അവരെക്കൂടി വിളിച്ച് ക്ലാസ്സിൽ പങ്കെടുപ്പിച്ച സംഭവങ്ങളും എത്രയോ ഉണ്ടായിട്ടുണ്ട്.

കോഴിക്കോട് ജില്ലയെ കേന്ദ്രീകരിച്ചാണ് പ്രവർത്തനം തുടങ്ങിയതെങ്കിലും കാസർകോഡ്, കണ്ണൂർ, വയനാട്, മലപ്പുറം ജില്ലകളിലും പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടേയിരുന്നു. ഈ ജില്ലകളിൽ നിന്നെല്ലാം ഇഷ്ടം പോലെ പരാതികൾ 'അന്വേഷി'യിൽ വന്നുകൊണ്ടിരുന്നു.

വ്യാപകമായ പ്രചരണം നടത്തുമ്പോൾ തന്നെ വരുന്ന പരാതികളെപ്പറ്റി അന്വേഷിക്കുന്നതിനും ഫീൽഡു വർക്കർമാരാണ് പോയിരുന്നത്. തുടക്കം തന്നെ 65 വയസ്സു കഴിഞ്ഞ ഒരു സ്ത്രീയുടേതായിരുന്നു. അവരുടെ വീട്ടിലേക്കുള്ള വഴിയും സ്വത്തും സംബന്ധിച്ച തർക്കത്തിൽ അടികിട്ടി മെഡിക്കൽ കോളേജിൽ അഡ്മിറ്റായ അവർ തന്ന പരാതിയുടെ അടിസ്ഥാനത്തിൽ സംഭവസ്ഥലത്ത് പോയി അന്വേഷിച്ചതിൽ അവരുടെ പരാതി ന്യായവും സത്യസന്ധവുമാണെന്ന് മനസ്സിലായതിനാൽ ഞാനും നബീസയും കൂടി മെഡിക്കൽകോളേജിൽ അവർ കിടക്കുന്ന വാർഡിൽ പോയി കണ്ടു. പോലീസ് സ്റ്റേഷനിൽ പോയി പരാതി എഴുതിക്കൊടുത്തു. പോലീസ് ഇടപെട്ട് പ്രശ്നം പരിഹരിക്കുകയും ചെയ്തു. ഇതുപോലെ ഒരുപാട് സ്വത്ത് തർക്കക്കേസുകളിലും വഴിപ്രശ്നങ്ങളിലും വന്ന പരാതികളിൽ ചിലപ്പോൾ സ്ഥലം അളപ്പിച്ച് ബോധ്യപ്പെടുത്തേണ്ട അവസ്ഥ ഉണ്ടായിട്ടുണ്ട്. പല സന്ദർഭങ്ങളിലും അളവുകാരനൊപ്പം ഇടപെടുന്നത് ഞങ്ങൾ സ്ത്രീകളായതുകൊണ്ട് ധാരാളം പരിഹാസവാക്കുകൾ തുടക്കത്തിൽ സഹിക്കേണ്ടി വന്നിട്ടുണ്ട്.

ഫീൽഡ് വർക്ക് തുടങ്ങി ഒരു വർഷം കഴിയുമ്പോഴേക്കും സ്ത്രീകളുടെ ഒരുപാട് ആത്മഹത്യാ സംഭവങ്ങളിൽ ഇടപെടേണ്ടി വന്നിട്ടുണ്ട്. ഇത്തരം മരണങ്ങൾ നടക്കുമ്പോൾ അവിടങ്ങളിൽ അധികവും വിക്ടോറിയയും ഞാനും ആണ് ഫീൽഡുമായി ബന്ധപ്പെട്ട് പോയിരുന്നത്. ആദ്യമായി പോയത് പെരിങ്ങളത്ത് സരോജിനി എന്ന യുവതിയായ വീട്ടമ്മ കുളത്തിൽ മരിച്ചു കിടന്ന സംഭവത്തിലാണ്. ഞങ്ങൾ ചെന്നപ്പോൾ കണ്ടത് ഇവരുടെ മൃതശരീരം വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന കാഴ്ചയാണ്. കുന്ദമംഗലം സി. ഐയും പോലീസുകാരും മൃതദേഹം വെള്ളത്തിൽ നിന്നും എടുപ്പിച്ച ശേഷം മഹസ്സർ തയ്യാറാക്കുമ്പോൾ ഞങ്ങൾ രണ്ടു പേരേയും അന്വേഷിയുടെ പ്രവർത്തകർ എന്ന നിലയിൽ അത് കാണുവാൻ അനുവദിച്ചു. ഇത് കൊലപാതകമാണെന്നും ആത്മഹത്യയല്ലെന്നും സരോജി

നിയുടെ സഹോദരന്മാരും ബന്ധുക്കളും അയൽവാസികളുമൊക്കെ ശക്തമായ സംശയം ഉന്നയിക്കുകയും ആക്ഷൻ കമ്മിറ്റി ഉണ്ടാക്കുകയുമൊക്കെ ചെയ്തിട്ടും പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ അതൊരു ആത്മഹത്യ തന്നെയാണ് എന്നു തന്നെയായിരുന്നു. അതുകൊണ്ട് തന്നെ പോലീസിന്റെ ഭാഗത്തു നിന്നും മറ്റൊന്നും ചെയ്യാൻ കഴിയില്ല എന്ന അവസ്ഥയാണുണ്ടായിരുന്നത്. ആത്മഹത്യയ്ക്കും ഒരു കാരണമുണ്ടാകുമല്ലോ. പക്ഷേ, നെറികെട്ട രാഷ്ട്രീയ സ്വാധീനം ഉപയോഗിക്കപ്പെട്ടപ്പോൾ ഇതൊരു വെറും ആത്മഹത്യയായി പരിണമിച്ചു എന്നാണ് ജനാഭിപ്രായം. തലേന്നു രാത്രി സദ്യവട്ടത്തിന് മഞ്ഞളും മുളകുമരച്ചു മടുത്ത സരോജിനിയുടെ ഉള്ളം കൈകളിൽ പറ്റിപ്പിടിച്ചു കിടന്ന മഞ്ഞളിന്റെയും മുളകിന്റെയും കൂടിക്കലർന്ന നിറം ഇപ്പോഴും മനസ്സിൽ നിന്ന് മാഞ്ഞുപോയിട്ടില്ല.

ഇതു പോലെയോ ഇതിനേക്കാൾ ഭീകരമോ എന്നു പറയാൻ കഴിയാത്ത മറ്റൊരു ആത്മഹത്യ ആയിരുന്നു മലപ്പുറം ജില്ലയിൽ 23കാരിയായ പെൺകുട്ടിയുടേത്. സ്ത്രീധനം കുറഞ്ഞു പോയതിന്റെ പേരിൽ മണ്ണെണ്ണയൊഴിച്ച് കൊന്ന യുവതി (ആത്മഹത്യയെന്നാണ് ഓമനപ്പേര്)യുടെ കത്തിക്കരിഞ്ഞ മൃതശരീരം 'S' പോലെ വളഞ്ഞ് നിലത്ത് കിടക്കുന്നു. പിന്നിയിട്ട തലമുടി അതേ പോലെ തന്നെ കരിഞ്ഞു കിടക്കുന്ന ഭീകരമായ കാഴ്ച അക്ഷരാർത്ഥത്തിൽ തന്നെ മനസ്സിനെ ഞെട്ടിച്ചു കളഞ്ഞു. ആൾക്കാർ കൂടിയിട്ടും ഭർത്താവിന്റെ അച്ഛൻ യാതൊരു ഭാവഭേദവുമില്ലാതെ ഒന്നും സംഭവിക്കാത്ത മട്ടിൽ കിണറ്റിൽ നിന്ന് വെള്ളമെടുത്ത് പശുക്കൾക്ക് കൊടുക്കുകയും വാഴ നനയ്ക്കുകയും ചെയ്തുകൊണ്ടിരുന്നു. അമ്മായി അമ്മയും ഭർത്താവും അവിടെയില്ലായിരുന്നു. പിന്നീട് അതും തേഞ്ഞുമാഞ്ഞുപോയി. ഇതുപോലെ വിചിത്രങ്ങളായ പല കൊലപാതകങ്ങളും ആത്മഹത്യയെന്ന പേരിൽ തേച്ചു മായ്ച്ചു കളഞ്ഞ സംഭവങ്ങൾ ഞങ്ങൾ അന്വേഷിക്കാൻ പോയിട്ടുണ്ട്. സാമാന്യ ബുദ്ധിയുള്ള ആർക്കും ആത്മഹത്യയാണെന്ന് വിശ്വസിക്കാൻ പറ്റാത്ത ഒരു കൊലപാതകം (മണ്ണെണ്ണ ഒഴിച്ച് തീ കത്തി മരിച്ച മറ്റൊരു യുവതിയുടേത്). മൃതദേഹത്തിനടുത്ത് തൊട്ടടുത്ത കട്ടിലിൽ കിടന്നിരുന്ന നാലുവയസ്സുകാരിയായ മകൾക്ക് അല്പം പോലും പൊള്ളലേറ്റിരുന്നില്ല. അയലിൽ തൂക്കിയിട്ടിരുന്ന പോളിയസ്റ്റർ വസ്ത്രങ്ങൾക്ക് പോലും ഒന്നും പറ്റാത്ത അവസ്ഥ. മൂലയിലുണ്ടായിരുന്ന മണ്ണെണ്ണ കാനും തീപ്പെട്ടിയും അതേ പോലെ തന്നെയുണ്ട്. ഇതൊരു ആത്മഹത്യയല്ലെന്ന് ആർക്കും ഒറ്റനോട്ടത്തിൽ മനസ്സിലാക്കാം. ഈ സംഭവത്തിൽ ഇതിനുത്തരവാദികളായ വീട്ടുകാരെ അറസ്റ്റു ചെയ്യുകയും ചെയ്തിരുന്നു. ഇതുപോലെ പല കാരണങ്ങൾ പറഞ്ഞ് സ്ത്രീകൾ ആത്മഹത്യ ചെയ്യുകയോ കൊല്ലപ്പെടുകയോ ചെയ്ത സംഭവങ്ങളിൽ കുറ്റക്കാർക്കെതിരെ നടപടി എടുപ്പിക്കാനും മറ്റുമുള്ള സഹായങ്ങൾ ചെയ്തുകൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

അന്വേഷിയിൽ ബന്ധപ്പെട്ട് കേസ് നടന്നുകൊണ്ടിരിക്കെ തന്നെയാണ് ലൂസിയെ ഭർത്താവ് വെട്ടിക്കൊന്നത്. കൊല്ലങ്ങളായി ലൂസിയും ഭർത്താവും പിണക്കത്തിലായിരുന്നു. മോഡേണായി നടക്കുന്ന ലൂസിയെ സംശയം മൂലം ഭർത്താവ് വെട്ടി. കഴുത്തറ്റു പോകാറായ നിലയിൽ അവരുടെ സ്വന്തം വീടിന്റെ അടുക്കളവാതിലിന്റെ പടിയിൽ മരിച്ചു കിടക്കുന്ന അവസ്ഥ നേരിൽ പോയി കണ്ടപ്പോൾ സ്തംഭിച്ചു പോയി. കൂടരഞ്ഞി മലയുടെ മുകളിൽ ജീപ്പു പോലും പോകാത്തിടത്ത് അർദ്ധരാത്രി ആരുമില്ലാത്തിടത്താണ് ലൂസി കൊല്ലപ്പെട്ടത്. ഭർത്താവാണ് ചെയ്തതെന്ന് നാട്ടുകാർക്കും വീട്ടുകാർക്കും ലൂസിയുടെ മക്കൾക്കു പോലും അറിയാമായിരുന്നിട്ടും അവളുടെ അനുസരണക്കേട് ഒരു വിഷയമായി എടുത്തുകൊണ്ട് സ്വന്തം സഹോദരങ്ങൾ പോലും കൊലപാതകം ന്യായീകരിക്കുക മാത്രമല്ല ലൂസിയുടെ അച്ഛനുഅമ്മയും ആ മൃതദേഹം തിരിഞ്ഞു നോക്കാൻ പോലും കൂട്ടാക്കിയതുമില്ല. ഈ പോക്കും പിന്നീടുള്ള ഇടപെടലുകളും കൊലപാതകിയെ ജയിലിലാക്കാൻ സഹായിച്ചിട്ടുണ്ട്. ഇങ്ങനെ ഒരുപാട് സ്ത്രീകളുടെ ജീവനുകൾ പലതരത്തിലുള്ള കാരണങ്ങൾ കൊണ്ട് നഷ്ടമായ സംഭവങ്ങളിൽ ഇടപെട്ടിട്ടുണ്ട്.

ഒരുപാട് കുടുംബപ്രശ്നപരാതികൾ അന്വേഷിയിൽ വന്നു



## പല കൊലപാതകങ്ങളും ആത്മഹത്യയെന്ന പേരിൽ തേച്ചുമായ്ച്ചു കളഞ്ഞ സംഭവങ്ങളുണ്ട്



**പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ വെള്ളിമാടുകുന്ന് അനാഥാലയത്തിൽ നിന്ന് തട്ടിക്കൊണ്ടുപോയി അനാശാസ്യപ്രവർത്തനങ്ങൾക്കുപയോഗിച്ചവർക്കെതിരെ പരാതി കിട്ടിയപ്പോൾ അതന്വേഷിക്കാൻ പോയി. ഞങ്ങൾ ചെന്നതറിഞ്ഞ് ആ സ്ത്രീ രക്ഷപ്പെട്ടെങ്കിലും പിന്നീടവരെ കണ്ടുപിടിക്കാൻ കഴിഞ്ഞു.**

കൊണ്ടിരുന്നു. ഫീൽഡിൽ പോയി സംഗതിയുടെ യഥാർത്ഥ അവസ്ഥ അന്വേഷിച്ച് അതിന്റെ റിപ്പോർട്ടു കൂടി കൗൺസെലിംഗിന് അത്യാവശ്യമായിരുന്നു. പല സംഭവങ്ങളിലും സ്ത്രീകൾക്ക് നേരിട്ട് പരാതി തരുന്നതിന് പേടിയായിരുന്നതിനാൽ ചിലപ്പോൾ അംഗൻവാടി ടീച്ചർമാരോ മറ്റു സംഘടനയിൽ പ്രവർത്തിക്കുന്നവരോ അയൽക്കാരോ വിളിച്ചറിയിച്ചും പോയ സംഭവങ്ങളുണ്ട്. എന്നാൽ സ്ത്രീകൾ തന്നെ നേരിട്ടു വന്ന് എഴുതി തരുന്ന പരാതികളുണ്ട്. ഇതിന്റെയൊക്കെ അടിസ്ഥാനത്തിലായിരുന്നു അവിടങ്ങളിൽ പോയിരുന്നത്. ചില സംഭവങ്ങളിൽ സ്ത്രീകൾക്കെതിരെ പുരുഷന്മാരും പരാതിപ്പെടും. ഇതും മാറ്റിവെക്കാതെ തന്നെ പോയി അന്വേഷിക്കാറുണ്ട്. അവരെയും പോയി കണ്ട് ഓഫീസിലേക്ക് വിളിപ്പിക്കും.

പ്രായപൂർത്തിയാകാത്ത പല പെൺകുട്ടികളെയും പ്രലോഭിപ്പിച്ച് ഗർഭിണികളാക്കി മുങ്ങിയ കാമുകന്മാർ. പ്രസവമടുക്കുമ്പോഴായിരിക്കും മിക്കവാറും വീട്ടുകാർ അറിയുക. നിസ്സഹായരായ അവർ അന്വേഷിയെ സമീപിക്കുക പതിവാണ്. വിവാഹ വാഗ്ദാനം നൽകി പ്രേമിച്ച് ഗർഭിണിയാക്കിയ ശേഷം രക്ഷപ്പെട്ട കാമുകന്മാർ, അപമാനം കൊണ്ട് പെൺകുട്ടിയെ കയ്യൊഴിയുന്ന വീട്ടുകാർ, അവളുടെ ഭാവി ജീവിതം ഓർത്ത് ചിലപ്പോൾ ഗർഭം അലസിപ്പിക്കാനായിരിക്കും അവർ സഹായം തേടുക.

അന്യസംസ്ഥാനക്കാരായ പല വിദ്യാർത്ഥികളും അവരുടെ മാതാപിതാക്കളുടെ എതിർപ്പ് അവഗണിച്ച് വിവാഹിതരാകാൻ അന്വേഷിയിൽ വന്നിട്ടുണ്ട്. മറ്റു പല സംഘടനകൾ മുഖേനയാണ് അവർ ഇവിടെ എത്തുക. വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ അവർക്ക് വേണ്ട സഹായം ചെയ്തുകൊടുക്കുകയും പെൺകുട്ടിയുടെ സുരക്ഷിതത്വം ഏറ്റെടുത്ത് അഭയം നൽകുകയും ചെയ്തിട്ടുണ്ട്. പലപ്പോഴും ഇതേപ്പറ്റി നല്ലപോലെ അന്വേഷിക്കുകയും ഇതുമായി ബന്ധപ്പെടേണ്ട ഓഫീസുകളിൽ കയറി ഇറങ്ങുകയും ചെയ്യേണ്ടി വരിക മാത്രമല്ല വിവാഹിതരാവുന്നവർക്ക് സാക്ഷികളായി ഒപ്പിടേണ്ട അവസ്ഥയും ഉണ്ടായിട്ടുണ്ട്. പല രജിസ്റ്ററുകളിലും ഒപ്പിട്ടു കൊടുത്തിട്ടുണ്ട്. അന്വേഷിപ്രവർത്തകരായതുകൊണ്ടാവാം സ്ത്രീകൾ എന്ന നിലയ്ക്ക് മാറി നിൽക്കേണ്ടി വന്നിട്ടില്ല. മാറ്റി നിർത്തിയിട്ടുമില്ല. തക്കസമയത്ത് മാതാപിതാക്കളെ ഇടപെടുത്തി വിവാഹത്തിൽ പങ്കെടുപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ വെള്ളിമാടുകുന്ന് അനാഥാലയത്തിൽ നിന്ന് തട്ടിക്കൊണ്ടുപോയി അനാശാസ്യപ്രവർത്തനങ്ങൾക്കുപയോഗിച്ചവർക്കെതിരെ പരാതി കിട്ടിയപ്പോൾ അതന്വേഷിക്കാൻ പോയി. ഞങ്ങൾ ചെന്നതറിഞ്ഞ് ആ സ്ത്രീ രക്ഷപ്പെട്ടെങ്കിലും പിന്നീടവരെ കണ്ടുപിടിക്കാൻ കഴിഞ്ഞു.

പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾ സ്വന്തം അച്ഛന്മാരുടെ ലൈംഗികപീഡനത്താൽ ഗർഭിണിയായ സംഭവം, അദ്ധ്യാപകർ ലൈംഗികമായി ഉപയോഗിക്കുന്ന പരാതികൾ തുടങ്ങി ഒരുപാട് കേസുകൾ അന്വേഷിക്കാൻ പോകേണ്ടി വന്നിട്ടുണ്ട്.

വിദ്യാസമ്പന്നയും ട്രാഫിക്പോലീസിൽ താല്കാലിക വാർഡനുമായിരുന്ന ഒരു യുവതിയെ പ്രേമിച്ച് ഗർഭിണിയാക്കിയ സംഭവത്തിൽ ആ പെൺകുട്ടിയുടെ അമ്മ അന്വേഷിയെ സമീപിച്ചു. ആ സ്ത്രീയുടെ അപേക്ഷയും കരച്ചിലും കാരണം കാമുകനെ തേടി പലപ്രാവശ്യം പോയെങ്കിലും അവനെ സ്വന്തം വീട്ടുകാർ ഒളിപ്പിച്ചു. അവന്റെ വീട്ടുകാർക്കെല്ലാം ഈ ബന്ധം നന്നായറിയാമായിരുന്നിട്ടും അവർ ഒഴിഞ്ഞുമാറുകയും ഉത്തരവാദിത്വം പെൺകുട്ടിയുടെ തലയിൽ മാത്രം കെട്ടിവെക്കാൻ തയ്യാറാവുകയും ചെയ്തു. മകന് ഇതിൽ നിന്ന് തലയൂരാൻ മറ്റൊരു വിവാഹം ആലോചിക്കുക കൂടി ചെയ്തപ്പോൾ പെൺകുട്ടിയെക്കൊണ്ട് പോലീസിൽ പരാതി കൊടുപ്പിച്ചെങ്കിലും പ്രശ്നം പരിഹരിക്കപ്പെട്ടില്ല. അവസാനം ആ പയ്യന്റെ വീട്ടിനു മുന്നിൽ സമരം നടത്തേണ്ടി വന്നു. സമരക്കാർക്കു നേരെയുള്ള കാമുകന്റെ സഹോദരന്റെ പരാക്രമം സഹിക്കാൻ പറ്റുന്നതായിരുന്നില്ല. മുറ്റത്ത് ബക്കറ്റുകളിൽ നിറച്ചു വെച്ച വെള്ളം ഫുട്ബോൾ തട്ടുന്നതു പോലെ തട്ടിമറിച്ച് ഞങ്ങളുടെയൊക്കെ

# ചില ചരിത്രരേഖകൾ......








1. അന്വേഷി കളിപ്പൊയ്ക ഓഫീസ് സുഗതകുമാരി ടീച്ചർ ഉദ്ഘാടനം ചെയ്യുന്നു.
2. അന്വേഷി അവതരിപ്പിച്ച തെരുവുനാടകം
3. വിമെൻസ് ഇന്റർനാഷണൽ ഫിലിംഫെസ്റ്റിവലിൽ നിന്ന്
4. കുട്ടികൾക്ക് യൂണിഫോം വിതരണം



# ചിത്രങ്ങളിലൂടെ...









5. അന്വേഷിയുടെ ഒരു ശില്പശാല
6. സ്ത്രീധനത്തെക്കുറിച്ച് വട്ടമേശ ചർച്ച
7. ഒരു സമരപരിപാടി

വസ്ത്രം മുഴുവൻ നനച്ചു. പൊടി മണ്ണിൽ വീണവെള്ളം വസ്ത്ര മൊക്കെ ചളിമയമാക്കിയെങ്കിലും ആരും അവിടുന്ന് എഴുന്നേൽക്കാൻ തയ്യാറായില്ല. ആ മുറ്റത്ത് നിറച്ചു വെച്ച വെള്ളം മുഴുവൻ അവനവിടെ ഒഴിച്ചുകളഞ്ഞു എന്നല്ലാതെ ഞങ്ങൾ പിന്മാറിയില്ല. ഒരുപാട് സമരങ്ങളും ഇടപെടലുകളും കേസും ഒക്കെ കാരണം വീട്ടു കാർ മടുത്തു. പയ്യന്റെ പേരിൽ ബലാത്സംഗക്കേസ് കോടതിയി ലെത്തി. ഇതിനും പല പ്രാവശ്യം കോടതി കയറിയിറങ്ങിയിട്ടുണ്ട്. കോടതിയിൽ കേസു നടക്കു മ്പോൾ തന്നെ പ്രതി ഈ പെൺകുട്ടിയെ വിവാഹം കഴി ക്കണമെന്നും തന്റെ കുഞ്ഞിനെ തനിക്ക് വേണമെന്നും അന്വേഷി യുടെ വക്കീലിനോട് അപേക്ഷി ച്ചത് അനുസരിച്ച് അവരുടെ 1 1/2 വയസ്സുള്ള മകനെയും കൂട്ടി വിവാഹിതരാവുകയും ഈ വിവാഹത്തിൽ ഞങ്ങൾ സംബ ന്ധിക്കുകയും തുടർന്ന് അവരുടെ ഒന്നിച്ചുള്ള താമസത്തിന് വാടക വീട്ടിലേക്ക് ക്ഷണിക്കുകയും ചെയ്തു. രണ്ടുകുട്ടികളുമായി ഈ യുവതി ഭർത്താവിനോ ടൊപ്പം ഇപ്പോൾ ജീവിക്കുന്നു. പക്ഷേ പെൺകുട്ടിക്കു വേണ്ടി വർഷങ്ങളോളം കേസു നടത്തു കയും സമരരംഗത്തിനിറങ്ങു കയും ചെയ്ത അമ്മ ഇഹലോക ത്തോട് വിടപറയുകയും ചെയ്തു.

സ്വന്തമായി ബന്ധുക്കളാരും ഇല്ലാത്ത എസ്.സി വിഭാഗ ത്തിൽപെട്ട യുവതി അന്വേഷി പ്രവർത്തനം തുടങ്ങിയ ഉടനെ തന്നെ വിവാഹതട്ടിപ്പു കേസിൽ ഗർഭിണിയായി അന്വേഷിയിലെ ത്തി. അന്നു മുതൽ അവളെ സംരക്ഷിക്കുകയും അവൾക്കും അവൾ പ്രസവിച്ച മകൾക്കും ഷോർട്ട് സ്റ്റേ ഹോമിൽ അഭയം കൊടുക്കുകയും സ്വന്തമായി സ്ഥലം വാങ്ങാൻ സഹായിക്കു കയും ചെയ്തു. മറ്റ് സാമൂഹ്യപ്രവർത്തകരായ കച്ചവ ടക്കാരിൽ നിന്ന് വീടുണ്ടാക്കുന്ന തിനുള്ള സഹായം കൂടാതെ സ്വന്തമായി ജോലി ചെയ്യാനും കുട്ടിയെ പഠിപ്പിക്കാനുമുള്ള സാഹചര്യങ്ങളും ഉണ്ടാക്കിക്കൊ ടുത്തു. ഇവരുടെ പ്രശ്നങ്ങളു മായി ബന്ധപ്പെട്ട് കൊല്ലങ്ങ ളോളം ഗവൺമെന്റ് ഓഫീസു കളിലും മറ്റിടങ്ങളിലും കയറിയിറ ങ്ങേണ്ടി വന്നു.

വിവാഹിതനും രണ്ടുമക്ക ളുടെ പിതാവുമായ ഒരു വ്യക്തി ലൈംഗികമായി ഉപയോഗിച്ച് ഗർഭിണിയാക്കിയ പ്രായ പൂർത്തിയാകാത്ത ആദിവാസി പെൺകുട്ടി പൂർണ്ണ ഗർഭിണിയായപ്പോഴാണ് അന്വേ ഷിയിലെത്തിയത്. അവളെ ഒരു കോൺവെന്റിൽ നിർത്തി പ്രസവം കഴിഞ്ഞ ശേഷം ഇയാൾക്കെതിരെ കേസ് കൊടു പ്പിച്ചു. കോടതിയിൽ നിന്ന് അവൾക്ക് ന്യായമായ സംര ക്ഷണ ചിലവിനുള്ള തുക നേടി ക്കൊടുക്കുകയും അതുപയോ ഗിച്ച് അവൾക്ക് 5 സെന്റ് സ്ഥലവും ഒരു വീടും ഉണ്ടാക്കി ക്കൊടുക്കുകയും മറ്റൊരു കോൺവെന്റിൽ പണിക്കു നിൽക്കുമ്പോൾ അവൾ തന്നെ കണ്ടുപിടിച്ച് പ്രേമിച്ച പുരുഷനെ കൊണ്ട് വിവാഹം കഴിപ്പിച്ചുകൊ ടുക്കാൻ സഹായിക്കുകയും ചെയ്തു. ഈ കേസുമായി ബന്ധപ്പെട്ട് ഈ പെൺകുട്ടിയുടെ കൂടെ ഒരുപാട് പ്രാവശ്യം കോട തികളും പോലീസ്റ്റേഷനുകളും കയറിയിറങ്ങേണ്ടി വന്നിട്ടുണ്ട്.

ഈ പെൺകുട്ടിയുടെ പ്രശ്ന ങ്ങളുമായി ബന്ധപ്പെട്ട് അവളുടെ ആദിവാസി ഊരിൽ പോകേണ്ടി വന്നപ്പോഴൊക്കെ മദ്യപിച്ചു ലക്കു കെട്ട മാതാപിതാക്കളെയാണ് സമീപിക്കേണ്ടി വന്നിട്ടുള്ളത്. ഒരു പ്രാവശ്യം ഇവളുടെ വിവാഹക്കാര്യം അറിയിക്കാൻ മൈസൂർമലയിലുള്ള അവളുടെ വീട്ടിൽ ചെന്നപ്പോൾ മദ്യപിച്ചു ലക്കുകെട്ടു കിടക്കുന്ന അച്ഛ നേയും അയാൾക്ക് കാവലിരി ക്കുന്ന അമ്മയേയുമാണ് കണ്ടത്. കാര്യം പറയുമ്പോഴേക്കും ആ സ്ത്രീ ഞങ്ങളോട് ഒച്ചയുണ്ടാ ക്കി. സംഗതി ശരിയാവില്ല എന്നു കണ്ട് അവിടെ നിന്നു പോന്നു. ആ സ്ത്രീ കുടിച്ചിട്ട് ബോധമി ല്ലാത്ത അവസ്ഥയിലായിരുന്നു. ഞങ്ങളുടെ ഒപ്പം അവരും ഇറങ്ങി യെങ്കിലും ഞങ്ങൾ അവരുടെ അടുത്ത് നിന്ന് ഓടി രക്ഷപ്പെട്ടു. ഒരു കിലോമീറ്റർ ഓടിയ ശേഷം ഒരു വീട്ടിൽ കയറി. അപ്പോഴും ആ സ്ത്രീ ഒച്ചവെച്ചുകൊണ്ട് പുറകെ വന്നിരുന്നു. അവസാനം ഞങ്ങളെ കാണാതെ തിരിച്ചുപോ വുകയും ചെയ്തു. ഇങ്ങനെ ചില സംഭവങ്ങളും ഫീൽഡ് വർക്കി നിടെ ഉണ്ടായിട്ടുണ്ട്.

മറ്റൊന്ന് ബോംബെക്കാരി യായ ഒരു യുവതിയുടെ ജീവിത വുമായി ബന്ധപ്പെട്ടായിരുന്നു. ഇവളെ പ്രേമിച്ച് വിവാഹം കഴി



**വിവാഹിതനും രണ്ടുമക്കളുടെ പിതാവുമായ ഒരു വ്യക്തി ലൈംഗികമായി ഉപയോഗിച്ച് ഗർഭിണിയാക്കിയ പ്രായപൂർത്തിയാകാത്ത ആദിവാസി പെൺകുട്ടി പൂർണ്ണ ഗർഭിണിയായപ്പോഴാണ് അന്വേഷിയിലെത്തിയത്.**



ച്ചത് മലയാളിയായ ഒരായുർവേദ ഡോക്ടറായിരുന്നു. ആറു വയസ്സായ മകനോടൊപ്പം ബോംബെയിൽ നിന്നും ഈ യുവതി അന്വേഷിയിലെത്തിയത് മറ്റൊരു സ്ത്രീസംഘടനയുടെ നിർദ്ദേശപ്രകാരമായിരുന്നു. നല്ല ഉദ്യോഗമുണ്ടായിരുന്ന ഈ സ്ത്രീ അത് ഉപേക്ഷിച്ചാണ് കരൾരോഗിയായ മകനോടൊപ്പം ഭർത്താവിനെ കണ്ടുപിടിക്കാൻ ഇവിടെയെത്തിയത്. അയാൾ നിത്യരോഗിയായ മക്കനേയും ഭാര്യയേയും ഉപേക്ഷിച്ച് സ്വന്തം മതത്തിൽ നിന്ന് മറ്റൊരു യുവതിയെ മതാചാരപ്രകാരം വിവാഹം കഴിച്ചു. ഈ മാന്യൻ സ്വസ്ഥമായി ജീവിക്കുമ്പോഴാണ് ആദ്യഭാര്യ വരുന്നത്. ഇവർ തന്ന അഡ്രസുമായി ബന്ധപ്പെട്ട് എത്തിയത് കൊച്ചി രൂപതയുടെ ബിഷപ്പ് ഹൗസിലായിരുന്നു. ഇവിടുത്തെ പള്ളിവികാരിയായ പുരോഹിതന്റെ സഹോദരന്റെ മകളായിരുന്നു ഈ ഡോക്ടറുടെ രണ്ടാംഭാര്യ. ഈ പ്രശ്നത്തിൽ അന്വേഷി ഇടപെട്ടപ്പോൾ ഇതന്വേഷിച്ച് ഭർത്താവായ ഡോക്ടറെ കണ്ടെത്താനും ബിഷപ്സ് ഹൗസിലെ ഡയറക്ടറെ കാണുന്നതിനുമൊക്കെ പോയത് ഞാനും വിക്ടോറിയയുമായിരുന്നു. നാലു ദിവസങ്ങളോളം അവിടെ നിന്നാണ് ഈ മേലധികാരികളെയും പുരോഹിതനെയും ബന്ധപ്പെട്ടതും ഡോക്ടറുടെ വീട് കണ്ടുപിടിച്ചതും. സ്പെഷ്യൽ മാര്യേജ് ആക്ട് അനുസരിച്ച് വിവാഹിതനായ ഡോക്ടർക്ക് ആ വിവാഹം ഡിവോഴ്സ് ചെയ്യാതെ തന്നെ പള്ളി വികാരി സ്വന്തം സഹോദരപുത്രിയെ മതാചാരപ്രകാരം വിവാഹം ചെയ്തുകൊടുക്കാൻ കൂട്ടുനിന്നതിനെ ഞങ്ങൾ ചോദ്യം ചെയ്തു. അന്വേഷി ഇത്ര സാഹസം ചെയ്ത് അവിടെയെത്തിയത് പള്ളിയധികാരികൾക്ക് വല്ലാത്ത അസ്വസ്ഥതയുണ്ടാക്കി. രണ്ടാംവിവാഹം കഴിഞ്ഞിട്ട് അപ്പോഴേക്കും ഒന്നര വർഷമായിരുന്നു. യുവതിയ്ക്കാണെങ്കിൽ വിവാഹമോചനമല്ല സ്വന്തം ഭർത്താവിനെയാണ് വേണ്ടിയിരുന്നത്. ഭർത്താവാണെങ്കിൽ ഒരിക്കലും പുറംലോകത്ത് പ്രത്യക്ഷപ്പെട്ടുമില്ല. പിന്നീട് കോടതിയിൽ കേസാക്കുകയും നഷ്ടപരിഹാരം കൊടുക്കാൻ അയാൾ തയ്യാറാവുകയുമാണ് ചെയ്തത്. ഞങ്ങൾക്ക് ഈ പ്രശ്നവുമായി ബന്ധപ്പെട്ട് എത്രയോ ദിവസങ്ങൾ വീട്ടിൽ നിന്ന് മാറിനിൽക്കേണ്ടിവന്നിട്ടുണ്ട്. മക്കളുടെ പരീക്ഷാസമയത്താണ് ഇത്തരം ചില കേസുകൾക്ക് വേണ്ടി പോകേണ്ടി വന്നിട്ടുണ്ട്. ഈ പ്രശ്നവുമായി ബന്ധപ്പെട്ട് കൊച്ചിയിലെത്തിയ ഞങ്ങൾക്ക് തിരിച്ചു പോരേണ്ടത് രാത്രി ഒരു മണിയുടെ ട്രെയിനിനായിരുന്നു. അതിനാൽ ബിഷപ്സ് ഹൗസിൽ 11.30 വരെ നിൽക്കുകയും അവിടുന്ന് ഓട്ടോയിൽ റെയിൽവെ സ്റ്റേഷനിലേക്ക് വരുമ്പോൾ ഡ്രൈവർ വഴി മാറ്റി ഓട്ടോ വിടുകയും ഞങ്ങളെ രണ്ടുപേരെയും സിനിമയ്ക്കു ക്ഷണിക്കുകയും ചെയ്ത സംഭവം ഇന്നും ഓർമ്മയുണ്ട്. ഇതു പോലെയുള്ള സംഭവങ്ങളെ എതിർക്കാനുള്ള കഴിവ് ഞങ്ങൾക്കുണ്ട് എന്ന് മനസ്സിലാക്കിയ ഡ്രൈവർ പിന്നീട് മര്യാദക്കാരനായി ഞങ്ങളെ റെയിൽവെ സ്റ്റേഷനിൽ എത്തിച്ചു.

പതിനാലുകാരിയായ സ്വന്തം മകളെ രണ്ടാനച്ഛൻ ലൈംഗികപീഡനത്തിനിരയാക്കുകയും തുടർന്ന് അവളെ മറ്റുള്ളവർക്ക് കാഴ്ചവെച്ച് പണമുണ്ടാക്കുകയും ചെയ്യുന്നു. മാതാവ് ഇതിന് കൂട്ടുനിൽക്കുന്നു. ഈ പെൺകുട്ടി സ്വന്തം പിതാവുമായി അന്വേഷിയിൽ എത്തിപ്പെട്ടു. പലരുടേയും ലൈംഗികചൂഷണത്തിന് വിധേയയാക്കപ്പെട്ട ഈ പെൺകുട്ടിയുടെ പ്രായനിർണ്ണയം നടത്തുന്നതിന് മെഡിക്കൽകോളേജ് ഫോറൻസിക് ഡിപ്പാർട്ട്മെന്റിലും തുടർന്ന് അവളോടൊപ്പം താമരശ്ശേരി ഡിവൈഎസ്പി ഓഫീസിലും പോയിവരുമ്പോൾ അവളെ അറിയുന്ന പലരും ഞങ്ങൾക്കു ചുറ്റും നടത്തിയ എത്തിനോട്ടവും ചുറ്റിക്കറങ്ങലും വല്ലാത്ത അസ്വസ്ഥത ഉണ്ടാക്കിയിട്ടുണ്ട്. ചിലരോടൊക്കെ രൂക്ഷമായി സംസാരിക്കേണ്ടി വന്നിട്ടുമുണ്ട്. ഡിവൈഎസ്പി ഓഫീസിൽ വെച്ച് ഈ പെൺകുട്ടിയുടെ ഫോട്ടോ എടുക്കാൻ ശ്രമിച്ച രണ്ടുയുവാക്കളെ കയ്യോടെ പോലീസിനെ കൊണ്ടു പിടിപ്പിച്ചു. പോലീസ് അവരെ വേണ്ടരീതിയിൽ തന്നെ കൈകാര്യം ചെയ്യുന്നതും നേരിൽ കണ്ടിട്ടുണ്ട്. ഈ സംഭവത്തിൽ തെളിവെടുപ്പുനടത്താൻ പെൺകുട്ടിയെയും കൊണ്ട് പീഡനപരമ്പകൾ നടത്തിയ സ്ഥലങ്ങളിൽ പലപ്പോഴും പോലീസുകാ

രോടൊപ്പം പെൺകുട്ടിക്ക് പോകേണ്ടി വന്നിട്ടുണ്ട്. പലപ്പോഴും കുട്ടിയുടെ അച്ഛൻ ഈ സംഘത്തോടൊപ്പം വന്നത് പോലീസുകാർക്ക് പലപ്പോഴും ഇഷ്ടപ്പെട്ടിരുന്നില്ല. ഇയാളുടെ മനസ്സിൽ കള്ളത്തരം വെച്ചുകൊണ്ടായിരുന്നു യാത്ര. ഈ സന്ദർഭങ്ങളിൽ എല്ലാം തന്നെ ഇവരോടൊപ്പം രണ്ട് ഫീൽഡ് വർക്കർമാർ മാറി മാറി പോയിട്ടുണ്ട്. ഊട്ടി, വയനാട്, നിലമ്പൂർ, കോഴിക്കോട് ജില്ലയിലെ തന്നെ പല സ്ഥലങ്ങൾ, അരീക്കോട് തുടങ്ങി എത്രയോ സ്ഥലങ്ങളിലാണ് പല ദിവസങ്ങളിലായി ചുറ്റിക്കറങ്ങി തെളിവെടുപ്പിന് കൂടെ പോയിട്ടുള്ളത്. ചിലപ്പോൾ രാത്രി 10 മണിക്കാണ് വീട്ടിലെത്താൻ കഴിഞ്ഞിട്ടുള്ളത്. അധികവും നബീസയും ഞാനുമാണ് പോയിട്ടുള്ളത്. നബീസ മിക്കദിവസവും അന്വേഷി ഓഫീസിലാണ് രാത്രി തങ്ങിയിരുന്നത്. പോലീസുദ്യോഗസ്ഥർ വളരെ സുരക്ഷിതമായി തന്നെ ഞങ്ങളെ എത്തിക്കുകയും ചെയ്തിട്ടുണ്ട്. ഈ കേസ് അടുത്തകാലത്താണ് കോടതിയിൽ വിചാരണക്കെത്തിയിട്ടുള്ളത്.

ഇതു കൂടാതെ പല ബലാത്സംഗ കേസുകളിലും സത്യാവസ്ഥ അന്വേഷിച്ചറിയാൻ പോകേണ്ടി വന്നിട്ടുണ്ട്. സ്വന്തം അമ്മാവൻ മയക്കിക്കിടത്തി ബലാത്സംഗം ചെയ്ത് ഗർഭിണിയാക്കിയ പെൺകുട്ടി അബോർഷൻ ആക്കാൻ പറ്റാത്ത അവസ്ഥയിലാണ് അന്വേഷിയിൽ അഭയം തേടിയത്. പ്രസവിക്കുക മാത്രമേ രക്ഷയുണ്ടായിരുന്നുള്ളൂ. അതിനുപറ്റിയ സുരക്ഷിത സ്ഥലത്ത് അവളെ എത്തിച്ചു. പ്രസവശേഷം അവൾ വീണ്ടും അന്വേഷിയിൽ തന്നെ വരികയും ചെയ്തു. കുറ്റക്കാരനെതിരെ കേസെടുക്കുന്നതിനോടൊപ്പം ഇവളുടെ ദയനീയാവസ്ഥ അറിയാവുന്ന ഒരു യുവാവ് ഈ പെൺകുട്ടിയെ വിവാഹം കഴിക്കുകയും ചെയ്തു. അതിനുള്ള സഹായങ്ങൾ അന്വേഷി ചെയ്തു. ഇന്ന് ഒരു കുഞ്ഞുമായി ഭർത്താവിനോടൊപ്പം അവൾ ജീവിക്കുന്നുണ്ട്. പഴയ കാലങ്ങളെല്ലാം മറന്ന്. ഈ സംഭവവുമായി ബന്ധപ്പെട്ട് ഇവളുടെ വീട് കണ്ടുപിടിച്ച് അവിടെ എത്തിപ്പെടുന്നതിന് ഒരുപാട് കഷ്ടപ്പെട്ടിട്ടുണ്ട്. കക്കാടം പൊയിലിൽ നിന്നും കിലോമീറ്ററുകൾ അകലത്തിൽ ജീപ്പിലൂടെ പോയി വീണ്ടും രണ്ടുമൂന്നു കിലോമീറ്റർ പാറയിടുക്കിലൂടെ കയറേണ്ട സ്ഥലമാണ്. വളരെ കഷ്ടപ്പെട്ട് യാത്ര ചെയ്ത് ഒരുപാട് പ്രാവശ്യം ഈ കുട്ടിയുടെ വീട്ടിൽ എത്തിപ്പെട്ടിട്ടുണ്ട്. എത്തിപ്പെട്ടു എന്നു പറഞ്ഞാൽ വീടിനു താഴെ ഭാഗത്തു നിന്ന് വിളിച്ച് ഇവരെ താഴേക്കിറക്കുകയാണ് ചെയ്തിട്ടുള്ളത്. ഈ പെൺകുട്ടിക്ക് മാതാപിതാക്കൾ ചെറുപ്പത്തിലേ നഷ്ടപ്പെട്ടു. ഏക സഹോദരൻ മാത്രമാണ് സംരക്ഷണത്തിനുണ്ടായിരുന്നത്.

ബുദ്ധിമാന്ദ്യമുള്ള, സംസാര ശേഷി കുറഞ്ഞ ഒരു പതിനാറുകാരി കുട്ടിയെ സ്വന്തം ബാപ്പയുടെ സഹോദരൻ മധുരപലഹാരങ്ങൾ കൊടുത്ത് വശത്താക്കി ഗർഭിണിയാക്കി. കുട്ടിക്ക് കലശലായ വയറുവേദന അനുഭവപ്പെട്ട് ഡോക്ടറുടെ അടുത്തെത്തിയപ്പോഴാണ് 6 മാസം ഗർഭിണിയാണെന്നറിയുന്നത്. ഈ അവസ്ഥയിലും പെൺകുട്ടി കളിക്കുകയും ഊഞ്ഞാലാടുകയും ഒക്കെ ചെയ്തിരുന്നതിനാൽ ഗർഭിണിയാണെന്ന് വീട്ടുകാർ തിരിച്ചറിഞ്ഞില്ല. നിർധനരായ മാതാപിതാക്കൾ പണിക്കു പോകുന്ന അവസരത്തിൽ പണി തീരാത്ത തന്റെ വീട്ടിൽ വിളിച്ചു വരുത്തിയാണ് ഇയാൾ ബലാത്സംഗം ചെയ്തിരുന്നത്. ഈ പെൺകുട്ടിയുടെ വീട്ടുകാർക്ക് കുഞ്ഞിനെ വളർത്തുവാൻ താല്പര്യമില്ലാതിരുന്നതിനാൽ പ്രസവശേഷം കുഞ്ഞിനെ ഏറ്റെടുക്കുന്ന സ്ഥാപനത്തിലാണ് അവളുടെ പ്രസവം നടന്നത്. രണ്ടുമൂന്നു മാസം അവിടുത്തെ ശുശ്രൂഷയ്ക്കും ചികിത്സക്കും ശേഷം കുഞ്ഞില്ലാതെ മടങ്ങിപ്പോരുമ്പോൾ ഉള്ള അവസ്ഥ. അത് എഴുത്തിലൂടെ വിവരിക്കാൻ കഴിയില്ല. പ്രസവിച്ച ഒരമ്മയ്ക്കും അവളുടെ ജീവിത സാഹചര്യമോ ബുദ്ധിയുടെ ഏറ്റക്കുറച്ചിലോ പ്രായമോ ഒന്നും തന്നെ നൊന്തു പ്രസവിച്ച സ്വന്തം കുഞ്ഞിനെ ഉപേക്ഷിക്കാൻ പറ്റുന്നതല്ല എന്ന് ഇവരിൽ നിന്നൊക്കെ മനസ്സിലാക്കി. മാതൃത്വം അതാണ് എന്നും ഇവർ പഠിപ്പിച്ച എത്രയോ സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. ഒരുപാട് നിയമങ്ങൾ സ്ത്രീക്കനുകൂലമായി നിലവിലുണ്ടെങ്കിലും സ്ത്രീകളോ പെൺകുട്ടികളോ





**കൊലപാതക കേസുകൾ (ആത്മഹത്യ എന്നാണ് ഓമനപ്പേര്) അന്വേഷിയിൽ അറിയുമ്പോൾ ഞങ്ങൾ സംഭവസ്ഥലത്തെത്തിപ്പെടുകയും വിശദമായി കാര്യങ്ങൾ മനസ്സിലാക്കുക ചെയ്യുന്നു.**



**ഹെൽത്ത് വർക്കിന്റെ ഭാഗമായി മെഡിക്കൽകോളേജിലെ പല വാർഡുകളിലും ഞാനും ശ്രീബയും അൽഫോൺസയും സെക്രട്ടറി ശ്രീജയുമൊക്കെ പോയിട്ടുണ്ട്. പ്രത്യേകിച്ചും തീപ്പൊള്ളലേറ്റ വാർഡുകളിൽ പോകുമ്പോൾ പലപ്പോഴും മനംമറിക്കുകയും ഛർദ്ദിക്കാൻ വരികയും ഒക്കെ ചെയ്തിട്ടുണ്ട്.**

മാത്രം കുറ്റക്കാരാവുകയും ഇതിനുത്തരവാദിയായ പുരുഷൻ സാമൂഹ്യവിരുദ്ധനാണെങ്കിലും മാന്യനായി സമൂഹമദ്ധ്യത്തിൽ ഞെളിഞ്ഞുനടക്കുകയും ചെയ്യുമ്പോൾ സ്ത്രീകൾ എന്താണ് ചെയ്യുക. അവർക്ക് നീതി കിട്ടണം, സ്വതന്ത്രയായി ജീവിക്കണം എന്ന ചിന്തയാണ് ഇത്തരം പ്രശ്നങ്ങളിൽ സഹായിക്കുന്നതിനുള്ള മുഖ്യപ്രചോദനം.

കൊലപാതക കേസുകൾ (ആത്മഹത്യ എന്നാണ് ഓമനപ്പേര്) അന്വേഷിയിൽ അറിയുമ്പോൾ ഞങ്ങൾ സംഭവസ്ഥലത്തെത്തിപ്പെടുകയും വിശദമായി കാര്യങ്ങൾ മനസ്സിലാക്കുകയും ചെയ്യുന്നു. ആത്മഹത്യകളിൽ ശരീരങ്ങൾ പോസ്റ്റുമോർട്ടം ചെയ്തുകിട്ടാൻ പല കാരണങ്ങൾ കൊണ്ടും വൈകാറുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ അന്വേഷിയുടെ സഹായമഭ്യർത്ഥിക്കുന്നവർക്ക് വേണ്ടി അധികൃതരുമായി ഇടപെട്ട് കാര്യങ്ങൾ ദ്രുതഗതിയിൽ ചെയ്തുകൊടുക്കാറുണ്ട്.

ലൂബയെന്ന പെൺകുട്ടി ആദ്യപ്രസവത്തോടു കൂടി മരിച്ചപ്പോൾ ആശുപത്രി അധികൃതരുടെ അശ്രദ്ധമൂലമാണെന്ന ആരോപണം ഉയർന്നു. സ്വകാര്യ ആശുപത്രിയിലായിരുന്നു പ്രസവം. ഈ മൃതദേഹത്തോടൊപ്പം രണ്ടു ദിവസം കാവലിരുന്ന അദ്ധ്യാപികയായ അമ്മ അവരുടെ ദയനീയാവസ്ഥ വിളിച്ചറിയിച്ചപ്പോൾ ഉടനടി ഞങ്ങൾ പോവുകയും മെഡിക്കൽ കോളേജ് ഡിപ്പാർട്ട്മെന്റ് തലവനെ കാണുകയും പോസ്റ്റ്മോർട്ടം വേഗത്തിലാക്കാൻ വേണ്ട സഹായം ചെയ്തുകൊടുക്കുകയും ചെയ്തു. പലർക്കും പോസ്റ്റ്മോർട്ടം റിപ്പോർട്ട് കിട്ടാൻ മാസങ്ങൾ തന്നെ വേണ്ടി വരുമ്പോൾ അതിനു പോലീസ് സ്റ്റേഷനുകളിലും ഈ ആളുകളോടൊപ്പം പോയി കാര്യങ്ങൾ എളുപ്പമാക്കാൻ സഹായിച്ചിട്ടുണ്ട്.

ഹെൽത്ത് വർക്കിന്റെ ഭാഗമായി മെഡിക്കൽകോളേജിലെ പല വാർഡുകളിലും ഞാനും ശ്രീബയും അൽഫോൺസയും സെക്രട്ടറി ശ്രീജയുമൊക്കെ പോയിട്ടുണ്ട്. പ്രത്യേകിച്ചും തീപ്പൊള്ളലേറ്റ വാർഡുകളിൽ പോകുമ്പോൾ പലപ്പോഴും മനംമറിക്കുകയും ഛർദ്ദിക്കാൻ വരികയും ഒക്കെ ചെയ്തിട്ടുണ്ട്. വെന്ത പച്ചമാംസത്തിന്റെ നാറ്റം ദുസ്സഹമാണ്. അവരുടെ നിലവിളി അതിലും കരളലിയിക്കുന്നതാണ്. പലപ്പോഴും മുഴുവനും തീപ്പൊള്ളലേറ്റ് കിടക്കുമ്പോഴും അവർക്ക് സംസാരശേഷി നഷ്ടപ്പെട്ടിട്ടുണ്ടാവില്ല. മദ്യപിച്ചും ലഹരി ഉപയോഗിച്ചും ലക്കുകെട്ട് വന്ന ഭർത്താവ് മണ്ണെണ്ണ ഒഴിച്ച് തീ കൊളുത്തിയതാണ് അധികവും. പാതി വെന്ത ശരീരവുമായി രക്ഷപ്പെടാൻ വേണ്ടി കിണറ്റിൽ ചാടി നാട്ടുകാർ എടുത്ത് ആശുപത്രിയിൽ എത്തിച്ചവർ, സ്ത്രീധനപീഡനം മൂലം സ്വയം തീകൊളുത്തിയവർ ഇങ്ങനെ എത്രയോ പ്രശ്നങ്ങൾ പോയി കാണുകയും ഇതിലെ പ്രതികൾക്കെതിരെ പോലീസിൽ ബന്ധുക്കളെക്കൊണ്ട് പരാതി കൊടുപ്പിക്കാൻ സാഹിയിക്കുകയും ചെയ്തിട്ടുണ്ട്. ഭർത്താവിന്റെയും അയാളുടെ വീട്ടുകാരുടെയും കൊടുംക്രൂരത കൊണ്ട് പൊള്ളലേറ്റിട്ടും പല സ്ത്രീകളും ഇക്കാര്യം മറച്ചുവെക്കുകയും കുറ്റം സ്വയം ഏറ്റെടുക്കുകയും അബദ്ധത്തിൽ തീ പിടിച്ചതാണെന്നു പറഞ്ഞ് കുറ്റവാളികളെ രക്ഷിക്കുകയും ചെയ്ത എത്രയോ സംഭവങ്ങളിൽ സംഗതി തിരിച്ചാണെന്ന കാര്യം ബോധ്യപ്പെടുകയും ഇതിനെതിരെ നിയമനടപടികൾ എടുക്കാൻ സഹായിക്കുകയും ചെയ്ത സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. പലപ്പോഴും ഭർത്താവിന്റെ പീഡനം മൂലം പൊള്ളലേറ്റ് ചികിത്സയിലിരിക്കുന്ന SC,ST വിഭാഗക്കാർക്ക് അവരുടെ ചികിത്സയ്ക്കും മറ്റുമുള്ള സാമ്പത്തിക സഹായങ്ങൾ സർക്കാരിൽ നിന്ന് (മെഡിക്കൽകോളേജിൽ നിന്ന്) കിട്ടുമെന്ന കാര്യം അറിയില്ല. ഇത്തരക്കാർക്ക് അവർക്കർഹതപ്പെട്ട ആനുകൂല്യങ്ങൾ വാങ്ങിക്കൊടുക്കാൻ സഹായങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ട്. വയനാട്ടിൽ നിന്നും തീപ്പൊള്ളലേറ്റു വന്ന SC വിഭാഗത്തിൽപ്പെട്ട യുവതിയായ വീട്ടമ്മയ്ക്ക് ഈയടുത്തകാലത്ത് ഇങ്ങനെ സാമ്പത്തികസഹായം കിട്ടുവാൻ സഹായിച്ചിട്ടുണ്ട്. ഇതും ഭർത്താവ് തീ കൊളുത്തിയതായിരുന്നു. ഇതു പോലെ വയനാട് അട്ടമലയിൽ നിന്നും ഭർത്താവ്

തീ കൊളുത്തി പൊള്ളിച്ച 7 മാസം ഗർഭിണിയായ ഒരു ആദിവാസിപെൺകുട്ടിയെ മെഡിക്കൽകോളേജിൽ പോയിക്കണ്ടു. അവളുടെ അമ്മയുടെ ആവശ്യപ്രകാരം ഭർത്താവിനെ വിളിക്കാൻ ആ സ്ഥലത്ത് പോയി. ശ്രീബയും ഞാനും കൂടിയാണ് ഇതിനുപോയത്. അട്ടമലയുടെ ഏറ്റവും മുകളിലുള്ള പാറയുടെ മുകൾഭാഗത്താണ് ഇവരുടെ കുടിലുകൾ. പേരു പോലെ തന്നെ അട്ടകളെക്കൊണ്ട് നിറഞ്ഞതായിരുന്നു ഇവിടം. പുതിയ അതിഥികളെ കിട്ടിയപ്പോൾ അവർ ഇഷ്ടം പോലെ ചോരകുടിക്കുകയും ചെയ്തു. വളരെ സാഹസപ്പെട്ട് മലമുകളിലെത്തി. അട്ടകളെ പേടിച്ച് അതിവേഗം താഴെ ഇറങ്ങുകയും ചെയ്തു. തലേദിവസം രാത്രി അവിടങ്ങളിൽ കാട്ടാന ഇറങ്ങിയതിനാൽ. ഇവിടെയുള്ള ആളുകൾ ഓടി രക്ഷപ്പെട്ടതാണ്. ഇതൊന്നുമറിയാതെയാണ് ശ്രീബയും ഞാനും അവിടെ പോയത്. ഇതുകേട്ടപ്പോൾ ഞങ്ങൾ ശരിക്കും പേടിച്ചുപോയി. അതോടെ എസ്റ്റേറ്റിൽ നിന്നും അതിവേഗം ഞങ്ങൾ റോഡിൽ എത്തുകയും ചെയ്തു. അന്വേഷിയുടെ ഇടപെടൽ അറിഞ്ഞ ശേഷം ഈ പയ്യൻ വളരെ നല്ല ആളായി. കുടിയൊക്കെ നിർത്തിയതായി ഞങ്ങളെവിളിച്ച് അറിയിച്ചിരുന്നു.

ആദ്യമൊക്കെ പലർക്കും ഞങ്ങൾ സ്ത്രീകൾ ഇത്തരം പ്രശ്നങ്ങൾ അന്വേഷിക്കാൻ ചെല്ലുന്നതും പലരോടും കാര്യങ്ങൾ തിരക്കുന്നതും ഒക്കെ വല്ലാത്ത അലോസരമാണ് കണ്ടിരുന്നത്. പലരോടും അന്വേഷിച്ച് അഡ്രസ്സ് കണ്ടുപിടിച്ച് കക്ഷികളുടെ വീട്ടിൽ എത്തിയാൽ ഇതല്ല വീട് വേറെയാണ് എന്ന് പറഞ്ഞ് ആളുകൾ വഴിതെറ്റിച്ചുവിട്ട ചില സംഭവങ്ങളുമുണ്ട്. വീണ്ടും ചുറ്റിക്കറങ്ങി അതേ വീട്ടിൽ തന്നെയായിരിക്കും ഞങ്ങൾ എത്തിച്ചേരുക. പലപ്രാവശ്യം പോയാലാണ് ഉദ്ദേശിച്ച വ്യക്തിയെ കാണാൻ കഴിയുക. പരാതിക്കാരുടെയടുത്തും എതിർകക്ഷികളുടെയടുത്തും പോയി വ്യക്തമായ തെളിവുകളും സത്യാവസ്ഥയും മനസ്സിലാക്കി റിപ്പോർട്ടു ചെയ്തതിന്റെ കൂടി അടിസ്ഥാനത്തിൽ സത്യസന്ധമായ തീരുമാനമെടുക്കേണ്ടതിനാൽ ശരിയായ വിവരം ശേഖരിക്കാൻ ഒരുപാടു ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. പ്രവർത്തനം തുടങ്ങിയ സമയത്തൊക്കെ പലരും ഞങ്ങളോട് കാര്യങ്ങൾ പറയാൻ തയ്യാറായിരുന്നില്ല. ഒന്നാമത് അയൽപക്കക്കാരെപ്പറ്റി അവർക്കറിയാവുന്ന കാര്യങ്ങൾ പറഞ്ഞാൽ പിന്നീട് ഉണ്ടാകുന്ന ഭവിഷ്യത്ത് ഓർത്താണ് ചിലർ പറയാൻ മടിക്കുക. മറ്റു ചിലർ "ഓ... രണ്ടു പെണ്ണുങ്ങൾ വന്ന് ഈ കാര്യത്തിന് എന്തുപരിഹാരം ചെയ്യാനാണ്, പോലീസ് നടത്തേണ്ട കേസ് നിങ്ങളെങ്ങനെ നടത്താനാണ്. അതുകൊണ്ട് ഞങ്ങൾ ഇപ്പോൾ വരുന്നില്ല" എന്ന മറുപടിയാണ് കിട്ടുക. മറ്റുചിലർ നിങ്ങൾക്കെന്താ ഇതിനുള്ള അധികാരം എന്നന്വേഷിക്കലാണ്. എന്നാൽ പ്രായമായ സ്ത്രീകളാണ് പലപ്പോഴും യുക്തിസഹമായി കാര്യങ്ങൾ സംസാരിക്കുകയും നിങ്ങളിടപെട്ട് ഈ പെണ്ണിനും മക്കൾക്കും എന്തെങ്കിലും ചെയ്തുകൊടുക്കണം എന്ന് പറയുകയും ചെയ്യുക. കള്ളുകുടിച്ച് വന്ന് കുട്ടികളെയും ഭാര്യയേയും ചിലപ്പോൾ പ്രായമായ മാതാപിതാക്കളേയും ഉപദ്രവിക്കുകയും പട്ടിണിക്കിടുകയും ചെയ്യുകയാണ് ചിലരുടെ പതിവ്. ഭർത്താവിന്റെ മദ്യപാനവും പരസ്ത്രീബന്ധവും എതിർക്കുന്ന ഭാര്യക്കും മക്കൾക്കും പാതിരാത്രി പാറമടയിലും കുറ്റിക്കാട്ടിലും ഒക്കെ ഒളിച്ചിരുന്ന് നേരം വെളുപ്പിക്കേണ്ടുന്ന അവസ്ഥയും ഉണ്ടായിട്ടുണ്ട്. വിശ്വസിക്കാൻ കഴിയില്ല. എങ്കിലും ഇത്തരം ഒരുപാട് പ്രശ്നങ്ങളിൽ ഇടപെട്ട് എതിർകക്ഷികളുടെ അടുത്തും അയൽപക്കത്തും അന്വേഷിക്കുമ്പോൾ പല സ്ത്രീകളും പരിഹസിച്ച് സംസാരിച്ചിട്ടുണ്ട്. "ആണുങ്ങളല്ലേ, ഇപ്പോൾ കുടിക്കാത്തവരാരാ ഉള്ളത്. എത്ര കുടിച്ചാലും അവളെയും മക്കളെയും പട്ടിണിക്കൊന്നുമിടുന്നില്ലല്ലോ. അവനല്ലേ തിന്നാൻ കൊടുക്കുന്നത്. അതുകൊണ്ട് കുറേയൊക്കെ പെണ്ണുങ്ങൾ സഹിക്കണം. തല്ലൊക്കെ കൊള്ളേണ്ടി വരും" എന്നാണ് കമന്റ്. മറ്റു ചില പരാതികളിൽ എതിർകക്ഷികളുടെ വീട്ടുകാർ പറയുക "നിങ്ങളും പെണ്ണുങ്ങളല്ലേ ആദ്യം പരാതി തന്നവളെ ഉപദേശിച്ച് നന്നാക്കാൻ നോക്ക്. ഞങ്ങൾ വരാം. പക്ഷേ, അവളും വീട്ടുകാരും അവിടെ വരാൻ പാടില്ല." എന്നാണ്. ചിലർ ചീത്ത പറഞ്ഞു വിട്ട അവസരങ്ങളുമുണ്ട്.
പ്രവർത്തനം തുടങ്ങി ഒരുവർഷമൊക്കെ കഴിഞ്ഞപ്പോഴേക്കും ഇവരിൽ പല ആളുകളും അവ

**ആം ആദ്മി പാർട്ടി ചൂല് അവരുടെ തെരഞ്ഞെടുപ്പ് ചിഹ്നമാക്കുന്നതിനും എത്രയോ മുമ്പ് തന്നെ സ്ത്രീവേദി നിയമസഭയ്ക്ക് പുറത്ത് ചൂലുമായി സമരം നടത്തി ശ്രദ്ധനേടിയിരുന്നു.**





**"നിങ്ങളും പെണ്ണുങ്ങളല്ലേ ആദ്യം പരാതി തന്നവളെ ഉപദേശിച്ച് നന്നാക്കാൻ നോക്ക്. ഞങ്ങൾ വരാം. പക്ഷേ, അവളും വീട്ടുകാരും അവിടെ വരാൻ പാടില്ല."**

രുടെ കുടുംബക്കാരുടെയോ സുഹൃത്തുക്കളുടെയോ ഒക്കെ പ്രശ്നങ്ങളുമായി അന്വേഷിയെ സമീപിച്ച സംഭവങ്ങളും ധാരാളമുണ്ട്. പല സങ്കീർണ്ണങ്ങളായ കേസുകളും അന്വേഷിക്കാൻ പോയിട്ട് വളരെ നല്ല രീതിയിലുള്ള അനുഭവങ്ങളും ഉണ്ടായിട്ടുണ്ട്. വളരെ സഹകരണത്തോടെയാണ് പ്രശ്നപരിഹാരത്തിന് ചിലർ അന്വേഷിയെ സമീപിച്ചിട്ടുള്ളത്. മാന്യമായ രീതിയിൽ തന്നെ പരിഹരിക്കാൻ തയ്യാറായവർ ഉണ്ട്.

പല ജില്ലകളിലും യാത്ര ചെയ്യേണ്ടി വന്നിട്ടുണ്ട്. ചിലപ്പോൾ മൂന്നും നാലും ദിവസം വീട്ടിലെത്താൻ കഴിയാതിരുന്നിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ പല മേഖലകളിലും പ്രത്യേകിച്ച് തിരുവമ്പാടി, കൂടരഞ്ഞി, മൈസൂർമല, പൊട്ടൻതോട്ട് മല, നെല്ലിപ്പൊയിൽ, ആനക്കാംപൊയിൽ ഈ ഭാഗങ്ങളിൽ പോകുമ്പോൾ കിലോമീറ്ററുകളോളം കയറ്റം കയറിയും കുത്തനെ ഇറക്കം ഇറങ്ങിയും കാട്ടിലൂടെ യാത്ര ചെയ്തും മലവെള്ളം കുത്തിയൊലിച്ച് കുണ്ടും കുഴിയുമായി കിടക്കുന്ന ഇടുങ്ങിയ ഇടവഴികളിലൂടെ യാത്ര ചെയ്തും ഒക്കെയാണ് പല വീടുകളിലും എത്തിപ്പെടുക. സമീപപ്രദേശത്തെങ്ങും ഒറ്റ വീടുകൾ പോലുമില്ലാത്ത എത്രയോ പ്രദേശങ്ങൾ. പല കേസുകൾക്കും ആളെ അന്വേഷിച്ചു പോകുമ്പോൾ അവർ ആ സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്ക് മാറിയത് പരാതിക്കാർ അറിഞ്ഞിട്ടുണ്ടാവില്ല. പലർക്കും ഭർത്താവിന്റെയും വീട്ടുകാരുടെയും അഡ്രസ്സ് പോലും അറിയില്ല. പല സ്ഥലങ്ങളിലും എത്തിപ്പെടുമ്പോൾ ബാക്ക് എഞ്ചിൻ ജീപ്പുകളിലാണ് മല കയറുക. ഒരു കല്ലിന്റെ പുറത്തു നിന്ന് മറ്റൊന്നിന്റെ മുകളിലേക്കുള്ള ജീപ്പിന്റെ ചാട്ടം. ജീവൻ പണയം വെച്ചാണ് ഇത്തരം സ്ഥലങ്ങളിൽ പോയി തിരിച്ചെത്താറുള്ളത്. പല വീടുകളിലും നാലും അഞ്ചും നായ്ക്കളെ വളർത്തുന്നുണ്ടാവും. ഇവ ദൂരെ നിന്നു തന്നെ ഞങ്ങളെ കാണുമ്പോഴേക്കും കുര തുടങ്ങും. പലപ്പോഴും വീടുകളിൽ ആരും ഉണ്ടാകാറുമില്ല. അയൽപക്കക്കാരോട് വിവരം ശേഖരിക്കണമെങ്കിൽ ഈ പട്ടികളുടെ കുര നിർത്തിയിട്ട് വേണം താനും. മഴക്കാലത്ത് നിറഞ്ഞ് കവിഞ്ഞ് കിടക്കുന്ന പുഴകളിൽ പേടിച്ച് വിറച്ച് തോണിയാത്ര ചെയ്ത് എതിർകക്ഷികളുടെ അടുത്തെത്തി കണ്ട് കാര്യങ്ങൾ പറഞ്ഞ് പോരേണ്ടി വന്നിട്ടുണ്ട്. കാസർഗോഡ് ഒരു സ്ഥലത്തും ചാലിയാർ പുഴയിലും ശ്രീബയോടും വിക്ടോറിയയോടും ഒപ്പം തോണിയിൽ പോയി വന്നതിനു ശേഷമാണ് ആ യാത്രയെപ്പറ്റിയോർത്ത് പേടിച്ചു പോയത്. പലപ്പോഴും യാത്രകളിൽ മൂത്രമൊഴിക്കാൻ പോലും പറ്റാതെ വിഷമിച്ച അവസ്ഥ എത്രയോ ഉണ്ടായിട്ടുണ്ട്. പല കേസുകളുമായി ബന്ധപ്പെട്ട് അവിടെ എത്തുമ്പോഴാണ് അവർ മാനസികാസ്വസ്ഥത ഉള്ളവരാണ് എന്നറിയുക. എന്താണ് ചോദിക്കുക, തിരിച്ചുപോരാൻ കഴിയുമോ എന്ന അവസ്ഥപോലും ഉണ്ടായിട്ടുണ്ട്. പലരും അവരുടെ സംസാരം തീരാതെ അനങ്ങാൻ സമ്മതിക്കില്ല. മണിക്കൂറുകളോളം എങ്ങനെ രക്ഷപ്പെടുമെന്ന് വിചാരിച്ച് അവിടെ തന്നെ ഇരിക്കേണ്ടി വന്നിട്ടുണ്ട്. ഇവരിൽ പലരേയും  ഒരു പരാതിയുടെയും അടിസ്ഥാനത്തിലല്ലാതെ പലപ്പോഴും ചികിത്സക്ക് വിധേയരാക്കാൻ അയൽക്കാരെയും ബന്ധുക്കളേയും ഇടപെടുത്തിച്ചിട്ടുമുണ്ട്. എത്രയോ ദിവസങ്ങളിൽ യാത്ര കഴിഞ്ഞ് തിരിച്ച് ഞങ്ങൾ കോഴിക്കോട് റെയിൽവെസ്റ്റേഷനിലോ ബസ്റ്റാൻഡിലോ എത്താൻ രാത്രി പത്തുമണി പതിനൊന്നുമണിയൊക്കെയാകും. ഇന്നത്തെ പോലെ മൊബൈൽ ഫോണുകൾ വളരെ ചുരുക്കം പേരെ ഉപയോഗിക്കാൻ തുടങ്ങിയിരുന്നുള്ളൂ. ലാൻഡ് ഫോണുകളാണ് ആശ്രയം. അതും എല്ലായിടത്തും ഇല്ലതാനും. വായിൽനോട്ടക്കാരുടെയും പിമ്പുകളുടെയും വിളയാട്ടകാലം കൂടിയായിരുന്നതിനാൽ പലപ്പോഴും വൈകി എത്തുന്ന യാത്രകളിൽ വീട്ടിലെത്താൻ ഈ സമയങ്ങളിൽ ഞാൻ ഭർത്താവ് മണിയേട്ടന്റെ ഔദാര്യമാണ് തേടിയിരുന്നത്. ബസ് കയറുമ്പോൾ അവിടെയെത്തുന്ന സമയം കൂടി അടുത്തുള്ള എസ്.ടി.ഡി ബൂത്തിൽ നിന്ന് വിളിച്ചറിയിക്കും. മറ്റു ജില്ലകളിലുള്ള

യാത്ര കഴിഞ്ഞ് കോഴിക്കോട് എത്തുമ്പോൾ രാത്രി പത്തുമണി കഴിയും. ഇങ്ങനെയുള്ള സന്ദർഭ ങ്ങളിൽ കൂടെയുള്ള പ്രവർത്തക രായ വിക്ടോറിയ, ശാന്ത, നബീസ ഇവരെയൊക്കെ വീടുക ളിൽ എത്തിച്ച ശേഷമാണ് ഞാനും മണിയേട്ടനും തിരിച്ച് വീട്ടിലെത്തുക. ഈ സമയ ങ്ങളിൽ മകളെ ബന്ധുവീട്ടിൽ ഏൽപ്പിച്ചാണ് പലപ്പോഴും യാത്ര ചെയ്തിരുന്നത്. ഇങ്ങനെ പല ബുദ്ധിമുട്ടുകളും യാത്രാ വേളക ളിൽ അനുഭവിക്കേണ്ടി വന്നിട്ടു ണ്ട്.

## പൊതുസമരങ്ങൾ

സാമൂഹ്യപ്രതിബദ്ധതയുള്ള ഒരുപാട് സമരങ്ങളും അന്വേഷി കേരളസ്ത്രീവേദിയുമായി ചേർന്ന് നടത്തിയിട്ടുണ്ട്. അത്തരം സമരങ്ങളിൽ ഒന്നായി രുന്നു 2001ലെ നിയമസഭാതെര ഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പി. കെ.കുഞ്ഞാലിക്കുട്ടിക്കെതിരെയു ണ്ടായ വാഹനപ്രചരണ സമരം. കോഴിക്കോട് ഐസ്ക്രീ പാർലർകേസിൽ ലൈംഗികപീഡ നത്തിന് ആരോപണവിധേയ നായ കുഞ്ഞാലിക്കുട്ടിയെ പരാജ യപ്പെടുത്തുക എന്നതായിരുന്നു ലക്ഷ്യം. നോട്ടീസടിച്ച് വിതരണം നടത്തിയപ്പോൾ തന്നെ ലീഗിന്റെ മുഖ്യനേതാക്കൾ സമരക്കാർക്കെ തിരെ പ്രതിരോധം തുടങ്ങിയിരു ന്നു. വാഹനപ്രചരണത്തിന്റെ ദി വസം ലീഗിന്റെ ഒരു പട തന്നെ ഞങ്ങളുടെ വാഹനത്തിൽ തൂങ്ങി നിന്നും വളഞ്ഞു തടസ്സമുണ്ടാ ക്കിയും വാഹനത്തിൽ അടിച്ച് ശബ്ദമുണ്ടാക്കിയും ഒക്കെ ഭീഷ ണിമുഴക്കിയെങ്കിലും ഞങ്ങൾ കുറേ ദിവസം പ്രചരണം നട ത്തി. എതിർസ്ഥാനാർത്ഥിയു ടെയും പുരോഗമനവാദികളു ടെയും നല്ല സപ്പോർട്ട് സമരത്തി നുണ്ടായിരുന്നെങ്കിലും കുഞ്ഞാ ലിക്കുട്ടി ജയിച്ചു. കാരണം എതിർസ്ഥാനാർത്ഥി അറിയപ്പെ ടുന്ന രാഷ്ട്രീയക്കാരനായിരുന്നി ല്ല. എങ്കിലും ഉന്നതനായ ക്രിമിന ലിനെതിരെ സമൂഹമദ്ധ്യത്തിൽ ശക്തമായ പ്രതിഷേധം നട ത്താൻ കഴിഞ്ഞു.

മറ്റൊന്ന് പി.ഇ.ഉഷയുടെ നേരെ യാത്രാവേളയിലുണ്ടായ ലൈംഗികപീഡനം. ഈ സംഭവ ത്തിൽ ഉഷയോട് അനുഭാവം പ്രകടിപ്പിച്ച് അവരുടെ നിരാഹാ രപ്പന്തലിൽ പോയി വൈകു ന്നേരം വരെ ഇരിക്കുകയും ചെയ്തു. സമരം തീരുന്നത് വരെ ഇതു ചെയ്തു. മാത്രമല്ല ഉഷ യുടെ ആവശ്യം നിറവേറ്റുന്ന തിനായി വിസിയുടെ കാർ തട ഞ്ഞുനിർത്തി. അദ്ദേഹത്തെ അകത്തു കടക്കാൻ സമ്മതിച്ചില്ല. അവസാനം ഉഷയുടെ ആവശ്യം യൂണിവേഴ്സിറ്റി അംഗീകരിച്ചു. ഈ സമരത്തിൽ പങ്കാളികളാ കാൻ ജാൻസിയും ഞാനും ദിവ സങ്ങളോളം അവിടെ പോയിട്ടു ണ്ട്.

മറ്റൊന്ന് സെക്രട്ടറിയേറ്റിലെ ചൂല് സമരം. ഇതിനും കേരളസ്ത്രീവേദിയാണ് നേതൃത്വം കൊടുത്തത്. ആഴ്ച കളോളം പല സ്ത്രീസംഘടനക ളും അവിടെ സമരമിരുന്നിട്ടുണ്ട്. ആം ആദ്മി പാർട്ടി ചൂല് അവ രുടെ തെരഞ്ഞെടുപ്പ് ചിഹ്നമാക്കു ന്നതിനും എത്രയോ മുമ്പ് തന്നെ സ്ത്രീവേദി നിയമസഭയ്ക്ക് പുറത്ത് ചൂലുമായി സമരം ന ടത്തി ശ്രദ്ധനേടിയിരുന്നു. ഇതിൽ അന്വേഷിയുടെ പ്രവർത്തകർ മാറി മാറി പങ്കെടുത്തിരുന്നു.

സദാചാരപ്പോലീസിന്റെ വിള യാട്ടം നടന്നിരുന്ന സമയത്ത് ഇവർക്കെതിരെ കാര്യമായ നിയ മനടപടി എടുക്കാൻ ഇതിനെതി രായവരെ സഹായിക്കുകയും ‘സദാചാര’ക്കാരെപ്പോയിക്കണ്ട് ഇത്തരം കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനെ ചോദ്യം ചെയ്യു കയും പോലീസിൽ പരാതിപ്പെടു കയും ചെയ്തിട്ടുണ്ട്. മാത്രമല്ല ഈ സദാചാരക്കാർ മർദ്ദിച്ചവശ യാക്കിയ ഒരു സ്ത്രീക്കു വേണ്ടി വയനാട് കലക്ടറേറ്റിനു മുന്നിൽ ഒരു ദിവസം സമരം നടത്തു കയും ചെയ്തു. പല സ്ത്രീസം ഘടനകളുടെയും സഹകരണ ത്തോടെയാണ് ഈ സമരം നട ത്തിയത്. ഇതോടെ പ്രതികൾ അന്വേഷിയിൽ വരുകയും അവ രുടെ ഇത്തരം ഇടപെടലുകൾ സ്ത്രീകൾ അംഗീകരിക്കുകയില്ല എന്ന് മനസ്സിലാക്കുകയും ചെയ്തതോടെ ഇതിനൊക്കെ കുറേ അയവു വരികയും ചെയ്തു. പല ഭാഗത്തു നിന്നും ഗുണ്ടായിസത്തിനെതിരെ പ്രതി ഷേധങ്ങൾ ഉയർത്താനും ഈ സമരത്തിന് കഴിഞ്ഞു. ‘സദാചാ രപ്പോലീസി’ന്റെ വിളയാട്ട സമ യത്ത് പ്രത്യേകിച്ച് പെൺകുട്ടിക ളേയും സ്ത്രീകളേയും സദാചാര ക്കാർ നിലയ്ക്ക്നിർത്താൻ മെന ക്കെട്ടപ്പോൾ ഈ പ്രശ്നവുമായി ബന്ധപ്പെട്ട് പരാതിക്കാർക്ക് വേണ്ടി കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകളിലെ സംഭവപരി ധിയിലെ പോലീസ്സ്റ്റേഷനുക ളിൽ പരാതി കൊടുപ്പിക്കുകയും അവിടങ്ങളിലെ മതസ്ഥാപന




**സാമൂഹ്യപ്രതിബദ്ധതയുള്ള ഒരുപാട് സമര ങ്ങളും അന്വേഷി കേരളസ്ത്രീവേദിയുമായി ചേർന്ന് നടത്തിയിട്ടുണ്ട്. അത്തരം സമരങ്ങളിൽ ഒന്നായിരുന്നു 2001ലെ നിയമസഭാതെരഞ്ഞെടു പ്പുമായി ബന്ധപ്പെട്ട് പി.കെ.കുഞ്ഞാലിക്കുട്ടി ക്കെതിരെയുണ്ടായ വാഹനപ്രചരണ സമരം.**



**മുത്തങ്ങ ആദിവാസി ഭൂസമരത്തിന് പിന്തുണ പ്രഖ്യാപിക്കുകയും ആക്രമണത്തിനിരയായ ആദിവാസിക്കുടിലുകളിൽ പോവുകയും അവരോട് സംസാരിക്കുകയും ജയിലിൽ കിടക്കുന്ന ആദിവാസിസമരക്കാർക്ക് വസ്ത്രങ്ങൾ ശേഖരിച്ച് നൽകുകയും ജയിലിൽ പോയി അവരെ കാണുകയും ചെയ്തിട്ടുണ്ട്.**

ങ്ങൾ, രാഷ്ട്രീയ നേതാക്കൾ, പഞ്ചായത്തു പ്രസിഡണ്ടുമാർ, പൗരപ്രമുഖർ ഇവരെയൊക്കെ പങ്കെടുപ്പിച്ച് കൊണ്ട് പ്രശ്നപരിഹാരത്തിനുള്ള വേദിയൊരുക്കുകയും ചെയ്തിട്ടുണ്ട്.

'സദാചാര' കച്ചവടക്കാരുടെ വിളയാട്ടം തുടങ്ങുന്ന സമയത്താണ് അറിയപ്പെടുന്ന സാമൂഹ്യപ്രവർത്തകയും സർക്കാർ ഉദ്യോഗസ്ഥയുമായ വ്യക്തിയെ പാന്റും ഷർട്ടുമിട്ട് രാത്രി നടക്കുന്നു (അതും സ്വന്തം ഭർത്താവിനൊപ്പം) എന്ന കാരണം പറഞ്ഞ് ഒരു കൂട്ടം സാമൂഹ്യവിരുദ്ധർ ആക്രമിച്ചത്. സ്വന്തം സഹോദരീപുത്രിയുടെ വിവാഹവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പങ്കെടുക്കുന്നതിനാണ് ഇവർ അവിടെ പോയത്. ഒരു പ്രാവശ്യം വസ്ത്രധാരണം എങ്ങനെ വേണമെന്ന് താക്കീത് ചെയ്ത് വിട്ടെങ്കിലും സ്ഥിരം പാന്റും ഷർട്ടും ധരിക്കുന്ന ഇവർ സദാചാരക്കാരുടെ ഉപദേശം അംഗീകരിക്കാതിരിക്കുക മാത്രമല്ല പിറ്റേദിവസവും സഹോദരിയുടെ വീട്ടിൽ അതേ വേഷത്തിൽ തന്നെ ചെന്നപ്പോൾ സദാചാരക്കാർ അവരെ അടിച്ചു പരിക്കേൽപ്പിച്ചു. ഒരു സ്ത്രീ ഏതുതരം വസ്ത്രം ധരിക്കണമെന്നത് അവരുടെ വ്യക്തിസ്വാതന്ത്ര്യത്തിന്റെ ഭാഗമാണെന്ന തിരിച്ചറിവില്ലാത്തവരാണ് ഈ സാമൂഹ്യവിരുദ്ധർ. കള്ളുകുടിച്ചും മയക്കുമരുന്നുപയോഗിച്ചും ലക്കുകെട്ട് ഉടുതുണിയില്ലാതെ നടുറോഡിൽ കിടക്കുന്ന പുരുഷന്മാരെ ഉപദേശിച്ച് നന്നാക്കാൻ ശ്രമിക്കാത്തവരാണ്, ഒരു സ്ത്രീ പാന്റും ഷർട്ടുമിട്ട് മുടി ക്രോപ്പ് ചെയ്ത് ആ പ്രദേശത്തു കൂടി യാത്ര ചെയ്തു എന്നുപറഞ്ഞ് ആക്രോശിക്കുന്നത്. ഈ പ്രശ്നത്തിൽ അന്വേഷി ഇടപെടുകയും ഇതൊരു സാമൂഹ്യഇടപെടലിനുള്ള വേദിയാക്കി മാറ്റുകയും ചെയ്തു. പല രാഷ്ട്രീയ സാമൂഹ്യസംഘടനകളെയും ഇടപെടുത്തിക്കൊണ്ട് ആക്ഷൻകമ്മറ്റി വിളിച്ചുചേർത്താണ് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ ശ്രമിച്ചത്. കുറ്റക്കാർ അവസാനം ഈ വ്യക്തിയോട് മാപ്പുപറഞ്ഞ് പ്രശ്നപരിഹാരം തേടി. ഇന്ന് പെൺകുട്ടികളും യുവതികളുമൊക്കെ സാധാരണവേഷമായി പാന്റ്സും ജീൻസും ഒക്കെ ധരിക്കുമ്പോൾ പരിഹസിക്കുവാൻ ആളുകൾ തയ്യാറാകാത്തത് ഇത്തരം ഇടപെടലുകൾ നടത്താൻ ആളുകൾ ഉണ്ട് എന്ന തിരിച്ചറിവു കൊണ്ടുതന്നെയാണ്.

ഇന്ന് നമ്മൾക്ക് കേൾക്കുമ്പോൾ അതിശയോക്തിയായി തോന്നാവുന്ന ഒരുപാട് കുടുംബകലഹപ്രശ്നങ്ങളിലും കൊലപാതകക്കേസുകളിലും വിവിധതരത്തിലുള്ള സ്ത്രീപീഡനം, ആത്മഹത്യക്കേസുകളിലുമൊക്കെ നിരന്തര ഇടപെടലുകൾ നടത്തിക്കൊണ്ടാണ് അന്വേഷി അതിന്റെ 22 കൊല്ലങ്ങൾ പിന്നിട്ടത്. അതോടൊപ്പം തന്നെ ഭൂസമരങ്ങളിലും പരിസ്ഥിതിസമരങ്ങളിലും, എൻഡോസൾഫാൻ, കൂടംകുളം ആണവനിലയത്തിനെതിരെയുള്ള സമരം, എക്സ്പ്രസ്സ് ഹൈവേ തുടങ്ങിയ സമരങ്ങളിലുമൊക്കെ ഭാഗഭാക്കായിട്ടുണ്ട്. മദ്യനിരോധനം, ഷാപ്പുപൂട്ടിക്കൽ ഇത്തരം സമരങ്ങളിൽ പങ്കെടുത്തിട്ടുണ്ട്.മുത്തങ്ങ ആദിവാസി ഭൂസമരത്തിന് പിന്തുണപ്രഖ്യാപിക്കുകയും ആക്രമണത്തിനിരയായ ആദിവാസിക്കുടിലുകളിൽ പോവുകയും അവരോട് സംസാരിക്കുകയും ജയിലിൽ കിടക്കുന്ന ആദിവാസിസമരക്കാർക്ക് വസ്ത്രങ്ങൾ ശേഖരിച്ച് നൽകുകയും ജയിലിൽ പോയി അവരെ കാണുകയും ചെയ്തിട്ടുണ്ട്. ●

*പി.ഗീതയുടെ ഉപ്പും മുളകും എന്ന പംക്തിയിൽ രണ്ടാംകോളം മൂന്നാം ഖണ്ഡികയിൽ അവസാനവരിയിലെ 'പെണ്ണുങ്ങൾ പുരുഷന്മാരെ' എന്നത് 'പെണ്ണുങ്ങളെ പുരുഷന്മാർ' എന്ന് തിരുത്തി വായിക്കുക. ഇങ്ങനെയൊരു തെറ്റുപറ്റിയതിൽ സംഘടിത നിർവ്യാജം ഖേദിക്കുന്നു.*

## അനുബന്ധപരിപാടികൾ

സാമൂഹ്യപ്രവർത്തനരംഗത്ത് ബഹുദൂരം പിന്നിട്ട അന്വേഷി ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ സ്ത്രീ സംഘടനകളുമായും ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ട്. ഡൽഹിയിലെ ലോയേഴ്സ് കളക്ടീവ്, ജഗോരി, പാർട്ണേഴ്സ് ഫോർ ലോ & ഡവലപ്മെന്റ് (പി.എൽ.ഡി), ബോംബെയിലെ സേഹത്, ബാംഗ്ലൂരിലെ വിമോചന, വിസ്താർ, ഹൈദരാബാദിലെ പ്രജ്വല, കൽക്കത്തയിലെ സ്വയം തുടങ്ങിയ സംഘടനകളാണ് ഇവയിൽ പ്രധാനപ്പെട്ടത്.

സാമൂഹ്യപ്രവർത്തനരംഗത്തേക്ക് കടന്നുവരാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥിനികൾ മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും ഇന്റേൺഷിപ്പ് ചെയ്യാനായി അന്വേഷിയിൽ എത്താറുണ്ട്. ഓരോ വർഷത്തിലും പത്തു കുട്ടികളെങ്കിലും ഇത്തരത്തിൽ അന്വേഷിയിലെത്തുന്നു. കോഴിക്കോട്ടെ അഖിലേന്ത്യാ പ്രശസ്തമായ മാനേജ്മെന്റ് പഠനസ്ഥാപനമായ ഐ.ഐ.എം.കെ എല്ലാവർഷവും വിദ്യാർത്ഥികളെ ഇത്തരത്തിൽ ഇന്റേൺഷിപ്പിന് അയക്കാറുണ്ട്.

*അന്വേഷി സ്ത്രീപക്ഷ പഠനരംഗത്തും ചുവട്‌വെപ്പ് നടത്തിയിട്ടുണ്ട്, അതിൽ പ്രധാനപ്പെട്ടവ താഴെ കൊടുക്കുന്നു:*

1. 2006ൽ കേരള വനിതാ കമ്മീഷനുവേണ്ടി അന്തർസംസ്ഥാന വിവാഹങ്ങൾ, 2008ൽ ബലാത്സംഗത്തിനിരയായവരുടെ ശേഷകാല ജീവിതം എന്നീ വിഷയങ്ങളിൽ പഠനം നടത്തി.

3. 2009 ൽ കേരളാ പ്ലാനിങ്ങ് ബോർഡുമായി സഹകരിച്ച് കേരളത്തിലെ ഭിന്നശേഷിയുള്ള പെൺകുട്ടികളെപ്പറ്റിയുള്ള പഠനം.

4. 2014 ൽ ഐ.സി.ആർ.ഡബ്ല്യൂ(ഇന്റർനാഷണൽ സെന്റർ ഫോർ റിസർച്ച് ഓൺ വിമെൻ)മായി സഹകരിച്ച് അന്വേഷിയിൽ രജിസ്റ്റർ ചെയ്ത 40 ഗാർഹികപീഡന കേസുകളെപ്പറ്റിയുള്ള പഠനം.

*വിവർത്തനരംഗത്തും അന്വേഷിയുടേതായ സംഭാവനകളുണ്ട്.*

1. പാർട്ണേഴ്സ് ഫോർ ലോ ഇൻ ഡവലപ്മെന്റി(പി.എൽ.ഡി)ന്റെ സിഡോ (CEDAW- Convention on Elimination of Discrimination Against Women) എന്ന പുസ്തകം മലയാളത്തിലേക്ക് തർജ്ജമ ചെയ്തു. ഐക്യരാഷ്ട്രസഭ അംഗീകരിച്ച സ്ത്രീകളുടെ മനുഷ്യാവകാശങ്ങളെക്കുറിച്ചുള്ള ഏറ്റവും പുതിയ ഒരു കൺവെൻഷനാണ് സിഡോ ഇന്ത്യ അതിൽ ചില വകുപ്പുകൾ ഒഴിവാക്കികൊണ്ട് ഒപ്പിട്ടിട്ടുണ്ട്.

2. ലോയേഴ്സ് കളക്ടീവ് വിമെൻസ് റൈറ്റ്സ് ഇനീഷ്യേറ്റീവ് (L.C.W.R.I) എന്ന സംഘടന തയ്യാറാക്കിയ തൊഴിലിടങ്ങളിലെ ലൈംഗികപീഡനങ്ങൾക്കെതിരായ കരട് ബിൽ മലയാളത്തിലേക്ക് തർജ്ജമ ചെയ്തു.

**അനുഭവം**

# വിമെൻസ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ 2002



രേഷ്മ ഉദയൻ

വർഷങ്ങൾക്കു മുമ്പു നടന്ന അന്വേഷിയുടെ ഫിലിം ഫെസ്റ്റിവലിനെക്കുറിച്ച് ഒരോർമ്മക്കുറിപ്പെഴുതുവാൻ അതിന്റെ സംഘാടകയാവാൻ ഭാഗ്യം ലഭിച്ച എന്നോട് ആവശ്യപ്പെട്ടപ്പോഴാണ്, ഇന്നലെക്കണ്ട ഹൃദയസ്പർശിയായ ചലച്ചിത്രത്തിലെ രംഗങ്ങൾ പോലെ പല ദൃശ്യങ്ങളും ആ കാലവും എന്റെ മനസ്സിന്റെ തിരശ്ശീലയിൽ വെളിച്ചമായി നിറഞ്ഞത്.

ഫെസ്റ്റിവലിനോട് അനുബന്ധിച്ച ആദ്യ ഫോൺകോൾ പ്രശസ്ത സംവിധായകിയും അഭിനേത്രിയുമായ രേവതിയെ ക്ഷണിച്ചുകൊണ്ടുള്ളതായിരുന്നു. അജിയേച്ചിയോടും അവരുടെ സംഘടനയോടുമുള്ള ആദരവിനോടൊപ്പം ആ ക്ഷണം സ്വീകരിക്കപ്പെട്ടു. ക്ഷണിക്കപ്പെട്ട എല്ലാ പ്രശസ്തവ്യക്തികളുടെയും സമീപനവും അത്യന്തം ആവേശകരവും ആത്മവിശ്വാസം ജനിപ്പിക്കുന്നതുമായിരുന്നു. ക്ഷണം സ്വീകരിച്ചെത്തിയവരെല്ലാം തന്നെ യാതൊരു താരശോഭയുമില്ലാതെ, ആഡംബരത്തിന്റെ ചുവപ്പ് പരവതാനിയില്ലാതെ നന്മയുടെ വിതാനത്തോടൊപ്പം പങ്കെടുക്കുയായിരുന്നു.

കേരളത്തിലെ ആദ്യവനിതാ ഫിലിംഫെസ്റ്റിവൽ ആയിരുന്നെങ്കിലും സ്ത്രീകളുടെ മാത്രം പ്രശ്നവും കൂട്ടായ്മയും എന്നതിലുപരി ആ ഫെസ്റ്റിവൽ സാമൂഹികയാഥാർത്ഥ്യങ്ങളെ സസൂക്ഷ്മം നിരീക്ഷിക്കുന്ന ഒന്നായിരുന്നു എന്നത് തിരഞ്ഞെടുത്ത സിനിമകളുടേയും സാങ്കേതിക പ്രവർത്തകരുടേയും പ്രേക്ഷകരുടേയും ആശയവിനിമയമാനങ്ങൾ എന്നെ ഓർമ്മിപ്പിക്കുന്നു.

ഒരുപാട് പ്രശസ്തവ്യക്തികളെ അന്വേഷിയുടെ ചിരകാലസുഹൃത്തുക്കളായി മാറ്റിക്കൊണ്ടായിരുന്നു ആ ഫിലിംഫെസ്റ്റിവലിന് തിരശ്ശീല വീണത്. അജിയേച്ചിയുടെ നേതൃത്വപാടവത്തിലെ സുതാര്യതയായിരുന്നു അത് സാധിച്ചെടുത്തത്. ഇനിയും അത്തരത്തിലുള്ള സംഘടനാപ്രവർത്തനങ്ങളിൽ ഭാഗഭാക്കാവുക എന്നതാണ് എന്റെ എക്കാലത്തേയും സ്വപ്നം. ●





ഡോ.ജാൻസി ജോസ്

# വാസ്തവം

ഒരു ആൻഡ്രോയ്ഡ് ഫോൺ കൈയിൽ കിട്ടിയാൽ വിശപ്പും ദാഹവും എല്ലാം നമ്മൾ മറക്കും. അതു തരുന്നവരെ നമ്മൾ നെഞ്ചിലേറ്റി നടക്കും. തീർച്ച. ഇതാ നമ്മുടെ കേന്ദ്രസർക്കാർ 250 രൂപക്ക് ഒരു ആൻഡ്രോയ്ഡ് ഫോൺ നമുക്ക് തരപ്പെടുത്താൻ പോവുന്നു. 6 മാസത്തെ തുടർച്ചയായ ഉപയോഗം കൊണ്ട്ക്യാൻസർ പോലുള്ള മാരകരോഗങ്ങൾക്കു കാരണമാകുമെന്ന് കണ്ടെത്തി ചൈനക്കാർ ഒഴിവാക്കിയ ഫോണാണ് സാധാരണക്കാരന്റെ സ്വപ്നത്തിലേക്കിട്ടുകൊടുക്കുന്നത്. ദേശസ്നേഹം മൂത്ത് പറയേണ്ടതെന്തെന്നും ചെയ്യേണ്ടതെന്തെന്നും അറിയാതെ നെട്ടോട്ടമോടുന്ന ഒരു കൂട്ടരാണ് ഇന്ത്യയെ രക്ഷിക്കാൻ പുറപ്പെടുന്നത്. കർഷക ആത്മഹത്യകൾ ഫാഷനാണെന്ന് കണ്ടെത്തി എല്ലാ കടങ്ങളും എഴുതിത്തള്ളാൻ കഴിയില്ലെന്ന് ഇവർ പറയുകയുണ്ടായി. എല്ലാ കടങ്ങളും എഴുതിത്തള്ളിയാൽ തീർച്ചയായും ഇന്ത്യയുടെ നിലനിൽപ്പ് തന്നെ അവതാളത്തിലാകുമെന്ന് നമ്മുടെ ഭരണകർത്താക്കൾക്കറിയാം. അതുകൊണ്ടാണ് കേന്ദ്രമന്ത്രി സ്മൃതി ഇറാനി വിദ്യാഭ്യാസലോൺ പോലും എഴുതിത്തള്ളാനാവില്ല എന്ന് തുറന്ന് പറഞ്ഞത്. പക്ഷേ, അവിടേയും നന്മ കാണേണ്ട ഒന്നുണ്ട്. പാവപ്പെട്ട ബിർളയ്ക്കും വിജയ്മല്ലിക്കിനും രണ്ടുലക്ഷത്തി മുപ്പത്തൊന്നായിരം കോടി രൂപ എഴുതിത്തള്ളി എന്നത്; ആ ഹൃദയവിശാലതയ്ക്ക് മുന്നിൽ നാം നമിക്കേണ്ടത് തന്നെയാണ്. ഇത്തരമൊരു മഹാമനസ്ക്കതയാണല്ലോ നമ്മുടെ മഹാനടൻ മോഹൻലാലിന് ആനക്കൊമ്പ് സൂക്ഷിക്കാനുള്ള ലൈസൻസ് കൊടുത്തതും. ആളും തരവും നോക്കി കൊന്നു തള്ളാവുന്ന ജീവികളോട് കാരുണ്യം തോന്നേണ്ട ആവശ്യമില്ലല്ലോ. ഗോവധത്തിന് വധശിക്ഷവേണമെന്ന് തൊഗാഡിയ നേതാവ് പറയുന്നതിലും കാര്യമില്ലേ? വിലപിടിപ്പുള്ള ഒരു കൊമ്പിനു വേണ്ടി ആനയെ കൊല്ലുന്നതുപോലെയാണോ ഇറച്ചിക്കുവേണ്ടി പശുവിനെ കൊല്ലുന്നത്. മനുഷ്യനെ കൊല്ലണം എന്നു പറയുന്ന മൃഗസ്നേഹികൾ നീണാൾ വാഴട്ടെ. മനുഷ്യസ്നേഹികൾ ചുട്ടെരിക്കപ്പെടട്ടെ. ചിന്തിക്കുന്ന മനുഷ്യനെയോ വിപ്ലവബോധമുള്ള യുവത്വത്തേയോ ഇല്ലായ്മ ചെയ്ത് മുന്നോട്ടു പോകുന്ന ദേശീയത നമ്മെ എങ്ങനെ വിഴുങ്ങിക്കളയുമെന്ന് കാണേണ്ടിയിരിക്കുന്നു.

എല്ലാം നന്നായി പോകുന്ന നാടായതുകൊണ്ടാണ് മാധ്യമം-മീഡിയ വൺ ഏറ്റവും നല്ല മന്ത്രിയായി കുഞ്ഞാലിക്കുട്ടി സാഹിബ്ബിനെ തന്നെ തെരഞ്ഞെടുത്ത് അവാർഡ് കൊടുത്തത്. നാടോടുമ്പോൾ നടുവെ ഓടുന്ന ചാനലിന് നന്ദി! ബാക്കി മന്ത്രിമാരുടെ കുഴപ്പങ്ങളുടെ പട്ടിക ഞങ്ങളുടെ ഓർമ്മയിലെത്തിച്ചതിനും. കോണ്ടം പെറുക്കി അവാർഡ് വാങ്ങിക്കാൻ യോഗ്യതയുള്ള ഗ്യാൻദേവ് അഹൂജ എം.എൽ.എയെപ്പോലെ തന്നെ യോഗ്യതയുള്ള ഒരു സഖാവ് നമുക്കുമുണ്ട്. ആരേയും പഴിക്കുന്ന മലർന്ന് കിടന്നു തുപ്പുന്ന സഖാവാണത്. പ്രകൃതിയെപ്പോലെ ഒരു കൈകൊണ്ട് അടിക്കുകയും മറുകൈകൊണ്ട് തലോടുകയും (ആക്ഷേപിക്കുകയും ക്ഷമപറയുകയും) ചെയ്യുന്നതുകൊണ്ടാവണം പാർട്ടിപോലും അദ്ദേഹത്തെ (എം.എം.മണി) ചുമന്നുകൊണ്ടിരിക്കുന്നത്. എന്നാലും ഏതു പെണ്ണിനേയും 'മറ്റവളാക്കി' കളഞ്ഞാൽ തകർന്നു പോകും എന്ന ബോധത്തിൽ നിൽക്കുന്നവരോട് ചുണക്കുട്ടികൾ പറഞ്ഞ ഡയലോഗ് തന്നെ പറയേണ്ടി വരും. 'വേശ്യയെന്നു വിളിച്ചാലും സംഘിയെന്നു വിളിക്കരുത്'. ഒരു ദുഷ്ടശക്തിക്കും അവരുടെ ദുഷ്പ്രചരണങ്ങൾക്കും മനക്കരുത്തുള്ള പെണ്ണിനെ ഒന്നും ചെയ്യാനാവില്ല എന്നുള്ള താക്കീതാണിത്. കേരളത്തിലെ ജനജീവിതം സുഖമമായി കൊണ്ടുപോകാൻ ശ്രമിക്കുന്ന മുഖ്യമന്ത്രിക്ക് പ്ലാൻ വരച്ച് അതിൽ ഉദ്ഘാടനകർമ്മം നടത്താൻ കഴിഞ്ഞു എന്നതിൽ അഭിമാനിക്കാം. നമ്മുടെ ദാരിദ്ര്യം അകറ്റാൻ അദ്ദേഹം എല്ലാ ജില്ലകളിലും വിമാനത്താവളങ്ങളും ഹൈവേകളും നിർമ്മിച്ച് റെക്കോർഡ് ഇടുകയാണ്. സരിത ഒരു പതിനായിരം തവണ വിളിച്ചാലും കുലുങ്ങാതെ മുന്നോട്ട് പോകുന്ന മന്ത്രിസഭയ്ക്കും നമോവാകം!

ഒരു നൂറു ബലാൽസംഗങ്ങളും ചുട്ടുകൊല്ലലും ആത്മഹത്യകളും ഇവിടെ നടന്നാലും കുലുങ്ങാതെ മുന്നോട്ടു പോകുന്ന കേന്ദ്ര സംസ്ഥാന സർക്കാറുകൾ പ്രതികരിക്കുന്നവരെ തമസ്ക്കരിക്കുന്ന നിലപാട് മാറ്റിയില്ലെങ്കിൽ വൻ തിരിച്ചടി നേരിടേണ്ടി വരുമെന്ന ഓർമ്മപ്പെടുത്തലുകൾ അലയടിക്കുന്ന അന്തരീക്ഷത്തിലാണ് ഇന്നു നാം മുന്നോട്ട് പോകുന്നത്. ●



റഷീദ ഗഫൂർ തൈവളപ്പിൽ



# ആമിനാന്റെ അടുക്കള

**നേ**രം പുലരുന്നതെ ഉള്ളൂ. ആമിന അടുക്കളയിൽ പ്രാതലുണ്ടാക്കാനുള്ള തിരക്കിലാണ്. ഒരു പാത്രത്തിൽ പുട്ടിനുള്ള അരി കുതിർത്ത് വെച്ചിരിക്കുന്നു. ചെറിയ ചെമ്പട്ടിയിൽ ദോശക്കുള്ള മാവും കൂട്ടിവെച്ചിട്ടുണ്ട്. ഇനി പത്തിരിക്കുള്ള വെള്ളം തിളപ്പിക്കണം. ആമിനാക്ക് സ്വന്തമായി ഹോട്ടലൊന്നുമില്ലെങ്കിലും ആമിനയുടെ അടുക്കളയിൽ നേരം പുലർന്ന് തുടങ്ങിയാൽ ആകെയൊരു കെട്ടിയോനും രണ്ടുമക്കളും ആണുള്ളത്. പറഞ്ഞിട്ടെന്താ കാര്യം മൂന്നെണ്ണത്തിന് ഏഴെണ്ണത്തിന്റെ സ്വഭാവമായാൽ ആമിന പിന്നെന്ത് ചെയ്യാനാണ്!

ആമിനയുടെ കെട്ടിയോനായ ഹൈദ്രോസിനാണെങ്കിൽ പുട്ട് കാണുമ്പോഴേ ദേഷ്യം വരും. മൂപ്പർക്ക് പുട്ടിനോട് കുട്ടിക്കാലം മുതൽ വല്ലാത്ത പകയാണ്. അമേരിക്കയിലെ സായിപ്പ് പോലും പുട്ട് തിന്നാനായിട്ട് കേരളത്തിലേക്ക് വരുന്നു, പക്ഷേ ഇതൊന്നും ആമിന ഹൈദ്രോസിനോട് പറയാഞ്ഞിട്ടല്ല. ആമിന പുട്ടിനെക്കുറിച്ച് പറഞ്ഞ് പറഞ്ഞ് തൊണ്ടയിലെ വെള്ളം പോലും വറ്റിത്തുടങ്ങി. പക്ഷേ ഹൈദ്രോസ് പത്തിരിയിൽ തന്നെ ഉറച്ച് നിൽക്കുകയാണ്. പാറ കുലുങ്ങിയാലും ഹൈദ്രോസിന് കുലുക്കമില്ല. കാരണം ആമിനാക്ക് സ്ത്രീധനമായി കിട്ടിയ പുരയിടത്തിലാണല്ലോ മൂപ്പർ നിൽക്കുന്നത്. എങ്കിൽ പിന്നെ മൂത്ത മോൻ അബുവിനും ഇളയമോൻ കുഞ്ഞിമോനും ബാപ്പാന്റെ ഭക്ഷണമായ പത്തിരി തന്നെയായിരുന്നു ഇഷ്ടമെങ്കിൽ ആമിനാക്ക് പത്തിരി മാത്രം ചുട്ടാൽ മതിയായിരുന്നു. പക്ഷേ മൂത്തമോൻ അബുവിനാണെങ്കിൽ പുട്ടെന്ന് വെച്ചാൽ ജീവനാണ്. രാത്രി ഉറക്കത്തിൽ പോലും പലതവണ പുട്ട് പുട്ട് എന്നവൻ പറയുന്നത് പലപ്പോഴും ആമിന കേൾക്കാറുണ്ട്. അപ്പോഴൊക്കെ ആമിന മിണ്ടാതിരിയെടാ ഹമുക്കെ എന്ന് തെല്ലുച്ചത്തിൽ വഴക്ക് പറയാറുണ്ട്. ഇളയവനായ കുഞ്ഞിമോൻക്ക് ദോശയോട് വല്ലാത്തൊരു മുഹബത്താണ്. കെട്ടിയോൻക്കും മക്കൾക്കും പ്രാതലിനോടുള്ള സ്നേഹം പോലും ആമിനയോടില്ല. എങ്കി പിന്നെ കെട്ടിയോൻക്കും പിള്ളാർക്കും ആമിനാനെയൊന്ന് സഹായിച്ചു കൂടെ. അതുമില്ല.


ആമിനാന്റെ വീട്ടിലെ ആണുങ്ങൾ അടുക്കളയിൽ കയറില്ല. അടുക്കളയിലെങ്ങാനും കയറിയാൽ പെണ്ണായി മാറുമോ എന്ന പേടികാരണമാണത്രേ അതിന് തുനിയാത്തത്. എന്നാപിന്നെ ആമിന മൂന്നു തരം വിഭവങ്ങളും ചോറും മേശയിൽ നിരത്തിവെച്ച് കെട്ടിയോനെയും പിള്ളാരേയും ക്ഷണിച്ച് കൊടുത്ത് ഇരുത്തിയാലോ ആദ്യം കെട്ടിയോൻ ചൊറിയാൻ തുടങ്ങും 'എടീ, നിന്റെ പത്തിരിക്കൊരു മയവുമില്ലെടീ' ഇത്രയും കാലമായിട്ടും ഹൈദ്രോസ് ആമിനയോട് ഒരി

ക്കൽ പോലും മയത്തിൽ പെരുമാറിയിട്ടില്ല. പിന്നെങ്ങനെ ആമിന കൊടുക്കുന്ന പത്തിരിക്ക് മയം ഉണ്ടാകാനാണ്. കാര്യം അവൾ തന്റെ രണ്ടു പിള്ളാരുടെ തള്ളയാണെന്ന് ഹൈദ്രോസിന് അറിയാഞ്ഞിട്ടല്ല. പെണ്ണിനോട് മയത്തിൽ പെരുമാറിയാൽ താനൊരു പെൺകോന്തനായി മാറുകയില്ലേ എന്നാണ് അയാളുടെ ഉള്ളിലിരിപ്പ്. ബാപ്പ ചൊറിയൽ തുടങ്ങിവെച്ചാൽ പിന്നേ മക്കളും തുടങ്ങും. ചായക്ക് എരിവ് കുറവാണ്. പച്ചവെള്ളത്തിന് മധുരമില്ല. ചുട്ടുവെച്ച പുട്ടിന് ഉപ്പ് കമ്മിയാണ്. ഇങ്ങനെ പോകുന്നു മൂന്നുപേരുടേയും പരാതികൾ കേട്ടവർ ഡി.എൻ.എ ടെസ്റ്റ് നടത്താതെ തന്നെ പറയാറുണ്ട്, ഇത് ഹൈദ്രോസിന്റെ മക്കൾ തന്നെയെന്ന്. വിത്ത് ഗുണം പത്ത് ഗുണം എന്നാണല്ലോ പറയാറ്. പാവം ആമിന ഒന്നിനും പ്രതികരിക്കാറില്ല. അടുത്ത വീട്ടിലെ വേലക്കാരിക്ക് പോലും ആഴ്ചയിൽ നാല് ദിവസത്തെ ലീവും മാസം തോറും ശമ്പളവർദ്ധനയുമുണ്ട്. ആമിനക്ക് ലീവ് പോയിട്ട് റെസ്റ്റുപോലുമില്ല. പരാതികൾ മാത്രമാണ് അവൾക്ക് കിട്ടുന്ന ബോണസ്.

അന്നും പതിവുപോലെ നേരം പുലർന്നു ആമിനയുടെ പ്രാതലിനുള്ള വിളി കേൾക്കാതിരുന്നപ്പോഴാണ് അയാൾക്ക് കലിയിളകിയത്. എടീ പോത്തേ നിനക്ക് ബോധമില്ലേടീ... നാസ്ത ഇനി എപ്പോഴാണ്.... തനിക്ക് ബോധമില്ലെങ്കിലും ആമിനക്ക് ബോധം വേണമെന്നാണ് മൂപ്പരുടെ വാശി. ഉറക്കത്തിൽപ്പെട്ടുപോയതാണെങ്കിൽ തട്ടി ഉണർത്താനായി ശൗര്യത്തോടെ തൊട്ടടുത്ത് ചെന്ന് നോക്കിയപ്പോഴാണ് ആമിനയുടെ ബോധം ശരിക്കും നഷ്ടപ്പെട്ടത് അയാളറിഞ്ഞത്. ആമിനക്ക് ബോധം മറിഞ്ഞപ്പോൾ അയാൾക്ക് ബോധം കൂടുകയാണ് ചെയ്തത്. പെട്ടെന്ന് മൂത്ത മോനെ വിട്ട് ടാക്സി വിളിച്ച് ആശുപത്രിയിൽ എത്തിച്ചത് കാരണം ആമിന രക്ഷപ്പെട്ടു. ആമിനക്ക് പ്രഷർ കൂടിയെന്നും മരുന്ന് മുടങ്ങാതെ കഴിക്കാനും കുറച്ചു ദിവസത്തെ വിശ്രമവുമാണ് ഡോക്ടർ പറഞ്ഞത്. ഇപ്പോഴാണ് ലോകം കീഴ്മേൽ മറിഞ്ഞത്. ഈയിടെയായി ഹൈദ്രോസും മക്കളും അടുക്കളയിലും ആമിന റെസ്റ്റിലുമാണ്. ഏതുനേരവും കുറ്റം മാത്രം പറഞ്ഞിരുന്ന അവർക്കിപ്പോൾ മൂന്നു തരം വിഭവം വേണ്ട. വിശപ്പിനെന്തെങ്കിലും കിട്ടിയാൽ മതി എന്നായിരിക്കുന്നു. നല്ലൊരു കഞ്ഞി പോലും വെക്കാൻ ഹൈദ്രോസിന് അറിഞ്ഞിരുന്നില്ല. ഇന്നിപ്പോൾ അയാൾ ബോംബെ ബുഷ്ക വരെയുണ്ടാക്കും. അടുപ്പിലെ കലത്തിൽ കഞ്ഞിക്കുള്ള അരി കഴുകിയിട്ട് നന്നായി തീയും കൂട്ടിവെച്ച് ഹൈദ്രോസ് ടീവി കാണാനിരിക്കും. കഞ്ഞിവെന്ത് പായസം പോലെയാവും. പിന്നെ അതിലേക്ക് കുറച്ച് തേങ്ങചിരകിയതും പഞ്ചസാരയും നെയ്യും ചേർത്ത് നന്നായി ഇളക്കിയപ്പോൾ അതിന് നല്ല ടേസ്റ്റ്. അതിന് ഹൈദ്രോസ് ഒരു പേരിട്ടു 'ബോംബെ ബുഷ്ക'. ആമിന കിടപ്പിലായപ്പോൾ ഭക്ഷണത്തിന്റെ വിലയറിഞ്ഞ കുട്ട്യോൾക്കും ബാപ്പാന്റെ ബോംബെ ബുഷ്ക വല്ലാണ്ടിഷ്ടപ്പെട്ടു. അങ്ങനെ ബോംബെ ബുഷ്ക തുടർച്ചയായി കഴിച്ച് ബാപ്പക്കും മക്കൾക്കും നല്ല സ്വഭാവം വന്ന് പിടിപെട്ടു. ഇപ്പോൾ ആ വീട്ടിലാർക്കും യാതൊരു പരാതിയുമില്ല. ആമിനക്ക് ഇപ്പോൾ പ്രഷറും കൂടാറില്ല. ●

## വെല്ലുവിളികളെ നിഷ്പ്രഭമാക്കി വന്ദന ബഹാദൂർ സർപഞ്ച് സ്ഥാനത്ത്

സ്വന്തം കുടുംബത്തിന്റെ എതിർപ്പുകളേയും നിലനിൽക്കുന്ന പുരുഷാധിപത്യസങ്കല്പങ്ങളെയും തകർത്ത് മദ്ധ്യപ്രദേശിലെ ഖൻഖൻടവി ഗ്രാമപഞ്ചായത്തിലെ ആദ്യവനിതാ സർപഞ്ചയായി സ്ഥാനമേറ്റിരിക്കുകയാണ് വന്ദന ബഹാദൂർ. എട്ടാംക്ലാസ്സ് വരെ മാത്രം വിദ്യാഭ്യാസം നേടാൻ കഴിഞ്ഞ വന്ദന ഗ്രാമപഞ്ചായത്തംഗമായിരുന്നിട്ടും സർപഞ്ചാവാൻ കഴിയാതിരുന്ന സ്വന്തം ഭർത്താവിന്റെ നേട്ടങ്ങളെയാണ് മറി കടന്നത്. ഗ്രാമത്തിൽ ശുദ്ധജലം ലഭ്യമാക്കാനും വിദ്യാലയങ്ങൾ സ്ഥാപിക്കാനുമുള്ള ക്രിയാത്മകമായ പദ്ധതികളിലേർപ്പെട്ടിരിക്കുകയാണ് വന്ദന.



## വീരാ ടാക്സി – സ്ത്രീകളുടെ സ്വന്തം ടാക്സി

കേരളത്തിലിന്ന് വിജയകരമായി പ്രവർത്തിക്കുന്ന ഷീ-ടാക്സി സർവ്വീസ് പോലെ മുംബൈയിൽ വീരാ ടാക്സി സർവ്വീസ്. പുരുഷ ടാക്സിഡ്രൈവർമാർ യാത്രക്കാരികളോട് കാണിക്കുന്ന അതിക്രമങ്ങൾ ബലാൽസംഘങ്ങളിൽ വരെ കലാശിക്കുമ്പോൾ ഇതിനെതിരെ പ്രതിരോധം സൃഷ്ടിക്കുകയാണ് വീരാ ടാക്സി. പൊതുയിടങ്ങളിൽ തന്റേടത്തോടെ ഇടപ്പെടും നല്ല വരുമാനമുണ്ടാക്കിയും ജീവിതചിത്രങ്ങൾ മാറ്റി വരയ്ക്കുകയാണ് വീരാ ടാക്സി ഡ്രൈവർമാർ.



# ചരിത്രത്തിൽ അന്വേഷി

**ആദ്യമായി കേരളത്തിൽ ഒരു സ്ത്രീ സംഘടന സൈദ്ധാന്തിക സ്ത്രീപക്ഷ ചിന്തകൾക്കപ്പുറം അത്തരമൊരു പ്രബലമായ കൂട്ടുകെട്ടിനെ പൊളിക്കാൻ രംഗത്തിറങ്ങി എന്നത് ചരിത്രം. പൂർവ്വമാതൃകകളില്ലാത്ത ആ ചരിത്രമാണ് അന്വേഷി.**

**ദീപ വി.എം.**

കേരളസമൂഹത്തിലെ പുരുഷ കേന്ദ്രീകൃത രാഷ്ട്രീയ മണ്ഡലത്തിന്റെയും സാമൂഹ്യജീവിതത്തിന്റെയും ധാർമ്മികതയില്ലായ്മ വെളിവാക്കിക്കൊണ്ട് ഐസ്ക്രീം കേസ് രണ്ടാമതും ഉയർന്നു വന്ന കാലത്താണ് അന്വേഷിയുമായി കൂടുതൽ അടുത്ത് ബന്ധപ്പെടാൻ അവസരമുണ്ടായത്. പൊതുമണ്ഡലത്തിലെ നാനാതലങ്ങളിൽ പടരുന്ന അധാർമ്മികതയുടെ ലക്ഷണമൊത്ത ഒരുദാഹരണമായിരുന്നു ആ സ്ത്രീപീഡനക്കേസ്. മന്ത്രി തൊട്ട് പോലീസുകാരനും വ്യവസായിയും വക്കീലും കൂട്ടിക്കൊടുപ്പു നടത്തി ജീവിക്കുന്ന സ്ത്രീയും വരെ ഉണ്ടായിരുന്നു കണ്ണികളായി. സ്ത്രീപീഡനം മാത്രമല്ല, അധികാര ദുർവ്വിനിയോഗവും, അഴിമതിയും, അനധികൃത ഭൂമി കച്ചവടവും, എന്തിന്, കള്ളക്കടത്തും വരെ (അന്ന് പോലീസ് മേധാവികൾ തന്നെ അങ്ങനെ സൂചിപ്പിച്ചിരുന്നു. കരിപ്പൂർ എയർപോർട്ടിലെ കസ്റ്റംസ് ഉദ്യോഗസ്ഥർ പ്രതികളുമായിരുന്നു) സംശയിക്കപ്പെട്ട ഒരു കേസ്. മുന്നണി ഭേദമില്ലാതെ മുഖ്യധാരാ രാഷ്ട്രീയവും അധികാരകേന്ദ്രങ്ങളും അത്തരം അധാർമ്മിക കൂട്ടുകെട്ടുകളെ രക്ഷിക്കും എന്ന് കേരളത്തിന് ശരിക്കും വെളിവായത് ആ കേസിലൂടെയാണ്. ആദ്യമായി കേരളത്തിൽ ഒരു സ്ത്രീ സംഘടന സൈദ്ധാന്തിക സ്ത്രീപക്ഷ ചിന്തകൾക്കപ്പുറം അത്തരമൊരു പ്രബലമായ കൂട്ടുകെട്ടിനെ പൊളിക്കാൻ രംഗത്തിറങ്ങി എന്നത് ചരിത്രം. പൂർവ്വമാതൃകകളില്ലാത്ത ആ ചരിത്രമാണ് അന്വേഷി.

പക്ഷെ അന്വേഷി എന്നാൽ ഐസ്ക്രീം കേസ് മാത്രമല്ല. പ്രശസ്ത എഴുത്തുകാരനും സാമൂഹ്യ ചിന്തകനുമായ പ്രൊഫ.എം.എൻ. കാരശ്ശേരി അന്ന് അന്വേഷിക്ക് വേണ്ടി ഈ ലേഖിക തയ്യാറാക്കിയ ഡോക്യുമെന്ററിയിൽ പറഞ്ഞതുപോലെ അക്കാലത്ത് കേരളത്തിലെ ഏതൊരു സ്ത്രീക്കും ഒരു ബലമായിരുന്നു അന്വേഷി. കാരശ്ശേരി മാഷ് പറഞ്ഞു, 'കേരളത്തിൽ ഏത് സ്ത്രീക്കും ഒരു പ്രശ്നമുണ്ടായാൽ അവർ ഒടുവിലെ അഭയമായി ഓർക്കും, അന്വേഷിയിൽ പോകാം, അജിതയെ കാണാം എന്ന്.' 1980 കളിൽ ആരംഭിക്കുന്ന അന്വേഷി എന്ന സ്ത്രീ സംഘടനയെപ്പറ്റി സമഗ്രമായ ഒരു ഡോക്യുമെന്ററി തയ്യാറാക്കണം എന്ന് അജ്യേച്ചി എന്ന് ഞങ്ങൾ വിളിക്കുന്ന കെ.അജിത ആവശ്യപ്പെട്ടപ്പോൾ, സംഭവബഹുലമായ ആ കാലഘട്ടത്തെയും, അത് മുന്നോട്ടുവെച്ച ആശയങ്ങളെയും എങ്ങനെ ഒരു ദൃശ്യകഥയുടെ ചെപ്പിലൊതുക്കും എന്ന ശങ്കയായിരുന്നു മനസ്സിൽ. ഷൂട്ടിംഗ് ആരംഭിച്ചതോടെ അന്വേഷിയുടെ ഇടപെടലിലൂടെ തുടർന്നും ജീവിക്കാം എന്ന ധൈര്യം കൈവന്ന നിരവധി നിരാലംബരായ, സാധാരണക്കാരായ സ്ത്രീകളെ കണ്ടുമുട്ടി. അവരിലൂടെ കൂടിയാണ് അന്ന് അന്വേഷിയുടെ കഥ പറഞ്ഞത്.

കേരളത്തിലെ സ്ത്രീകളുടെ നില അന്നത്തേതിൽ നിന്നും ഏറെ മെച്ചമാണോ എന്ന് ചോദിച്ചാൽ അല്ല എന്നും അതെ എന്നും ഉത്തരം പറയേണ്ടിവരും. സ്ത്രീകൾ വിദ്യാഭ്യാസം നേടിയതിന്റെമേന്മ, പൂർണ്ണമായ സ്ത്രീശാക്തീകരണത്തിലേക്കെത്താൻ, ഒരു പക്ഷെ പല തലമുറകളിലൂടെ കടന്നു വേണം എന്ന് തോന്നാറുണ്ട്. കാരണം അഭ്യസ്ത വിദ്യരായ സ്ത്രീകൾ, ജോലിയുള്ള സ്ത്രീകൾ ഇന്ന് മുൻപത്തേതിലും സ്വന്തം വ്യക്തിത്വം ഉറപ്പിക്കുന്ന കാഴ്ച വ്യക്തിമണ്ഡലത്തിലും സാമൂഹ്യമണ്ഡലത്തിലും കാണാം. ദൃശ്യമാധ്യമങ്ങൾ തന്നെ പെട്ടെന്ന് കാണാവുന്ന ഒരുദാഹരണം. പക്ഷെ ലൈംഗിക പീഡനം ഉൾപ്പെ ടെ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്ക് കുറവ് വന്നിട്ടില്ല. സ്ത്രീയുടെ ഉള്ളിൽ തലമുറകളായി അടിച്ചേല്പ്പിക്കപ്പെട്ട സ്വയമേ ഉള്ള അടിമത്ത മനോഭാവം ബാക്കിനില്ക്കുന്നു. സ്ത്രീക്ക് അർഹിക്കുന്ന ഇടം നല്കാനുള്ള പുരുഷന്റെ മടിയും, ആ ഇടം ചോദിച്ചുവാങ്ങാൻ ശ്രമിക്കുന്നവരോടുള്ള അസഹിഷ്ണുതയും നിലനില്ക്കുന്നു. എന്നിട്ടും അസംഖ്യം സ്ത്രീകൾ അതെല്ലാം മറികടന്ന് മുന്നോട്ടുതന്നെ പോകുന്നു. ആ ഊർജ്ജം അന്വേഷി പോലുള്ള സ്ത്രീപക്ഷ സംഘടനകൾ കേരളസമൂഹത്തിൽ സൃഷ്ടിച്ചതാണ് എന്ന് സംശയമില്ല.

ധാരാളം സാമ്പത്തിക പരാധീനതകൾ നേരിടുന്ന അന്വേഷി കഴിഞ്ഞ 5 വർഷങ്ങളായി പുറത്തിറക്കുന്ന സംഘടിത എന്ന മാസിക ഇന്നും പുറത്തിറങ്ങുന്നത് അന്വേഷി പ്രവർത്തകരുടെ പ്രതിബദ്ധത കൊണ്ട് മാത്രമല്ല, അതിന് വായനക്കാരുള്ളതുകൊണ്ടു കൂടിയാണ്. ഒരു ഫെമിനിസ്റ്റ് മാസിക കേരളം സ്വീകരിച്ചിരിക്കുന്നു എന്നർത്ഥം. അന്വേഷിയുടെ ഇടപെടലുകൾക്ക് പല കാരണങ്ങളാൽ പൊതുമണ്ഡലത്തിൽ ദൃശ്യപരത കുറഞ്ഞു എന്നേയുള്ളൂ. കേരളത്തിൽ ദൃശ്യമാധ്യമങ്ങൾക്ക് കൈവന്ന അമിത പ്രാധാന്യവും, ആ ദൃശ്യമാധ്യമങ്ങളിലെ ഉള്ളടക്കത്തിന് പൊതുവെ സാമൂഹ്യ ഇടപെടലിന്റെ സ്വഭാവം കുറഞ്ഞതുമാണ് അതിന്റെ ഒരു കാരണം. ഒരു പക്ഷെ നവമാധ്യമങ്ങളിലൂടെയും മറ്റ് ബദൽ മാധ്യമങ്ങളിലൂടെയും ആ കുറവ് അന്വേഷി പരിഹരിക്കേണ്ടതുണ്ട്. കാരണം സമൂഹത്തിലും, എൻ.ജി.ഒ. തലത്തിലും, ഭരണതലത്തിലുമുള്ള സ്ത്രീപക്ഷ നിലപാടുകളും, നയങ്ങളും, നിയമങ്ങളും വികസിപ്പിക്കുന്നതിൽ തുടങ്ങി, സാധാരണ സ്ത്രീകളുടെ ജീവിതത്തിൽ നല്കുന്ന പിന്തുണ വരെയായി അന്വേഷിയുടെ ഇടപെടലുകൾ തുടരുക തന്നെയാണല്ലോ. അത് ജനങ്ങളിലേക്ക് കൂടുതൽ എത്തുക തന്നെ വേണം. ●

കവിത



# ആധി

അപർണ പി.ജെ.

അർജ്ജുനന്റെ അമ്പൊഴിയാത്ത
ആവനാഴിപോലെ
ആധി എന്നിൽ പെരുത്തു

ആധി എന്തിനെക്കുറിച്ചെന്നു
ഞാനോർത്തു നോക്കി
എന്തിനെ കുറിച്ചല്ല എന്നു
തിരയുന്നതാവുമെളുപ്പമെന്നു കരുതി

എല്ലാം, എനിക്കു ചുറ്റുമുള്ള
എല്ലാം എന്നിലാധിനിറച്ചു
ഭർത്താവ്, മകൻ, കമ്പ്യൂട്ടർ, കമ്പനി
പാഠപുസ്തകം, അടുക്കള
കുളിമുറി, കിടപ്പുമുറി
എല്ലാം എന്നിലാധി നിറച്ചു

മദ്യപിച്ചെത്തുന്ന ഭർത്താവ്
മത്സരിച്ചു കളിക്കുന്ന മക്കൾ
കമ്പ്യൂട്ടർ കളിയും മൊബൈൽ വിളിയും
മെസേജും ചാറ്റിങ്ങും
ഫേസ്ബുക്കും യൂട്യൂബും

മക്കളും ഭർത്താവും
കമ്പ്യൂട്ടറും പാഠപുസ്തകവും
അടുക്കളയും ഓഫീസും
ചുറ്റുമാർത്തു വിളിച്ചു

അട്ടഹാസം കേട്ടുപകച്ച
കണ്ണിൽകുത്തി ഭർത്താവു പറഞ്ഞു
ചൂഴുന്നെടുക്കും നിന്റെ കണ്ണു ഞാൻ
തുറിച്ചുനോക്കുന്നോ കുലടേ
മക്കളെ തിരഞ്ഞ ഞാൻ കണ്ടത്
യൂട്യൂബിലെ ഇക്കിളി പടം കണ്ട്
ചായതാ, തിന്നാൻ താ എന്ന നിലവിളി
ചായ ഉണ്ടാക്കാൻ തുടങ്ങിയ
എന്നെ പിടിച്ചു വലിക്കുന്ന ഭർത്താവ്!
എനിക്കു ഭോഗിക്കണം!
ഇപ്പോഴോ! മക്കൾ?

"ഊഊ കമ്പ്യൂട്ടർ നിർത്തി ഉറങ്ങാൻ പോകൂ..."
ഉറങ്ങാൻ സമയമായില്ലച്ഛാ,
ഇപ്പോ കിടന്നുറങ്ങി രാവിലെ
എണീറ്റു പഠിച്ചാമതി
ഓഫ് ചെയ്യടാ കമ്പ്യൂട്ടർ"
'ഇച്ചിരി കഴിയട്ടെച്ഛാ..'
നീയൊന്നും പഠിച്ചിട്ടെനിക്കൊന്നും കിട്ടാനില്ലെടാ. ●



ഇ.പി. ജ്യോതി

## അഭിനന്ദനങ്ങൾ !

എഴുത്തുകാരി, പ്രൊഫഷണൽ ഗായിക, ടെലിവിഷൻ പ്രോഗ്രാം നരേട്ടർ എന്നീ നിലകളിൽ അറിയപ്പെടുന്ന അദ്ധ്യാപികയായ ജ്യോതി ഇ.പി. നന്മ യുവകലസാഹിത്യ സാംസ്കാരിക പുരസ്കാരം, കാരൂർ പുരസ്കാരം, ബാലാമണി അമ്മ പുരസ്കാരം കൂടാതെ 2016ലെ ഡോ. സുകുമാർ അഴീക്കോട് സ്മാരക പുരസ്കാരവും നേടിയിട്ടുണ്ട്.

കഥ



ചാരുലത



# ബാക്കിയാവുന്ന ഉത്തരങ്ങൾ

സ്വാഭാവികമായ ഒരു പര്യവസാനമായിരുന്നില്ല അത്. വളരെ സാവധാനം ഒഴുകിക്കൊണ്ടിരുന്ന പുഴയുടെ നടുവിൽ പെട്ടെന്നൊരു തടയണ ഉയർന്നു വന്നതു പോലെ. ആദ്യമായി അവനെ കാണുന്നത് അച്ഛനു സുഖമില്ലാതെ ആശുപത്രിയിൽ കിടക്കുമ്പോഴായിരുന്നു. ജനറൽ മെഡിസിൻ സീനിയർ ഡോക്ടർമാരുടെ ഇടയിൽ വളരെ പിറകിലായി നിന്നിരുന്ന അവനെ ആദ്യമൊന്നും ശ്രദ്ധിച്ചിട്ടേയില്ല. ഉറക്കമില്ലാതെ ഐ.സി യൂണിറ്റിന്റെ മുന്നിൽ അച്ഛനേയും കാത്ത് സർവ്വദൈവങ്ങളേയും പ്രാർത്ഥിച്ച് ആവലാതിപിടിച്ച മനസ്സുമായി ഞാൻ ഒറ്റക്കായ ഒരു ദിവസം. അച്ഛന്റെ വിവരമറിയാൻ വല്ലാത്ത ആകാംക്ഷ... അപ്പോഴാണ് ഐ.സി യൂണിറ്റിന്റെ മുന്നിൽ നിൽക്കുന്ന ജൂനിയർ ഡോക്ടറായ അവൻ ശ്രദ്ധയിൽപ്പെട്ടത്. തന്നെത്തന്നെ നോക്കി നിൽക്കുകയായിരുന്നു അവനും.

"ഡോക്ടർ, അച്ഛന് എങ്ങനെയുണ്ട്?"

"കുറച്ചു സീരിയസ് ആണ്. രണ്ടു കിഡ്നിയും ഫെയിലിയർ ആണ്. ഡയാലിസിസ് വേണ്ടി വരും."

"എനിക്ക് അച്ഛനെയൊന്ന് കാണാൻ പറ്റുമോ?"

"നോക്കാം"

അകത്തുപോയി വേഗം തന്നെ അവൻ തിരിച്ചു വന്നു.

"പോയിക്കണ്ടോളൂ"

ക്ഷീണിച്ചു തളർന്ന അച്ഛൻ എന്നിട്ടും ചിരിക്കുന്നു. "സാരമില്ല മോളേ"

താനും ചിരിച്ചു. ഹൃദയം പൊട്ടിപ്പോകുന്നതുപോലെ തോന്നി.

തിരിച്ചുവരുമ്പോൾ അവനെ കണ്ടില്ല. രണ്ടുദിവസം കഴിഞ്ഞു അച്ഛന്റെ അവസ്ഥയിൽ വലിയമാറ്റമൊന്നുമില്ല. നീറിപ്പിടച്ച് ഒറ്റയ്ക്ക് കഴിഞ്ഞ ദിവസങ്ങളിൽ അവനായി കൂട്ട്.

വായിച്ച പുസ്തകങ്ങളും രാഷ്ട്രീയവും സിനിമയുമായി പിന്നീടുള്ള ദിവസങ്ങളിലെ ചർച്ചകൾ. എനിക്ക് അവൻ കൗതുകവും ഞാൻ അവന് അത്ഭുതവുമായി. ഡോക്ടർമാരെപ്പോലും അത്ഭുതപ്പെടുത്തിക്കൊണ്ട് അച്ഛൻ ജീവിതത്തിലേക്ക് തിരിച്ചു വന്നു.

ഒരു നീണ്ട സൗഹൃദം അവിടെ തുടങ്ങുകയായിരുന്നു. തന്റെ ആദ്യ പ്രണയത്തെക്കുറിച്ച് അവനും തകർന്നുകൊണ്ടിരിക്കുന്ന എന്റെ ദാമ്പത്യത്തെക്കുറിച്ച് താനും പറയുമ്പോൾ മഴമേഘങ്ങളുടെ ധുന്ദുഭി... മഴയെ പ്രണയിക്കുകയും സന്ധ്യകൾ വേദനായാവുകയും ചെയ്യുന്ന മീരയെന്ന ഞാൻ; മഴയെ ഇഷ്ടമല്ലാത്ത ഡോക്ടർ വിനയൻ എന്ന വിനു. രാവിലെ 9 മണിക്ക് ആശുപത്രിയിൽ വന്നാൽ രാത്രി 9 മണിയായാലും പോകാതെയായി. സെൽഫോൺ ശരീരത്തിന്റെ ഭാഗമായി. 'നോക്കിയ' റിംഗ്ടോൺ ജീവിതത്തിന്റെ സംഗീതവും. രാത്രിയുടെ വരമ്പുകൾ തുറന്ന് വെച്ച് ഞാൻ കാത്തിരുന്നു. അടുത്ത നിമിഷത്തിൽ പേടിക്കുകയും ഇങ്ങനെ ആകരുതെന്ന് മനസ്സിനെ താക്കീത് ചെയ്യുകയും ചെയ്തു.

നിർവ്വചിക്കാനാവാത്ത സ്നേഹത്തിന്റെ ഗന്ധം, ശ്വാസം. തോരാത്തമഴ, ഇടർച്ചയില്ലാത്ത വാക്കുകൾ. തപസ്സായ സ്നേഹം പ്രാർത്ഥന പോലെ എന്നിൽ പതിച്ചു.

ഉത്തരമില്ലാത്ത ചോദ്യങ്ങൾ, ഏകാന്തതയിൽ നിന്നും രക്ഷപെടാനുള്ള വെമ്പൽ. ഒരുമിച്ച് ജീവി

ച്ചിട്ടും ഒരക്ഷരം പോലും കൈമാറാത്ത ജീവിതം. വേദനയിൽ, അതിലേറെ അവഗണനയിൽ കഴിഞ്ഞിരുന്ന എന്റെ ദാമ്പത്യം. കീഴ്മേൽമറിയുന്ന ഒര വഗാധബന്ധം അവനുമായി ഉണ്ടാവുന്നതായി ഞാൻ അറിഞ്ഞു. പലപ്പോഴും ഞാൻ സ്വയം ചോദിച്ചു, ഇത് പ്രണയമോ അതോ, വെറുമൊരു അടുപ്പമോ.

"വിനൂ, നിനക്കെന്നോട് തോന്നുന്നതെന്താണ്?"

"പ്രണയം"

കാതിൽ തേൻ മഴയായി
പാടൂ കാറ്റേ കടലേ...
കരൾ കുളിർത്താരോ
മധുരമായി പാടും മണി
ശംഖുകളായ്...

എന്നിട്ടും തോന്നി, ഇതെന്റെ പ്രണയമോ? അല്ല, ഈ കൈകൾ എന്നെ ചേർത്തു പിടിക്കുന്നില്ല. നെറുകയിൽ തൊട്ട വിരൽപ്പാടുകൾ മാത്രമാണെന്ന് ആദ്യം മുതലേ ഞാൻ തിരിച്ചറിഞ്ഞിട്ടും ഓടി അകലാൻ കഴിഞ്ഞില്ല. സൂക്ഷ്മമായി, നിശബ്ദമായി എന്റെ ഏകാന്തതയിൽ ഒരു ഏകാന്തപഥികനെപ്പോലെ അവനും നിന്നു എത്രയോ കാലം... അവൻ മാത്രമായിരുന്നു ചിരിക്കാനും കരയാനുമുള്ള എന്റെ ഏകസുഹൃത്ത്. എന്നിട്ടും ഒരപൂർണ്ണത എവിടെയോ ദുർഗ്രാഹ്യമായി എന്നിൽ ഉറഞ്ഞു നിൽക്കുന്നു. തീർച്ചയായും... എന്റെ പ്രണയം ഇങ്ങനെയല്ല. പിന്നെയെന്താണിത്? അതും എനിക്കറിയില്ല.

"വിനൂ എനിക്ക് നിന്നെ കാണണം"

"എന്നാണ് നിനക്ക് സൗകര്യം പറഞ്ഞോളൂ"

എനിക്കറിയാമായിരുന്നു ഇത് ഞങ്ങളുടെ അവസാന കൂടിക്കാഴ്ചയാവുമെന്ന്. ഞാൻ സംസാരിച്ചു തുടങ്ങുമ്പോൾ തന്നെ അവന്റെ മടുപ്പ് മനസ്സിലായി. ഒരിക്കൽ അവൻ പറഞ്ഞത് ഓർത്തു.

"മീര എനിക്ക് ബന്ധങ്ങൾ വളരെ വേഗം മടുത്ത് പോകുന്നു. ഒന്നും സംസാരിക്കാൻ ഇല്ലാത്തതുപോലെ"

അതുകൊണ്ട് തന്നെ, വല്ലാതെ മടുക്കുന്നതിനു മുന്നേ ഈ ബന്ധം ഒരിക്കൽ അവൻ പറഞ്ഞതുപോലെ ഇതേ നിറത്തോടു കൂടി തുടരാൻ ഇവിടെ ഒരു വിരാമം അനിവാര്യമാണെന്ന് എനിക്ക് തോന്നി. അവനെ സ്നേഹിക്കാനുള്ള ഒരു പാടുപേരെക്കുറിച്ച് അവൻ പറയുന്നതോർത്തു.

"വിനൂ, നമുക്ക് ഈ ബന്ധം ഇവിടെ അവസാനിപ്പിക്കാം"

"എന്നുപറഞ്ഞാൽ എന്താണ് മീര ഉദ്ദേശിക്കുന്നത്?"

"വിനൂ എനിക്കൊന്നും ചെയ്യാൻ പറ്റുന്നില്ല. ഒരു ഓപ്ഷനാവുന്ന ബന്ധം എനിക്ക് പറ്റുന്നില്ല. അതിൽ സ്നേഹം ഇല്ല, ഉപചാരങ്ങൾ മാത്രം."

"മീര നീ വിചാരിക്കുന്നത് ശരിയല്ല. ഈ ബന്ധം രഹസ്യമാക്കിവെക്കണമെന്ന് ഞാൻ പറയുന്നത് എന്നേക്കാളേറെ നിനക്കു വേണ്ടിയാണ്. നമ്മൾ കാണുന്ന രീതിയിൽ ആവില്ല ഇതിനെ ആൾക്കാർ കാണുക. എല്ലാക്കാലവും ഈ ബന്ധം ഇതുപോലെ നിലനിർത്താനാണ് മറ്റാരും അറിയരുതെന്ന് പറയുന്നത്.

"ആവാം. പക്ഷേ വിനു എന്റെ പ്രണയം ഇങ്ങനെയല്ല. എന്റെ ഓരോ നിശ്വാസത്തിലും നീയുണ്ട്. പറഞ്ഞുഘോഷിച്ചു നടക്കേണ്ട ഒന്നല്ല പ്രണയം എനിക്ക്. പക്ഷേ വിനൂ, ഈ ബന്ധം നിനക്കുപോലും അംഗീകരിക്കാനാകാത്തതുപോലെ."

"ഓക്കെ മീര... അങ്ങനെ ആണ് നീ വിചാരിക്കുന്നതെങ്കിൽ ആയിക്കോട്ടെ. അതു പറയാനായി നീ എന്നെ ഇവിടെ വിളിച്ചു വരുത്തേണ്ടിയിരുന്നില്ല. ഫോണിലൂടെ പറഞ്ഞാൽ മതിയായിരുന്നു."

എത്ര വേഗം.... എത്ര വേഗം.... അവൻ!

അപ്പോൾ അവനും ഇതാഗ്രഹിച്ചിരുന്നുവോ.

വളരെക്കാലം തുടരാൻ ആവില്ല എന്നറിയാമായിരുന്ന ഒരു ബന്ധം. എങ്കിലും തീവ്രമായ എന്തോ ഒന്ന് ഇതിൽ തങ്ങി നിന്നിരുന്നു; അതിവിടെ അവസാനിക്കുമ്പോൾ ഞാനീ പച്ചപ്പ് എവിടെ പറിച്ചെറിയണം. അറിയില്ല. വേർപെടുത്താനാവാത്തതായി എന്തെങ്കിലുമൊന്ന് ഞങ്ങൾക്കിടയിലുണ്ടോ... അറിയില്ല. മേഘമായി പടർന്നുയർന്ന എന്നിൽ മഴയായി അവൻ പതിച്ചിരുന്നു. മേഘത്തിൽ തുടങ്ങി കടലിലൂടെ ഒടുവിൽ വീണ്ടും മേഘമായി എന്നിൽ അവസാനിക്കുന്നു. തുടങ്ങിയയിടത്തുതന്നെ അവസാനിക്കുന്ന സങ്കീർണ്ണമായ അനുഭവം. സ്വന്തമെന്ന് ഒരിക്കലും കരുതിയിട്ടില്ല. എങ്കിലും പറിച്ചെറിഞ്ഞു കളയുമ്പോൾ വല്ലാത്ത വേദന. പക്ഷേ, ചില വേർപാടുകൾ, വിടുതലുകൾ നല്ലതാണ്. ഇനിയും ഒരുപാട് ദൂരം പോവാനുണ്ട് അവന്. എന്റെ നിഴൽ അവനെയും അവന്റെ നിഴൽ എന്നേയും പിൻതുടരാതിരിക്കട്ടെ. എന്റെ നേർത്ത തേങ്ങൽ ഈ ഏകാന്തതയിൽ ഉരുകിത്തീരട്ടെ. കണ്ണിൽ പടരുന്ന കൺമഷികൊണ്ട് ആത്മാവിൽ ഞാനൊരു കളം വരയ്ക്കട്ടെ. ചെമ്പരത്തിപ്പൂക്കൾ കാൽപാദങ്ങളിൽ മൊട്ടുകളായി, ചങ്കുപറിച്ചെടുത്ത് ഇലകളിൽ വെച്ച് ഞാനെന്റെ പാവക്കുട്ടികളെ തിരിച്ചു വാങ്ങി.

"കൂട്ടുകാരാ, നടന്നുകൊണ്ടിരിക്കുന്നത് നിന്റെ കാലം, കഴിഞ്ഞതും നിന്റെ കാലം, വരാനിരിക്കുന്നതും നിന്റെ കാലം. ഇതിനിടയിൽ ഞാനെങ്ങനെ എന്നെ കണ്ടെത്തും. രാത്രിയുടെ 'പതിനേഴാമത്തെ കാറ്റടിച്ചു' മഴ വീണ്ടും തുടങ്ങി. എന്റെ കൈകൾക്കിടയിലൂടെ ആ കിളിക്കുഞ്ഞ് പറന്നുപോയി. ജന്മം ബാക്കിയാക്കി ആശകൾ ബാക്കിയാക്കി... ●

**ലേഖനം**



ഡോക്ടർ മിനി ഉണ്ണികൃഷ്ണൻ

# വന്നപോലെ പോം, വനിതാദിനവും

നമുക്കോരോന്നിനും ദിനങ്ങളാണ്, വൃദ്ധദിനം, എയ്ഡ്സ് ദിനം, കുഞ്ഞുങ്ങൾക്കൊരുദിനം പിന്നെ അമ്മമാർക്കു വേറൊരുദിനം, ലോക ഭക്ഷ്യസുരക്ഷാദിനം എന്നുവേണ്ട എല്ലാ ദിവസങ്ങളും ദിനങ്ങളാണ്. ഇവയിലേറ്റവും രസകരമായി എനിയ്ക്കു തോന്നാറുള്ളത് വനിതാദിനമാണ്. ഇതു വായിച്ചു കഴിയുമ്പോൾ ഇവരെന്തൊരു സ്ത്രീ എന്നു കരുതുകയോ എന്നോടടുപ്പമുള്ളവർപോലും എന്റെ വീട്ടിൽ വരാതിരിക്കുകയോ ചെയ്യരുതേ എന്നൊരപേക്ഷയോടുകൂടി, എന്നെപ്പോലെ ചിന്തിക്കുമ്പോഴും വല്ലവരും കേട്ടാൽ എന്തുവിചാരിക്കും? നമ്മൾ ഇതൊക്കെ ചെയ്യേണ്ടവരല്ലേ? എന്നൊക്കെയോർത്തുമാത്രം മിണ്ടാതിരിക്കുന്ന വനിതകൾ ഇനിയും കണ്ടേക്കും എന്നൊരു ശുഭപ്രതീക്ഷയോടുകൂടിയും, ഞാനിതെഴുതുകയാണ് തെറ്റാണെങ്കിൽ ക്ഷമിക്കുക.

പുതുവർഷാശംസകളേറ്റുവാങ്ങുമ്പോഴും ഞാനോർക്കുന്നത് ഇന്നലെയും മിനിയാന്നും ഇങ്ങനെതന്നെയായിരുന്നില്ലേ? എന്നാണ്. ഓണം ആഘോഷമാണെല്ലാവർക്കും. പതിവിന്റെ പത്തിരട്ടി ജോലിചെയ്യേണ്ടിവരുന്ന എന്നെപ്പോലെയുള്ള സാധാരണ സ്ത്രീകൾക്കും ഓണാഘോഷങ്ങൾ ഇഷ്ടമായിരിക്കുമോ? കുട്ടിക്കാലത്ത് ഓണം നല്ല രസമായിരുന്നു. പക്ഷേ ഇപ്പോൾ ഓരോ ഓണത്തിനും ഞാനോർക്കുന്നത് പെണ്ണുങ്ങളുടെ നടുവൊടിക്കാനായിട്ട്, ഈ മാവേലിയ്ക്കു വേറേ പണിയൊന്നുമില്ലേ? എന്നാണ്. നേരത്തേ വിളിച്ചുപറഞ്ഞിട്ടു വരുന്ന അതിഥികളെ എനിയ്ക്കിഷ്ടമാണ്. എനിയ്ക്കറിയാവുന്ന വിഭവങ്ങളൊരുക്കി വീടലങ്കരിച്ച് ഊണുമേശയലങ്കരിച്ചു കാത്തിരുന്നു സൽക്കരിക്കാറുണ്ട് ഞാനവരെ. പക്ഷേ മിണ്ടാതിരിക്കുന്ന കാക്കയ്ക്കു ചോറുകൊടുക്കുന്ന ഞാൻ വിരുന്നുവിളിയ്ക്കുന്ന കാക്കയെ എറിഞ്ഞോടിക്കുകയാണു ചെയ്യുന്നത്, എങ്ങാനും ആ വിശ്വാസം സത്യമാണെങ്കിൽ എനിയ്ക്കു പണിയാകുമല്ലോ എന്നോർത്ത്. എല്ലാവരുടെയും പിറന്നാളിനു സദ്യയൊരുക്കുന്ന ഞാൻ, അന്നെങ്കിലുമൊന്നു ചുമ്മാതിരിക്കാനുള്ള കൊതികൊണ്ട് എന്റെ പിറന്നാളിന് മെഴുക്കുപുരട്ടിയും രസവും ഉപ്പുംമുളകുമാണുണ്ടാക്കിയത് എന്നു പറഞ്ഞാൽ വെറുതേയാണെന്ന് ആരും കരുതരുത്. (അന്ന് എന്റെ ഭർത്താവിന് ഊണുസമയത്ത് വീട്ടിലെത്താൻ പറ്റാത്ത യാത്രയായിരുന്നതിനാലായിരുന്നു എനിയ്ക്കതു സാധിച്ചത് എന്നത് മറ്റൊരു കാര്യം). എന്നാലും ഞാനന്നു തേങ്ങ തിരുമ്മിയില്ല, പതിവുപോലെ ഒരുപാടു പാത്രം കഴുകേണ്ടായിരുന്നു. അടുക്കളയിൽനിന്ന് എല്ലാംകൂടി അരമണിക്കൂറിനുള്ളിൽ തീർത്തു പുറത്തുചാടാനും കുറച്ചുനേരം വിശ്രമിക്കാനും തോന്നി, അങ്ങനെയെങ്കിലും എനിയ്ക്കതൊരു നല്ലദിവസമാകട്ടെ എന്നോർത്ത്. ഒന്നാംതീയതിയിലെ ഫലം ആവർത്തിച്ചാലോ എന്ന അന്ധവിശ്വാസത്തിലോ പ്രതീക്ഷയിലോ അന്നും ഞാൻ ഇതേ പ്രയോഗമാണ് നടത്താറ്. ഒന്നാം തീയതി എന്നാൽ ആഘോഷിക്കേണ്ട ദിവസമാണെന്നു കരുതിയിരിക്കുന്നവരുടെ നിരാശയ്ക്കു നേരേ കണ്ണടയ്ക്കുകയുമാണ് ഞാൻ ചെയ്യാറ്. അത് വെറും അന്ധവിശ്വാസമാണെന്ന് എന്നേ തെളിഞ്ഞുകഴിഞ്ഞതാണെങ്കിലും.

ഇതെഴുതാൻ തോന്നിയത്, അപമാനിക്കപ്പെടുന്ന പെണ്ണിന്റെ കണ്ണീരുകാണുന്ന ധാർമ്മികരോഷം മൂലം. മുഖത്തും ദേഹത്തും നിറയെ മുഴകളുള്ളൊരു സ്ത്രീ ഇന്നു മരുന്നിനു വന്നു, എന്റെ കയ്യിൽ അരിമ്പാറയ്ക്കു മരുന്നുണ്ടെന്നു കേട്ടിട്ട്. ഒരുപാടുനാൾ കഴിക്കണമെന്നു പറഞ്ഞ് ഉള്ളിൽക്കഴിക്കാൻ ഞാൻ മരുന്നു കൊടുത്തു. തീരുമ്പോൾ മുടങ്ങാതെ വാങ്ങണമെന്നു പ്രത്യേകം ഓർമ്മിപ്പിച്ചു. പുറമേയ്ക്കു പുരട്ടാൻ മരുന്നുവേണമെന്ന അവരുടെ ആവശ്യത്തെ ഞാൻ നിരുൽസാഹപ്പെടുത്തി.

മുഖത്ത് ഒരു ചെറിയ പാടുവീണാൽപ്പോലും ഒരു ശരാശരി മനുഷ്യജീവിയുടെ സഹജമായ ചോദനയനുസരിച്ച് അസ്വസ്ഥതയായിരിക്കും ഫലം. എപ്പോഴും അതുതന്നെയാകും ചിന്തയിൽ.

*ശേഷം പേജ് 50ൽ*

അനുഭവം

**പിന്തിരിഞ്ഞു നോക്കുമ്പോൾ ഒരുപാട് കാര്യങ്ങൾ മനസ്സിലേറ്റാനുണ്ട്. സഹയാത്രികരുടെ സ്നേഹബന്ധങ്ങളുടെ ഊഷ്മളത, ഒരുമിച്ചു നയിച്ച സമരങ്ങൾ, സമര വിജയങ്ങൾ. കേരളത്തിൽ നടന്ന ഇപ്പോഴും അവസാനിച്ചിട്ടില്ലാത്ത സ്ത്രീപീഡന, സ്ത്രീവിരുദ്ധ നിലപാടുകൾക്കെതിരെ ഒരുമിച്ചു നിന്ന് പോരാടുവാൻ എനിക്കു സാധിച്ചത് അന്വേഷിയിലൂടെ തന്നെ.**



സേതുലക്ഷ്മി

# അന്വേഷി എനിക്കെന്ത് ?

അന്വേഷി എന്ന സ്ത്രീവിമോചനപ്രസ്ഥാനവുമായി ഞാൻ ബന്ധപ്പെടാൻ തുടങ്ങിയത് അന്വേഷി വായനശാലയിലൂടെ തന്നെയാണ്. ഒരു പത്തിരുപത്തൊന്നു വർഷങ്ങൾക്ക് മുൻപ് വായനശാല കോഴിക്കോട് കളിപൊയ്കയിൽ ആയിരുന്ന സമയത്ത് വെള്ളം കേറി ഒരുപാടു പുസ്തകങ്ങൾ കേടുപാട് വന്നതിനു ശേഷം തൊണ്ടയാട് ചിന്മയ വിദ്യാലയത്തിനടുത്തു ഒരു പഴയ കെട്ടിടത്തിലെക്കു മാറ്റിയ സമയത്താണ് ഞാൻ അന്വേഷിയിലേക്ക് കേറി ചെന്നത്.

അന്വേഷി സ്ഥാപക അജിതയെ അതിനു മുൻപേ പരിചയപ്പെട്ടിരുന്നെങ്കിലും അന്നാണ് ഞാൻ അന്വേഷി ഓഫീസിലെക്കും വായനശാലയിലേക്കും കടന്നു ചെന്നത്. അന്ന് കേരളത്തെ അക്ഷരാർഥത്തിൽ പിടിച്ചുലച്ച റജീന കേസ് നിലവിലുള്ള സമയം. പിന്നീടങ്ങോട്ടു അന്വേഷിയുടെ സഹയാത്രികമാരിൽ ഒരാളായി മാറി.

അറിവിന്റെ ബലത്തിൽ സംഘടിച്ചു വിപ്ലവം നയിക്കുന്നതിലൂടെ മാത്രമേ ഒരടിമക്കു വിമോചനത്തിന്റെ സ്വാതന്ത്ര്യം അനുഭവിക്കാൻ സാധിക്കുകയുള്ളൂ. അപ്പോൾ അന്വേഷി വായനശാല സ്ത്രീയുടെ വിമോചനത്തിനു വലിയ ഒരു പങ്കു വഹിക്കുന്നു. അറിവ് പുരുഷന്റെ മാത്രം എന്നും അറിവില്ലായ്മയും അബദ്ധങ്ങളും എല്ലാം സ്ത്രീയുടെ മാത്രമെന്നും ഉള്ള പൊതു പുരുഷമേൽക്കോയ്മയെ തിരുത്തിക്കുറിച്ച്, പ്രതിരോധിച്ചു അന്വേഷി വായനശാല. സംഘടിതയുടെ അഞ്ചാം വാർഷികത്തിനെത്തിചേർന്നപ്പോൾ സഹയാത്രിക പതിപ്പിൽ ഒരു കുറിപ്പ് ഞാനും എഴുതുന്നു.

പിന്തിരിഞ്ഞു നോക്കുമ്പോൾ ഒരുപാട് കാര്യങ്ങൾ മനസ്സിലേറ്റാനുണ്ട്. സഹയാത്രികരുടെ സ്നേഹബന്ധങ്ങളുടെ ഊഷ്മളത, ഒരുമിച്ചു നയിച്ച സമരങ്ങൾ, സമര വിജയങ്ങൾ. കേരളത്തിൽ നടന്ന ഇപ്പോഴും അവസാനിച്ചിട്ടില്ലാത്ത സ്ത്രീപീഡന, സ്ത്രീവിരുദ്ധ നിലപാടുകൾക്കെതിരെ ഒരുമിച്ചു നിന്ന് പോരാടുവാൻ എനിക്കു സാധിച്ചത് അന്വേഷിയിലൂടെ തന്നെ.

ഈ കുറിപ്പ് ഞാൻ എഴുതുന്നത് അക്കാദമികമായ ഒരു പാണ്ഡിത്യം വെളിവാക്കാൻ വേണ്ടിയല്ല. ഞാൻ അതിനു ശ്രമിക്കുന്നില്ല. എനിക്കു അങ്ങനെയാവാൻ കഴിയുമെന്നും തോന്നുന്നില്ല. കൊടിയ പീഡനങ്ങൾ നേർക്കാഴ്ചയായി മാറുമ്പോൾ ഉടനെ അക്കാദമികമായി മാറി ലേഖനങ്ങൾ എഴുതാൻ എനിക്കു തോന്നുന്നില്ല. പ്രാക്ടിക്കലാവാൻ ശ്രമിക്കുന്നു. എന്റെ ചില സഹയാത്രികമാരിൽ നിന്ന് ചിലപ്പോൾ ഞാൻ ഇങ്ങനെ കേൾക്കാറുണ്ട് ‘എന്താ ഓനെ നമ്മക്ക് ഒന്ന് പൊട്ടിച്ചാല്’ അങ്ങനെ പൊട്ടിക്കാൻ ഇറങ്ങി തിരിക്കുമ്പോൾ മനസ്സിലാവുന്നത് ഓൻ എന്ന് പറഞ്ഞത് ഒരു വ്യക്തിയല്ല ഒരു കൂട്ടം ആണ്. അധികാരവർഗ്ഗം ഉൾപ്പെടുന്ന ഒരു വലിയ ‘ഓൻ’. അപ്പോൾ ഞാൻ പിന്തിരിയുന്നില്ല, അപരാജിതയായി, മുന്നോട്ടു പായുന്നു ഒരു പാട്ടോടെ ‘ഉണർന്നെണീക്കുക സോദരീ’. തെരുവിൽ, വീട്ടിൽ, തൊഴിലിടങ്ങളിൽ, വിദ്യാഭ്യാസസ്ഥാപനങ്ങളിൽ എന്ന് വേണ്ട പൊതുഇടങ്ങളിലൊക്കെ സ്ത്രീസ്വാതന്ത്ര്യം ഹനിക്കപ്പെടുമ്പോൾ ഉടനെ പാഞ്ഞു ചെന്ന് എല്ലാരും കൂടെ ഒത്തു ചേർന്ന് പ്രതിരോധം തീർത്തു പിരിയുമ്പോഴും ഞാൻ എല്ലാരുടെയും കണ്ണിൽ നോക്കി ഇനിയും കൂടുതൽ കൂടുതൽ ജാഗ്രതയോടെ പോരാടാം എന്ന് ഉറപ്പു നല്കുന്നു. എല്ലാ കണ്ണുകളിലും ഇപ്പോൾ പഴയ കാലത്തേ പോലെ ഭീതിയല്ല പോരാട്ടത്തിന്റെ വീര്യമാണ്. അതാണ് എന്റെ ഊർജ്ജവും.

അന്വേഷിയുടെ സജീവ പ്രവർത്തകയായിരുന്ന അമ്മുവേടത്തി ഇന്ന് ഞങ്ങളുടെ കൂടെയില്ല. സഹോദരിതുല്യയായ അമ്മുവേടത്തി പെട്ടെന്ന് രോഗാതുരയായി മാറുന്ന സമയം വരെ എന്നിലേക്ക് പകർന്നു തന്ന വിപ്ലവ ജ്വാല ഞാൻ മുന്നോട്ടു കൊണ്ട് പോകാൻ ശ്രമിക്കുന്നു.

ഈ സ്ത്രീ സംഘടന ഈ കാലയളവിൽ പ്രധാനപ്പെട്ട ഒരു ചലച്ചിത്ര മേള കൈരളി-ശ്രീ തിയേറ്ററുകളിൽ നടത്തുകയുണ്ടായി. ഒരു പതിനഞ്ചു വർഷം മുൻപ് ആണെന്നാണ് ഓർമ്മ. ഇന്ന് നമ്മൾ ഫിലിംഫെസ്റ്റിവലിനു വേണ്ടി തിരുവനന്തപുരത്ത് ഓടി പോകുമ്പോൾ ഞാൻ ഇപ്പോഴും

സ്ത്രീകളുടെ ആഭിമുഖ്യത്തിൽ നടത്തിയ ഈ മേളയെ പറ്റി അഭിമാനിക്കാറുണ്ട്. Yes we are forerunners. അന്ന് അഭിനേത്രി രേവതി ആദ്യമായി സംവിധാനം ചെയ്ത 'മിത്ര് മൈ ഫ്രണ്ട്' അവടെ പ്രദർശിപ്പിച്ചിരുന്നു. സംവിധാനരംഗത്തേക്കു സ്ത്രീയുടെ കാൽവെയ്പ്. ക്യാമറ പേഴ്സൺ ഫൗസിയ ഹസൻ. ഞാൻ കണ്ണ് മിഴിച്ചു ഇരുന്നു പോയി. ക്യാമറ തൂക്കി ഒരു പെണ്ണ്. ക്യാമറ കൊണ്ട് 'ഒപ്പിയെടുക്കാൻ' ഒരു പെണ്ണ്. ഒരു സ്ത്രീ. സുമ ജോസെൻ സംവിധായിക (ഒരു ജന്മദിനം) അങ്ങിനെ അടച്ചഇടങ്ങളിലേക്കെല്ലാം സ്ത്രീകൾ. പിന്നീടു ഫൗസിയ ഹസനെ കണ്ടപ്പോൾ ഈ സിനിമ കണ്ടിരുന്നു എന്ന് പറഞ്ഞപ്പോൾ അവരുടെ കണ്ണുകൾ അത്ഭുതത്താൽ മിഴിഞ്ഞു പോയി. എന്നിട്ട് ചോദിച്ചു 'ഈസ് ഇറ്റ്'? അതേ അന്വേഷി ഒരു പാട് പിന്നോട്ടുള്ള വർഷങ്ങൾ മുൻപേ കാണുന്നു. മുൻപേ പറക്കുന്ന പക്ഷി. ഈ ഫിലിം ഫെസ്റ്റിവലിൽ കണ്ട 'കുട്ടി', 'ചാന്ദ്നി ബാർ' തുടങ്ങിയ ചിത്രങ്ങൾ മനസ്സിൽ മായാതെ നില്ക്കുന്നു.

ഇപ്പോഴും ആദിവാസി മേഖലകളിൽ ചെല്ലുമ്പോൾ ഇനിയും സമരങ്ങൾ എത്ര ബാക്കിയാണ് എന്ന യഥാർത്ഥ്യംഅറിയുന്നു. മുത്തങ്ങസമരത്തിന് ശേഷം പുതിയറ ജയിലിൽ അജിതേച്ചിയോടും മറ്റു സഹായത്രികമാരോടും കൂടെ സഖാവു ജാനുവിനെയും ഗീതാനന്ദനെയും കണ്ടപ്പോൾ, അവരുടെ മർദ്ദനമേറ്റ മുഖങ്ങൾ കണ്ടപ്പോൾ ഓർത്ത് പോയിരുന്നു ഈ വിപ്ലവ മുന്നേറ്റങ്ങൾക്ക് പെട്ടെന്ന് ഒരു വിജയം കണ്ടിരുന്നെങ്കിൽ എന്ന്. എന്നാൽ ഇപ്പോൾ വലിയ പ്രതീക്ഷയുണ്ട് വിജയം അടുത്തെത്തി.

ഇടക്കു ചിലപ്പോൾ അന്വേഷിയിലേക്കു പോകാൻ കഴിയാതെ വരുമ്പോൾ ഒരു വിളി വരും സ്നേഹനിർഭരമായ ഒരു വിളി 'സേതൂ നീ എവടെയാ ഇപ്പോ' എന്റെ സഹോദരി തുല്യ അജിയേച്ചി. അപ്പൊ ഞാൻ വീണ്ടും പാടുകയായി 'ഉണർന്നെണീക്കുക സോദരി'

അപ്പൊ ഞാൻ ഇങ്ങനെ ആലോചിക്കും ഞാൻ അന്വേഷിയിലെ ഒരംഗമാണോ അതെ അംഗം തന്നെ, വീണ്ടും ഒന്നൂടെ ചോദിച്ചാൽ അതെ ലോകത്തേക്കു കണ്ണും നട്ടു ജാഗ്രതയോടെ ഈ വിമോചനപ്രസ്ഥാനത്തിന് ശക്തി പകരാൻ അറിവിന്റെ ഊർജ്ജം തേടുന്ന ഒരു അന്വേഷി തന്നെ. ●

---

*പേജ് 48 തുടർച്ച*

അപ്പോൾ ഏകദേശം വൈരൂപ്യത്തോടടുത്ത അവരോ? മദ്യപിച്ചു ദേഹോപദ്രവമേൽപ്പിക്കുന്നവരുടെ, വീടന്വേഷിക്കാത്തവരുടെ, ഒക്കെ ഭാര്യമാർ, എന്നെത്തേടി വരാറുണ്ട്. അവർക്കറിയാം, എന്നോടു പറഞ്ഞാൽ അതിനു പരിഹാരമുണ്ടെന്ന്.

പറഞ്ഞുകൂടാത്ത ഒരു രഹസ്യം, അതാണിത്. പക്ഷേ ഞാൻ പറയുകയാണ്. രഹസ്യമായി ആഹാരത്തിലോ വെള്ളത്തിലോ ചേർത്ത് ഇത്തരക്കാരുടെ ഭാര്യമാർ, ഭർത്താക്കന്മാർ അറിയാതെ അവരുടെ ഉള്ളിൽ ചെലുത്തുന്ന മദ്യപാനം നിർത്താനുള്ള മരുന്ന്, ഞാൻ ഒരു പൈസപോലും വാങ്ങാതെയാണ് നൽകാറുള്ളത്. സത്യമായിട്ടും ഞാൻ കണ്ടിട്ടുണ്ട് സന്തോഷാശ്രുക്കൾ! അവരുടെ കൂടെ എന്തിനെന്നറിയാതെ കരഞ്ഞുപോയിട്ടുണ്ട് ഞാനും! അരി വാങ്ങാൻ പണം നൽകാത്ത ഗൃഹനാഥന്റെ ഭാര്യ അയൽവക്കത്തുനിന്നു കടം വാങ്ങിയ പൈസ എനിയ്ക്കെന്തിനാണ്?

ഒരുപാടു ദൂരെനിന്നു തലച്ചുമടായി തുണി വിൽക്കാൻവരുന്ന സ്ത്രീയോട് തുണി വാങ്ങാറില്ലെങ്കിലും എത്രയോ കാലമായി ഞാൻ മരുന്നുകൊടുക്കാറുണ്ട്. ഈ വെയിലെല്ലാം താണ്ടി, കരുവാളിച്ചു വിയർത്ത് അവരുണ്ടാക്കുന്ന പൈസവാങ്ങി അവരുടെ കാലുവേദനയ്ക്കു മരുന്നു കൊടുക്കുന്നത് എനിയ്ക്കു സങ്കടമാണ്. ഇതൊന്നും പറയാനോർത്തതല്ല. പൊങ്ങച്ചമാണെന്ന് ആരും ഓർക്കുകയും ചെയ്യരുത്. എല്ലാവരും എന്നുംകാണുന്ന എനിയ്ക്കപ്പുറം, വീട്ടുജോലികളും ഒരുപാടു ചുമതലകളുമുള്ള, നാട്ടിൻപുറത്തെ ഒരു കൂട്ടുകുടുംബത്തിലെ ഒരു നാടൻ വീട്ടമ്മയുടെ എഴുത്താണിത്. കൂടെ ഒരു ഡോക്ടറിന്റെയും, വനിതാദിനം എന്നാൽ എന്ത് എന്ന് ഇനിയും മനസ്സിലായിട്ടില്ലാത്ത ഒരു സാധാരണക്കാരിയുടേയും.

രണ്ടാഴ്ച അടുപ്പിച്ച് അസുഖമായാൽ വഴക്കുകേൾക്കേണ്ടി വരുന്നവർ, പൈസ മുടിപ്പിക്കാൻ കച്ചകെട്ടി ഇറങ്ങിയവൾ എന്ന ശകാരത്തിൽ തലതാഴ്ത്തിക്കരയുന്ന, സ്വന്തമായി വരുമാനമില്ലാത്ത പാവങ്ങൾ. അവളുണ്ടാക്കുന്ന ആഹാരത്തിനും പണത്തിനും അവളുടെ ശരീരത്തിനുമില്ലാത്ത അയിത്തം അവളുടെ വ്യക്തിത്വത്തിനു കൽപ്പിക്കുന്നവരുടെ രാത്രികളെയും ആഘോഷമാക്കാൻ കടപ്പെട്ടവർ. ഇവർക്കു നീതിയില്ലാത്തിടത്ത് എന്താണു വനിതാദിനം? ഇങ്ങനെയുള്ള സ്ത്രീകളും ഈ വനിതാദിനത്തിന്റെ ഗുണഭോക്താക്കളുടെ പട്ടികയിൽ വരുമെങ്കിൽ ഞാൻ ഈ കുറിപ്പിനു ക്ഷമചോദിക്കാൻ ഒരുക്കമാണ്. അല്ലെങ്കിൽ ബോധവൽക്കരിക്കൂ പുരുഷനെ, സ്ത്രീ എന്താണെന്ന്, എന്തൊക്കെയാണെന്ന്, അല്പ്പം മാന്യത, അത് അവളുടെ അവകാശങ്ങളിൽ ഒന്നുമാത്രമാണെന്നും. ●



# ജീവിതത്തിലേക്ക് തിരിച്ചുകയറാനൊരു ഇടത്താവളം–ഷോർട്ട് സ്റ്റേ ഹോം

**""മനസ്സറിഞ്ഞുറങ്ങാൻ പടച്ചോൻ തന്ന കുടയാണ് എനിക്ക് അന്വേഷിയുടെ ഈ വീട്." എന്ന് അവർ പറഞ്ഞപ്പോൾ ഒന്നര ദശാബ്ദത്തെ പ്രവർത്തനത്തിന് നൂറ് മാർക്ക് കിട്ടിയതായി എനിക്ക് തോന്നി.**



ഷീബ

2003ൽ അന്വേഷി തുടങ്ങിയ ഷോർട്ട് സ്റ്റേഹോം ഇന്നും വളരെ ഭംഗിയായി പ്രവർത്തിക്കുന്നു.

ആദ്യകാലങ്ങളിൽ വാടക വീടുകളിലായിരുന്നെങ്കിലും ഇപ്പോൾ ഒരു വർഷക്കാലമായി സ്വന്തമായ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അന്വേഷിയിൽ പരാതിയുമായി വരുന്ന, പോകുവാൻ മറ്റ് ഇടമില്ലാത്തവർക്ക് അന്വേഷിയിലെ കൗൺസെലർമാർ ഷോർട്ട്സ്റ്റേ ഹോമിൽ അഡ്മിഷൻ കൊടുക്കുന്നു. പരാതിയായി വരുന്നവർ സ്വയം കുറെ സഹിക്കുകയും വീട്ടുകാർ കുറെ ഇടപെടുകയും കുറെ വീട്ടിൽ പോയി നിൽക്കുകയും ഒക്കെ ചെയ്തിട്ടും മക്കളെ ഓർത്ത് വീണ്ടും ഭർത്താവിന്റെ കൂടെ പോയവർ ആയിരിക്കും 80% പേരും. ഭർത്താവിന്റെ ഉപദ്രവം സഹിക്കാൻ പറ്റാത്ത ഏറ്റവും വലിയ ഒരു അവസ്ഥയിൽ മാത്രമാണ് ഇവർ അന്വേഷിയിൽ വരുന്നത്.

ഒരു വീടിന്റെ അന്തരീക്ഷമാണ് അവിടെയുള്ളത്. അവിടെ വരുന്നവർക്ക് ഭക്ഷണവും വസ്ത്രവും കൊടുക്കുന്നു. അസുഖം വന്നാൽ ഡോക്ടറെ കാണിച്ച് അവർ നിർദ്ദേശിക്കുന്ന മരുന്ന് വാങ്ങിക്കൊടുക്കുന്നു. തൊഴിൽ പഠിപ്പിക്കുവാൻ ഒരു ടീച്ചർ ആഴ്ചയിൽ മൂന്ന് ദിവസം ഹോമിൽ വരും. തുന്നൽ,

വുളൻവർക്ക്, ആഭരണനിർമ്മാണം, കുട നിർമ്മാണം, പ്ലാസ്റ്റിക് വയർ കൊണ്ട് ഫ്ളവർവേയ്സ്, ബാഗ്, പേഴ്സ് എന്നിവ നിർമ്മിക്കുന്നതിന് പരിശീലിപ്പിക്കുന്നു.

നിരന്തരമായി വീട്ടിലുണ്ടാകുന്ന പ്രശ്നങ്ങൾ കാരണം മിക്കവരും ഡിപ്രഷൻ അവസ്ഥയിലായിരിക്കും ഉണ്ടാവുക. അന്വേഷിയിലെ കൗൺസെലിംഗിലൂടെ കുറേയൊക്കെ ആ അവസ്ഥയ്ക്ക് മാറ്റമുണ്ടാകും.

മദ്യപാനം ഒരു വലിയ പ്രശ്നമാണ്. എതിർകക്ഷികളിൽ മദ്യപാനം അധികമാകുമ്പോൾ സംശയരോഗമുണ്ടാകുന്നു. ഇങ്ങനെ വരുന്നവർ കൗൺസെലിംഗിലൂടെ ചികിത്സയ്ക്ക് പോകുവാൻ സമ്മതിക്കുന്നു. എത്രയോ പേർ മദ്യപാനം നിർത്തുവാൻ വേണ്ടി ചികിത്സ നടത്തി പ്രശ്നങ്ങൾ പരിഹരിച്ച് സുഖമായി ജീവിക്കുന്നു.

ആറുമാസങ്ങൾക്കു മുമ്പ് വയനാട്ടിൽ നിന്നും ഒരു സ്ത്രീ ഭർത്താവിനെന്നെ സംശയമാണ്. മദ്യപിച്ചു കഴിഞ്ഞാൽ നാട്ടിലുള്ള എല്ലാ ആണുങ്ങളുടെ കൂടേയും ഞാൻ പോയി എന്ന് വിളിച്ചു പറഞ്ഞ്. ഉപദ്രവിക്കുന്നു. എനിക്ക് ജീവിക്കാൻ തന്നെ തോന്നുന്നില്ല. ഞാനിനി അയാളുടെ കൂടെ പോവുകയില്ല. അടിയും ചവിട്ടും കൊണ്ട് എനിക്ക് മടുത്തു എന്നു പറഞ്ഞ് പരാതി തന്നു. അവരെ ഷോർട്ട്സ്റ്റേ ഹോമിൽ അഡ്മിറ്റ് ചെയ്തു. അതിനു ശേഷം ഭർത്താവിനെ വിളിച്ച് മൂന്നുനാലു പ്രാവശ്യം കൗൺസലിംഗ് നടത്തി. അയാൾ മദ്യപാനം നിർത്തുവാനുള്ള ചികിത്സയ്ക്ക് പോകുവാൻ തയ്യാറായി. 22 ദിവസം ചികിത്സയുടെ ഭാഗമായി ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്ത് മരുന്ന് കഴിച്ച ശേഷം ഡിസ്ചാർജ്ജായി പോയി. ഒരു മാസം കഴിഞ്ഞ് അവർ രണ്ടു പേരും കൂടെ ഓഫീസിൽ വന്നു. കാണുമ്പോൾ തന്നെ അവരുടെ ജീവിതം സമാധാനപരമാണെന്ന് നമ്മൾക്ക് മനസ്സിലാവും. "കുറച്ചു കാലം മുമ്പേ ഞങ്ങൾ ഈ ഓഫീസിൽ വരേണ്ടതായിരുന്നു. ഇപ്പോൾ ഞങ്ങൾ എത്ര സമാധാനത്തോടെയും സ്നേഹത്തോടെയും കൂടിയാണ് ജീവിക്കുന്നത്. എന്ന് ആ ഭർത്താവ് പറഞ്ഞപ്പോൾ അവരുടെ തിരിച്ചറിവ് ഞങ്ങളെ സന്തോഷവതികളാക്കി.

രണ്ട് വർഷം മുമ്പ് ഒരു ഉമ്മ മകന്റെ ഉപദ്രവം കൊണ്ട് ഉറക്കമില്ലാത്ത അവസ്ഥയിൽ അന്വേഷിയിൽ വന്നു. അവരെ ഷോർട്ട്സ്റ്റേ ഹോമിൽ അഡ്മിറ്റ് ചെയ്തു. മകൻ മദ്യപിച്ചും മയക്കുമരുന്നു കഴിച്ചും വരുമ്പോൾ ആ ഉമ്മയെ അടിക്കുകയും ചവിട്ടുകയും ചെയ്യുമായിരുന്നു. പല ദിവസങ്ങളിലും വീടിന്റെ പുറത്തിരുന്ന് നേരം വെളുപ്പിച്ച കഥകൾ അവർ പറയുമായിരുന്നു. ആദ്യമൊക്കെ കുറച്ചിലായിരുന്നെങ്കിലും ഷോർട്ട്സ്റ്റേഹോമിലെ വീടിന്റെ അന്തരീക്ഷത്തിൽ നിന്നും അവർക്ക് സമാധാനം കിട്ടി.

"മനസ്സറിഞ്ഞുറങ്ങാൻ പടച്ചോൻ തന്ന കുടയാണ് എനിക്ക് അന്വേഷിയുടെ ഈ വീട്." എന്ന് അവർ പറഞ്ഞപ്പോൾ ഒന്നര ദശാബ്ദത്തെ പ്രവർത്തനത്തിന് നൂറ് മാർക്ക് കിട്ടിയതായി എനിക്ക് തോന്നി.

രോഹിണിയമ്മ ഷോർട്ട്സ്റ്റേ ഹോമിന്റെ അമ്മ തന്നെയാണ്. എല്ലാവരും അവരെ അമ്മയെന്നാണ് വിളിക്കുന്നത്. അവിടെ വരുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ഒരു അമ്മയുടെ സ്നേഹത്തോടെ ഭക്ഷണം വിളമ്പി കൊടുക്കുന്നു. അതുപോലെ അവിടെ താമസിക്കുന്നവർ എല്ലാ ജോലികളിലും അമ്മയെ സഹായിക്കുന്നു. നമ്മുടെ സ്നേഹമുള്ള വാക്കുകൾ, ഒരു തലോടൽ ഇതൊക്കെ അവിടെ വരുന്നവർക്ക് എത്ര മാത്രം ആശ്വാസമേകുന്നു എന്ന് അമ്മയ്ക്ക് അറിയാം. എത്ര തന്നെ പ്രശ്നങ്ങൾ ഉണ്ടായാലും അവിടെ അഡ്മിറ്റ് ആകുന്നവരെ കുറ്റപ്പെടുത്താതെ സമാധാനിപ്പിക്കുന്ന അന്തരീക്ഷമാണ് അന്വേഷി ഷോർട്ട് സ്റ്റേ ഹോമിന്.

ആറ് വർഷം മുമ്പ് ഒരു വയസ്സും മൂന്ന് വയസ്സും ഉള്ള രണ്ടു കുട്ടികളെയും കൊണ്ട് മുക്കത്ത് നിന്ന് ഒരു യുവതി അന്വേഷിയിൽ പരാതിയുമായി വന്നു. ഭർത്താവിന്റെ മദ്യപാനവും സംശയവുമാണ് പ്രധാന പ്രശ്നം. മദ്യപിച്ച് അടിക്കുകയും രാത്രിയിൽ പല പ്രാവശ്യം വീട്ടിൽ നിന്ന് ഇറക്കിവിടുകയും കൊല്ലാൻ വരെ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. വീട്ടുകാരും നാട്ടുകാരും ഇടപെട്ടു പോലും പരിഹരിക്കാൻ പറ്റാത്ത അവസ്ഥയിലാണ് അവർ അന്വേഷിയിൽ വന്നത്. അവരെ ഹോമിൽ അഡ്മിറ്റ് ചെയ്തു. എത്രയോ പ്രാവശ്യം അവരുടെ ഭർത്താവിനെ വിളിച്ച് കൗൺസെലിംഗ് ചെയ്തെങ്കിലും അയാൾ ട്രീറ്റ്മെന്റ് ഒരിക്കലും മുഴുവനാക്കിയില്ല. ആയതിനാൽ ഒന്നര വർഷത്തോളം അവർ മൂന്നു പേരും ഷോർട്ട്സ്റ്റേ ഹോമിൽ താമസിച്ചു. അവിടെ നിന്നു കിട്ടിയ ധൈര്യവും ആത്മവിശ്വാസവും അവരെ സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തയാക്കി. അവർ കുട്ടികളെ അംഗൻവാടിയിലാക്കി ജോലിക്ക് പോകുവാൻ തുടങ്ങി. ഇപ്പോൾ സ്വന്തം വീടും സ്ഥലവും ഉണ്ടാക്കി. അമ്മയും മക്കളും അവിടെ സുഖമായി താമസിക്കുന്നു. ഇങ്ങനെ എത്രയെത്ര കദനകഥകൾ. ഭർത്താവിന്റെ ഉപദ്രവം സഹിക്കാൻ പറ്റാത്ത അവസ്ഥയിൽ മക്കളെ കൂട്ടി ആത്മഹത്യ ചെയ്തവർ. മക്കൾ മരിക്കുകയും അമ്മമാർ ജീവിക്കുകയും ചെയ്യുന്നവർ, വീട്ടുകാരുടെ ഉപദ്രവത്തിൽ ഇനി ജീവിക്കുന്നില്ല എന്ന് ഉറച്ചവർ (ഇതിൽ പലരും പല കഴിവുകളും ഉള്ളവർ ഉണ്ടാകും. പാട്ടുകാർ, ചിത്രകാരികൾ...) അങ്ങനെ നീളുന്നു ഇവരുടെ പട്ടികകൾ. ●





# വായനയ്ക്ക് ഒരു സ്ത്രീയിടം അന്വേഷി ലൈബ്രറി



രാജലക്ഷ്മി

1993ൽ അന്വേഷിസംഘടന രൂപീകൃതമായെങ്കിലും 1995ലാണ് ലൈബ്രറി പ്രവർത്തനം ആരംഭിച്ചത്. മറ്റു പല ലൈബ്രറികളേയും പോലെ തന്നെ ഒരു കുടുസ്സു മുറിയിൽ ഒരു ചെറിയ അലമാരയിൽ സംഭാവനയായി കിട്ടിയ പുസ്തകങ്ങളുമായി ഈ ലൈബ്രറിയും തുടങ്ങി. പിന്നീടങ്ങോട്ട് വളർച്ചയുടെ വർഷങ്ങളായിരുന്നു. വാടകക്കെട്ടിടങ്ങളിൽ മാറിമാറി പ്രവർത്തിച്ചിരുന്ന സംഘടനയുടെ ആസ്ഥാനം മാറുന്നതിനനുസരിച്ച് ലൈബ്രറിയും മാറിക്കൊണ്ടിരുന്നു. വർഷം തോറും വർദ്ധിച്ചുവരുന്ന പുസ്തകങ്ങളുമായുള്ള ആ മാറ്റങ്ങൾ ഞങ്ങൾക്ക് വളരെ ദുഷ്കരമായിരുന്നു. 2011ലാണ് ലൈബ്രറിക്ക് സ്വന്തമായി കെട്ടിടമുണ്ടായത്. ഇന്ന് ആയിരക്കണക്കിന് പുസ്തകങ്ങളും പ്രധാനപ്പെട്ട എല്ലാ ആനുകാലികങ്ങളുമുള്ള സമ്പുഷ്ടമായ ഒരു ലൈബ്രറിയായി അതു മാറിയിരിക്കുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും മാത്രം അംഗത്വം കൊടുക്കുന്ന ലൈബ്രറിയിൽ പുരുഷന്മാരും പഠനാവശ്യങ്ങൾക്കായി വരാറുണ്ട്.

ലൈബ്രറിയുടെ ഭരണസമിതിയിൽ സ്ത്രീകൾ മാത്രമേയുള്ളൂ എന്ന കാര്യവും ശ്രദ്ധേയമാണ്. സ്ത്രീകൾക്ക് സമയവും കാലവും നോക്കാതെ വരാനും പുസ്തകങ്ങൾ തെരഞ്ഞെടുക്കാനും സ്വസ്ഥമായി വായിക്കാനും അവരുടെ പ്രശ്നങ്ങൾ പങ്കുവെക്കാനും ഇവിടെ സൗകര്യമുണ്ട്. ഗവേഷക വിദ്യാർത്ഥികൾ ധാരാളമായി ഈ ലൈബ്രറി ഉപയോഗിച്ചു വരുന്നു. അതോടൊപ്പം വീട്ടമ്മമാർ, ഉദ്യോഗസ്ഥർ, കുട്ടികൾ തുടങ്ങിയവരും അംഗങ്ങളായുണ്ട്. ഏറെ വർഷങ്ങൾ ഈ ലൈബ്രറിയുടെ ഭാഗമായി പ്രവർത്തിക്കാൻ കഴിഞ്ഞത് അഭിമാനമായി ഞാൻ കരുതുന്നു.



അനിത .എ. കെ

സ്ത്രീകളുടെ മേൽക്കൈയിൽ ഒരു വായനശാല എന്നത് എന്റെ ഒരു സ്വപ്നവും വികാരവുമാണ്. സ്ത്രീകൾ സ്വതന്ത്രരായി വിഹരിക്കുന്ന തെരുവും കടപ്പുറവും റോഡും നാട്ടുമ്പുറവും നഗരവും ഒക്കെ എന്റെ സ്വപ്നങ്ങൾ തന്നെ. വെറുതെ നടക്കാനിറങ്ങുന്ന, കളിക്കാനിറങ്ങുന്ന സ്ത്രീകളും പെൺകുട്ടികളും നിറഞ്ഞ ഒരിടം. എന്റെ 'അഭ്യസ്തവിദ്യ' മായ കേരളത്തിൽ അങ്ങനെ ഒരിടം ഞാൻ സ്വപ്നം കാണുന്നു. സ്വന്തം വസ്ത്രത്തെക്കുറിച്ചും ശരീരത്തെക്കുറിച്ചും ശരീരചലനങ്ങളെക്കുറിച്ചും വേവലാതിപ്പെടാതെ ഒരു 'പൊതു'ഇടത്തിൽ പ്രത്യക്ഷപ്പെടാനാകുന്ന ഒരു കാലം വളരെ വളരെ വിദൂരമാണെന്ന് വർത്തമാനകാലസാഹചര്യങ്ങൾ വീണ്ടും വീണ്ടും ഉറപ്പിക്കുന്നു. എങ്കിലും ആശ്വസിക്കാൻ വകയുണ്ടെന്നു തന്നെ ഞാൻ കരുതുന്നു. അന്വേഷി വിമൻസ് ലൈബ്രറി അതിനൊരു കാരണമാകുന്നു. ഏറെക്കുറെ മിക്ക ആനുകാലികങ്ങളും ലഭ്യമാകുന്ന ഈ ലൈബ്രറി ഒരു അഭയം തന്നെയാണ്. മികച്ച സാഹിത്യകൃതികളും ചരിത്ര പുസ്തകങ്ങളും ഫെമിനിസ്റ്റ് സാഹിത്യങ്ങളും റഫറൻസ് ഗ്രന്ഥങ്ങളും അടക്കം 12000ൽ പരം പുസ്തകശേഖരം ഉണ്ടിവിടെ. വായനയിൽ താല്പര്യമുള്ള സ്ത്രീകൾക്കും പെൺകുട്ടികൾക്കും ഇവിടെ സ്വസ്ഥമായിരിക്കാം.

ഇവിടെ പുതിയ പുസ്തകങ്ങളും ലഭ്യമാണ്. പൊതുഇടങ്ങൾ പേരിൽ മാത്രം പൊതുവായിരിക്കുന്ന സമൂഹത്തിൽ ഒരു വിമൻസ് ലൈബ്രറി അത്യാവശ്യമാണെന്ന് ഞാൻ കരുതുന്നു. ഇവിടെ സ്വന്തം ശരീരചലനങ്ങളെക്കുറിച്ച് മറന്നു കൊണ്ട് നമുക്ക് വായനയിൽ മുഴുകാം. 'സെക്കന്റ് സെക്സ്' മുതൽ 'ആരാച്ചാർ' വരെയും 'ഖലീൽ ജിബ്രാൻ' മുതൽ 'ഓഷോ' വരെയും ഞാൻ വായിച്ചത് ഇവിടെ വച്ചാണ്.

പക്ഷെ ദുഃഖകരമെന്നു പറയട്ടെ ഈ ലൈബ്രറി ഉപയോഗപ്പെടുത്തുന്നവർ തുലോം കുറവാണ്. അവർ വേണ്ടവിധം ഈ വായനശാല ഉപയോഗപ്പെടുത്താത്തതെന്തുകൊണ്ടാണ്? ലൈബ്രറി കുറെക്കൂടി ജനകീയമാക്കാൻ എന്താണ് ചെയ്യേണ്ടത്? വായനശാലയിലേക്ക് സ്ത്രീകളെ ആകർഷിക്കേണ്ടത് എങ്ങനെയാണ്? ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ലൈബ്രറിക്ക് എന്റെ എല്ലാ ഭാവുകങ്ങളും.





റിൻസി പൂക്കാട്ട്

നമ്മുടെ സാംസ്കാരിക നിർമ്മിതിയിൽ സ്ത്രീകൾ ചെലുത്തുന്ന സ്വാധീനം ഗണ്യമാണ്. സ്വന്തം സ്വത്വത്തിൽ നിന്നും സംസ്ക്കാരത്തിൽ നിന്നും ബഹിഷ്കരിക്കപ്പെട്ടവരും പാർശ്വവത്ക്കരിക്കപ്പെട്ടവരും ആയിരുന്നു അവർ. അറിവിന്റെ ലോകത്ത് അന്യവത്ക്കരിക്കപ്പെട്ടവരായിരുന്നു അവർ. സ്വതന്ത്ര്യമായി ചിന്തിക്കുവാനും അഭിപ്രായപ്രകടനം നടത്തുവാനുമുള്ള അവകാശം നിഷേധിക്കപ്പെട്ടിരുന്നു. എന്നാൽ ഇന്ന് ലോകസ്ഥിതി മാറിയിരിക്കുന്നു. ഇരുപതാംനൂറ്റാണ്ടിലെ സമത്വാധിഷ്ഠിത ജീവിതദർശനത്തിന്റെ ആവിർഭാവം ഈ യാഥാസ്ഥിതിക ചിന്താഗതിക്ക് മാറ്റം വരുത്താൻ സഹായിച്ചു. ഇന്നത്തെ സ്ത്രീ സർവ്വ മേഖലകളിലും വ്യാപരിക്കുന്നവളാണ്. ഏറ്റവും ചെറിയ ജോലികൾ മുതൽ രാഷ്ട്രപതി പദവി വരെ അവൾ എത്തി നിൽക്കുന്നു. സ്ത്രീവിമോചകപ്രസ്ഥാനങ്ങൾ ആഗോളവ്യാപകമായിരിക്കുന്നു. സ്ത്രീശാക്തീകരണത്തിന്റെ ശക്തമായ സാന്നിദ്ധ്യങ്ങളായി ഈ പ്രസ്ഥാനങ്ങൾ നിലകൊള്ളുന്നു. കേരളത്തിലും സ്ത്രീവിമോചകപ്രസ്ഥാനങ്ങൾ അതിന്റെ ശക്തി തെളിയിച്ചിട്ടുണ്ട്. അത്തരത്തിലുള്ള ഒരു സംഘടനയാണ് കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ. സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയപരമായ കാരണങ്ങളാൽ പീഡനങ്ങളും ചൂഷണങ്ങളും അനുഭവിക്കുന്ന സ്ത്രീകൾക്കു വേണ്ടി നിലകൊള്ളുന്ന ഒരു സംഘടനയാണ് ഇത്. കേരളത്തിന്റെ പല ഭാഗത്തു നിന്നും സ്ത്രീകൾ ഇവിടെ എത്തുന്നു. തങ്ങളുടെ പ്രശ്നപരിഹാരത്തോടൊപ്പം അറിവ് വർദ്ധിപ്പിക്കാനും പുസ്തകങ്ങളോട് ചങ്ങാത്തം കൂടാനുള്ള ഒരു വേദിയാണ് ഇവിടം.

നിരവധി ലൈബ്രറികൾ നമുക്ക് സുപരിചിതമാണ്. എന്നാൽ സ്ത്രീകൾക്ക് മാത്രമായി നിലകൊള്ളുന്ന ലൈബ്രറികൾ കുറവാണ്. 1993 മുതൽ ഇവിടെ സ്ത്രീകൾക്ക് മാത്രമായി ഒരു ലൈബ്രറി പ്രവർത്തിച്ചു വരുന്നു. പലവിധ മാനസികസംഘർഷങ്ങളുമായെത്തുന്ന സ്ത്രീകളുടെ മനോനിലയിൽ മാറ്റം വരുത്താൻ പുസ്തകങ്ങൾക്കു സാധിക്കുമെന്ന തിരിച്ചറിവാണ് ഈ ആശയം ഉടലെടുക്കാൻ കാരണമായത്. അഭൂതപൂർവ്വമായ വളർച്ചയാണ് ഈ കാലയളവിൽ ലൈബ്രറിക്കുണ്ടായിട്ടുള്ളത്. ആദ്യകാലത്ത് വാടകക്കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച ലൈബ്രറി ഇന്ന് സ്വന്തം കെട്ടിടം എന്നനിലയിലേക്ക് വളർന്നിരിക്കുന്നു. ഈ ലൈബ്രറിയിലെ അംഗമാണ് ഞാൻ. അന്വേഷിയുടെ ഈ ലൈബ്രറി കാണുമ്പോൾ എന്റെ ചിന്തയിൽ വരുന്നത് വെർജീനിയ വൂൾഫിന്റെ 'A room of one's own' എന്ന കൃതിയാണ്. ഒരു സ്ത്രീക്ക് എഴുതണമെന്നുണ്ടെങ്കിൽ സ്വന്തമായി ഒരു മുറി വേണമെന്നുള്ള ആശയമാണ് ഈ കൃതി മുന്നോട്ടുവെക്കുന്നത്. അത്തരത്തിലുള്ള സ്വന്തമായൊരു മുറിയാണ് ഓരോ സ്ത്രീക്കും ഈ ലൈബ്രറി. സ്ത്രീകൾക്ക് സ്വതന്ത്രമായി വായിക്കാനും ചിന്തിക്കാനും അറിവ് വർദ്ധിപ്പിക്കാനും ആശയങ്ങൾ പങ്കുവെക്കുവാനുമുള്ള ഒരു വേദിയായി ഇവിടം മാറുന്നു. വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന പുസ്തകങ്ങളുടെ വിപുലമായ ഒരു ശേഖരം ഇവിടെയുണ്ട്. എന്റെ ധൈഷണിക വ്യാപാരമണ്ഡലത്തെ ഉദ്ദീപിപ്പിക്കാൻ ഈ പുസ്തകങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ഓരോ സ്ത്രീയുടെയും അഭിരുചിക്ക് അനുസൃതമായി പുസ്തകങ്ങൾ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ഇവിടെ ലഭിക്കുന്നു. പുരുഷാധിപത്യവ്യവസ്ഥിതിയുടെ കണ്ണുകൾ ഇവിടെ സ്ത്രീകളെ അലട്ടുന്നില്ല. ഈ ലൈബ്രറിയുടെ പ്രവർത്തകരുടെ സമീപനം നമ്മെ അവിടേക്ക് കൂടുതൽ ആകർഷിക്കുന്നു. ലൈബ്രറി പ്രവർത്തകരിൽ എന്നെ ഏറെ സ്വാധീനിച്ച രണ്ടു വ്യക്തിത്വങ്ങളാണ് സായി ലക്ഷ്മിയും രാജലക്ഷ്മിയും. എനിക്ക് ആവശ്യമായ പുസ്തകങ്ങൾ തെരഞ്ഞെടുത്തു തരാൻ ഏതു സമയത്തും അവർ സന്നദ്ധരായിരുന്നു. എന്റെ പഠനവളർച്ചയിൽ നിർണ്ണായകമായ സ്വാധീനമാണ് ഈ ലൈബ്രറിക്കുള്ളത്. സ്ത്രീകളുടെ ഉയർച്ചയ്ക്കും ഉന്നമനത്തിനുമായി നിലകൊള്ളുന്ന ഈ ലൈബ്രറി എന്നെ പോലുള്ള നിരവധി സ്ത്രീകളുടെ വളർച്ചയ്ക്ക് കാരണമായി വർത്തിക്കുന്നു. അന്വേഷിയുടെ ഈ പ്രയത്നം കൂടുതൽ പേരിലേക്ക് വ്യാപിക്കട്ടെ എന്നും അതുവഴി സ്ത്രീശാക്തീകരണം ശക്തമാകട്ടെ എന്നും ആശംസിക്കുന്നു. ●



കവർസ്റ്റോറി

# അഭയമില്ലാത്തവർക്കുള്ള അത്താണി- നിർഭയഹോം



പ്രമീള

ലൈംഗികഅതിക്രമങ്ങൾക്ക് വിധേയരാവുന്ന സ്ത്രീകൾക്കും കുട്ടികൾക്കും മാനസികാരോഗ്യം വീണ്ടെടുക്കാനും വിദ്യാഭ്യാസം,

സാമ്പത്തികഭദ്രത, നിയമപരമായ അവകാശങ്ങൾ എന്നിവ ഉറപ്പുവരുത്താനും വേണ്ടി സുരക്ഷിത ഇടം നൽകുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനസർക്കാർ ജില്ലാ അടിസ്ഥാനത്തിൽ സന്നദ്ധസംഘടനകളുടെ സഹായത്തോടെ നടപ്പിലാക്കിയതാണ് നിർഭയഷെൽട്ടർ ഹോമുകൾ. കോഴിക്കോട് ജില്ലയിലെ നിർഭയ ഷെൽട്ടർ ഹോമിന്റെ നടത്തിപ്പ് ചുമതല ഏൽപ്പിച്ചിരിക്കുന്നത് അന്വേഷിയെയാണ്.

അന്വേഷി നിർഭയ ഷെൽട്ടർഹോം 2014 മെയ് 2ന് ഒൻപത് കുട്ടികളുമായി പ്രവർത്തനമരാംഭിച്ചു. ശിശുക്ഷേമസമിതി, കോടതി എന്നിവ വഴി സ്ത്രീകളും കുട്ടികളുമടക്കം ഇതുവരെ മുപ്പത്തിമൂന്നോളം പേർ നിർഭയയിൽ പ്രവേശിപ്പിക്കപ്പെട്ടു. വയനാട്, പാലക്കാട്, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിലും തമിഴ്നാട്, ബംഗ്ലാദേശ് എന്നിവിടങ്ങളിലും ഉള്ളവരാണ് ഇവിടുത്തെ അന്തേവാസികൾ. ഹൗസ് മാനേജർ, വാർഡൻ, സോഷ്യൽവർക്കർ, കെയർടെയ്ക്കർ, ഫീൽഡ് സ്റ്റാഫ്, ലീഗൽ കൗൺസെലർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സെക്യൂരിറ്റി സ്റ്റാഫ്, കുക്ക്, ക്ലീനിംഗ് സ്റ്റാഫ് എന്നിങ്ങനെ പതിനൊന്നു പേർ അടങ്ങുന്നതാണ് നിർഭയ സ്റ്റാഫ്.

### നിർഭയയുടെ പ്രവർത്തനം

നിർഭയയിൽ എത്തുന്നവരെ നിന്തരമായ കൗൺസെലിംഗിലൂടെയും മാനസികാരോഗ്യചികിത്സയിലൂടെയും പുതിയ ജീവിതത്തിലേക്ക് കൊണ്ടുവരികയും വിദ്യാഭ്യാസം, വൈദ്യസഹായം, നിയമസഹായം എന്നിവ ഉറപ്പുവരുത്തി അന്തേവാസികളുടെ സമഗ്രമായ പുനരധിവാസ പ്രവർത്തനം സാധ്യമാക്കുകയുമാണ് ചെയ്യുന്നത്. മൂന്നാം തരം മുതൽ പ്ലസ്ടു വരെ പഠിക്കുന്നവരും സാക്ഷരതാ മിഷന്റെ നാലാംക്ലാസ്സ് തുല്യതാപരീക്ഷ 85% മാർക്കോടെ പാസ്സായവരും ഇപ്പോൾ നടക്കുന്ന ഏഴാം ക്ലാസ്സ് തുല്യതാ പരീക്ഷക്ക് തയ്യാറെടുക്കുന്നവരും ഇവിടെയുണ്ട്. കഴിഞ്ഞ വർഷത്തെ പത്താം ക്ലാസ്സ് തുല്യതാ പരീക്ഷ നല്ല മാർക്കോടെ പാസ്സായവരും നിർഭയയിൽ ഉണ്ട്. വൊക്കേഷണൽ ട്രെയിനറെ വെച്ച് ആഭരണ നിർമ്മാണം, സാരി പെയിന്റിംഗ്, തയ്യൽ പരിശീലനം, പാവ നിർമ്മാണം, മാറ്റ്(ചവിട്ടി) നിർമ്മാണം, എംബ്രോയിഡറി, ഫ്ളവർ മേക്കിംഗ് എന്നിവയിൽ പരിശീലനം നൽകുന്നു. ഒക്കുപേഷണൽ തെറാപ്പിസ്റ്റുകളുടെ സഹായത്തോടെ ഡാൻസ്, യോഗ എന്നിവ പരിശീലിപ്പിക്കുന്നു. കുട്ടികളുടെ പ്രശ്നങ്ങൾ അവരുടെ ബാലസഭ ചേർന്ന് ചർച്ച ചെയ്യുകയും പരിഹാരങ്ങൾ കണ്ടെത്തുകയും പരിപാടികൾ ആസൂത്രണം ചെയ്യുകയും ബാലസഭ കമ്മറ്റികൾ രൂപീകരിക്കുകയും ചെയ്യുന്നു. അംഗങ്ങൾക്കായി വിനോദപരിപാടികളും ആഘോഷങ്ങളും വളരെ വിപുലമായി നടത്തപ്പെടുന്നുണ്ട്.

നിർഭയയിലെ അംഗങ്ങൾ

തയ്യാറാക്കിയ 'കണ്ണാടി' എന്ന കയ്യെഴുത്തുമാസിക നളന്ദ ഓഡിറ്റോറിയത്തിൽ വെച്ച് എഴുത്തുകാരി മൈന ഉമൈബാൻ പ്രകാശനം ചെയ്തു. അന്തേവാസിയായ ഒരു സ്ത്രീയുടെ 'ഞാനെന്ന മുറിവ്' എന്ന കവിതാസമാഹാരത്തിന്റെ പ്രകാശനം ടൗൺഹാളിൽ പ്രശസ്ത സാഹിത്യകാരൻ പ്രൊഫ.എം.എൻ.കാരശ്ശേരി അന്വേഷി പ്രസിഡണ്ട് അജിതക്കു നൽകി പ്രകാശനം ചെയ്തു. അവരുടെ തന്നെ ചിത്രങ്ങളുടെ പ്രദർശനം കോഴിക്കോട് ആർട്ട് ഗാലറിയിൽ ചിത്രകാരൻ ശ്രീ.പോൾ കല്ലാനോട് നിർവഹിക്കുകയുണ്ടായി.

ഇവിടെ ഇതുവരെ എത്തിയ 85% അന്തേവാസികളും കുടുംബത്തിൽ നിന്നും ലൈംഗിക അതിക്രമങ്ങൾക്ക് വിധേയരായവരാണ്. പിതാവ്, അമ്മാവൻ, സഹോദരൻ, പിതൃസഹോദരന്മാർ, മുത്തച്ഛൻ, കുടുംബസുഹൃത്തുക്കൾ എന്നിവരാണ് മിക്കവാറും കേസിലെ പ്രതികൾ. ഇതിൽ അധികവും സ്വന്തം പിതാവ് പ്രതിയായിട്ടുള്ള കേസുകളാണ്. പ്രണയം നടിച്ച് വലയിൽ വീഴ്ത്തി ലൈംഗികമായി ഉപയോഗിക്കുന്ന കേസുകളും നിരവധിയാണ്. ബംഗ്ലാദേശ്, ബോംബെ എന്നിവിടങ്ങളിൽ നിന്നും സെക്സ് റാക്കറ്റിന്റെ കെണിയിൽപ്പെട്ട് കേരളത്തിൽ എത്തിയ അംഗങ്ങൾ നിർഭയയിൽ ഉണ്ട്. ലൈംഗികാതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമം 2012 (POCSO Act) പ്രകാരമാണ് 90% കേസുകളും രജിസ്റ്റർ ചെയ്തിരിക്കുന്നത്. ആകെയുള്ള 33 കേസുകളിൽ മൂന്നെണ്ണത്തിന്റെ വിധി മാത്രമേ വന്നിട്ടുള്ളൂ. ഓരോ കേസിലും പ്രതികളുടെ എണ്ണത്തിലും കുറവില്ല. ചില കേസുകളിൽ 25 ഉം അതിൽ കൂടുതലും പ്രതികളാണുള്ളത്. ഏറ്റവും പിന്നാക്കാവസ്ഥയിൽ നിൽക്കുന്ന കുടുംബങ്ങളിലെയും കുടുംബബന്ധങ്ങൾ തകർന്ന വീടുകളിലെയും സ്ത്രീകളും കുട്ടികളുമാണ് ലൈംഗികഅതിക്രമങ്ങൾക്ക് ഇരകളായി ഇവിടെ എത്തുന്നത്.

കോടതിയുടെയും ശിശുക്ഷേമസമിതിയുടെയും ഉത്തരവുപ്രകാരം പുനരധിവസിക്കപ്പെടുന്നവരുടെ കൃത്യമായ സംരക്ഷണം തുടർപ്രവർത്തനങ്ങൾ നടത്തി ഉറപ്പുവരുത്തുന്നുണ്ട്. അതിജീവിച്ചവർക്ക് എല്ലാ തരത്തിലുള്ള അവകാശങ്ങളും നേടുന്നതിനുള്ള അവസ്ഥയും സൗഹാർദ്ദപരമായ അന്തരീക്ഷം നിലനിർത്തി എല്ലാ തരത്തിലുള്ള ചൂഷണത്തിൽ നിന്നും അവരെ സംരക്ഷിച്ചും സ്വകാര്യതയും മാനസികാരോഗ്യവും നിലനിർത്തുന്നതിനുള്ള അവസ്ഥ ഉണ്ടോ എന്ന് ഉറപ്പാക്കിയുമുള്ള തുടർപ്രവർത്തനങ്ങൾ ആണ് നടത്തുന്നത്. കോഴിക്കോട് നിർഭയയിൽ നിന്നും പുനരധിവസിക്കപ്പെട്ടവരെല്ലാം തന്നെ നല്ല നിലയിൽ ജീവിതം നയിക്കുന്നു.

സംസ്ഥാനത്ത് നിലവിൽ വന്ന പത്ത് നിർഭയ ഷെൽട്ടർഹോമുകളുടെ ഇടപെടൽ മൂലം ലൈംഗികാതിക്രമ കേസുകളിൽ പോലീസിന്റെ ഭാഗത്തു നിന്നുള്ള പ്രവർത്തനങ്ങളും വിചാരണ നടപടികളും ദ്രുതഗതിയിലാക്കാനുള്ള നടപടികൾ നടന്നുവരുന്നു. അതിക്രമങ്ങൾക്ക് ഇരയായവർക്ക് എല്ലാ തരത്തിലുള്ള ബാഹ്യ ഇടപെടലുകളിൽ നിന്നും സംരക്ഷണം ഉറപ്പുവരുത്തുകയും ചെയ്യുന്നു എന്നുള്ളത് ഈ പദ്ധതിയുടെ നേട്ടം തന്നെയാണ്.

●




ശാസ്ത്രം

# ഐൻസ്റ്റൈൻ പറഞ്ഞു, ലിഗോ തെളിയിച്ചു



സീമ ശ്രീലയം




ഒരു നൂറ്റാണ്ട് മുൻപേ ആൽബർട്ട് ഐൻസ്റ്റൈൻ ഗുരുത്വതരംഗങ്ങൾ (ഗ്രാവിറ്റേഷണൽ വേവ്) എന്ന ആശയം അവതരിപ്പിച്ചതാണ്. പക്ഷേ ഇത്രയും കാലം ശാസ്ത്രജ്ഞരെ സംബന്ധിച്ച് ഒരു സമസ്യ തന്നെയായിരുന്നു ഗുരുത്വ തരംഗങ്ങൾ. എന്നാലിപ്പോൾ ലിഗോ എന്ന അന്താരാഷ്ട്ര ഗവേഷണ കൂട്ടായ്മ നടത്തിയ ഗവേഷണങ്ങൾ ഗുരുത്വ തരംഗങ്ങളുടെ സാന്നിധ്യം സ്ഥിരീകരിച്ച വാർത്ത ആവേശത്തോടെയാണ് ശാസ്ത്രലോകം സ്വീകരിച്ചത്. ഐൻസ്റ്റൈൻ തന്നെയാണ് ശരിയെന്ന് കാലം തെളിയിച്ചു. പ്രപഞ്ചവിസ്മയങ്ങളിലേക്കുള്ള പുതിയ കിളിവാതിൽ കൂടിയാണ് പുതിയ നേട്ടം.

പതിനേഴാം നൂറ്റാണ്ടിലാണ് സർ ഐസക് ന്യൂട്ടൺ സാർവ്വിക ഗുരുത്വാകർഷണ നിയമം ആവിഷ്ക്കരിച്ചത്. ഭൂമി വസ്തുക്കളെ ഭൂമിയുടെ കേന്ദ്രത്തിലേക്ക് ആകർഷിക്കുന്നതുകൊണ്ടാണ് വസ്തുക്കൾക്ക് ഭാരം അനുഭവപ്പെടുന്നതെന്നും അദ്ദേഹം പ്രസ്താവിച്ചു. എന്നാൽ ഗുരുത്വാകർഷണം, ഗുരുത്വ തരംഗങ്ങൾ എന്നിവയ്ക്ക് തൃപ്തികരമായ വിശദീകരണം നൽകാൻ കഴിഞ്ഞില്ല. ഐൻസ്റ്റൈൻ 1905 ൽ വിശിഷ്ടാപേക്ഷികതാ സിദ്ധാന്തവും 1915 ൽ സാമാന്യ ആപേക്ഷികതാ സിദ്ധാന്തവുമായി രംഗത്തെത്തിയതോടെ ഭൗതികത്തിനു പുതിയ അടിത്തറയുണ്ടായി. ഇതിൽ സാമാന്യ ആപേക്ഷികതാ സിദ്ധാന്തം എന്നത് യഥാർഥത്തിൽ ഒരു ഗുരുത്വ സിദ്ധാന്തമാണ്. ദ്രവ്യത്തിന്റെയോ ഊർജത്തിന്റെയോ സാന്നിധ്യം സ്ഥല കാലങ്ങളിലുണ്ടാക്കുന്ന വക്രതയാണ് ഗുരുത്വാകർഷണം എന്ന ആശയമാണ് അദ്ദേഹം മുന്നോട്ട് വച്ചത്.1916 ൽ ഗുരുത്വ തരംഗങ്ങളെക്കുറിച്ചുള്ള പ്രബന്ധവും പ്രസിദ്ധീകരിച്ചു. അതോടെ ഗുരുത്വ തരംഗങ്ങൾ ശാസ്ത്രലോകത്ത് വൻ ചർച്ചാവിഷയമാവുകയും ഈ അദൃശ്യ തരംഗങ്ങൾ തേടിയുള്ള അന്വേഷണങ്ങൾ ആരംഭിക്കുകയും ചെയ്തു.

തമോഗർത്തങ്ങൾ കൂട്ടിയിടിക്കുക, സൂപ്പർനോവ സ്ഫോടനങ്ങളുണ്ടാവുക തുടങ്ങിയ അത്യന്തം പ്രക്ഷുബ്ധമായ സംഭവങ്ങൾ ഉണ്ടാവുമ്പോൾ താരതമ്യേന ശക്തിയേറിയ ഗുരുത്വ തരംഗങ്ങൾ ഉണ്ടാവും. ഇതിന്റെ സാന്നിധ്യം സ്ഥിരീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് 1992 ൽ ലിഗോ എന്ന പരീക്ഷണ സംവിധാനം അമേരിക്കയിൽ സ്ഥാപിച്ചത്. ലിഗോ എന്നാൽ ലേസർ ഇന്റർഫെറോമീറ്റർ ഗ്രാവിറ്റേഷണൽ വേവ് ഒബ്സർവേറ്ററി. എൽ ആകൃതിയിൽ ക്രമീകരിച്ചിരിക്കുന്ന നാലു കിലോമീറ്റർ വീതം നീളമുള്ള രണ്ട് ടണലുകളാണ് ലിഗോയിലെ പ്രധാന ഭാഗം. ഇതിലൂടെ ലേസർ കിരണങ്ങൾ പായിച്ച് ഈ ടണലുകൾക്ക് ഗുരുത്വ തരംഗങ്ങളുടെ സാന്നിധ്യത്തിൽ ഉണ്ടാവുന്ന സങ്കോച വികാസങ്ങളും നീള വ്യത്യാസവും ഒക്കെ അളന്നാണ് പരീക്ഷണം നടത്തിയത്. 2015 സെപ്റ്റംബറിൽ തന്നെ ഗുരുത്വ തരംഗ സാന്നിധ്യം സ്ഥിരികരിച്ചുവെന്ന അഭ്യൂഹം പരന്നിരുന്നുവെങ്കിലും ഈ ഫെബ്രുവരി 11 നാണ് ഔദ്യോഗികമായ പ്രഖ്യാപനമുണ്ടായത്. 130 കോടി പ്രകാശവർഷങ്ങൾക്കപ്പുറമുള്ള രണ്ട് തമോഗർത്തങ്ങൾ (ബ്ലാക്ക്ഹോൾ) കൂട്ടിയിടിച്ചപ്പോഴുണ്ടായ ഗുരുത്വ തരംഗങ്ങളാണ് ഭൂമിയെ കടന്നുപോയതെന്ന് ശാസ്ത്രജ്ഞർ പറയുന്നു. വിവിധ രാജ്യങ്ങളിലെ ആയിരത്തോളം ശാസ്ത്രജ്ഞർ ഉൾപ്പെട്ട ഈ ബൃഹദ് ഗവേഷണത്തിൽ ഇന്ത്യൻ ഗവേഷകരുമുണ്ട് എന്നതിൽ നമുക്ക് അഭിമാനിക്കാം. ഒരു മഹാവിസ്ഫോടനത്തിലൂടെ പിറന്ന പ്രപഞ്ചത്തിന്റെ വികാസപരിണാമങ്ങളിലേക്ക് വെളിച്ചം വീശാൻ പുതിയ കണ്ടെത്തൽ വഴിയൊരുക്കുമെന്നാണ് ശാസ്തലോകത്തിന്റെ പ്രതീക്ഷ. ●

# സ്നേഹലതാറെഡ്ഡി രചിച്ച "സീത" അന്വേഷി അരങ്ങിലെത്തിച്ചപ്പോൾ...


രാവണനെ പ്രണയിച്ച സീതയുടെ പ്രണയത്തെക്കുറിച്ചുള്ള അന്വേഷണമായിരുന്നു സ്നേഹലതാറെഡ്ഡി രചിച്ച *'സീത'* എന്ന നാടകം. 2009 മെയ് 28ന് കോഴിക്കോട് വെച്ചു നടന്ന സുരാസു നാടകോത്സവത്തിൽ ഈ നാടകത്തെ തിരുവനന്തപുരത്തുള്ള 'നിരീക്ഷ' തിയേറ്റർ ഗ്രൂപ്പിലെ സുധിയും രാജേശ്വരിയും പുനരാവിഷ്ക്കരിച്ചു. ഇത് അവതരിപ്പിച്ചത് അന്വേഷിയാണ്.

പുതിയകാലഘട്ടത്തിന്റെ പശ്ചാത്തലത്തിൽ *'സീത'*യെ വീണ്ടും പുനരാവിഷ്കരിക്കുന്നു. പുതിയ *'സീത'* യിൽ ശൂർപ്പണഖയും എത്തുന്നുണ്ടെന്നതാണ് പ്രത്യേകത. ഗീതിയാണ് കൊറിയോഗ്രാഫർ. കോയമ്പത്തൂർ യൂണിവേഴ്സിറ്റിയിലെ സീനിയർ ലക്ചറർ ഡോ.ജീവയാണ് നേതൃത്വം നൽകുന്നത്. സുറുമി, അനിത, കുമാർ, ഗംഗാധരൻ, ശ്രീജ, മനോജ് കിഴക്കുമുറി, കുമാർ ജി. പാലത്ത്, താനിയ, വിമേഷ്, വഫ, ദിൽഷ, മിഥുൻ, സാന്ദ്ര, ഫജർ, മഡോണ തുടങ്ങിയവരാണ് അഭിനേതാക്കൾ. പശ്ചാത്തല സംഗീതം വി.ടി.മുരളി.

**സീത റിഹേഴ്സൽ ക്യാമ്പിൽ നിന്ന്**



## കാർട്ടൂൺ




**ഭരണകൂടവും സ്ത്രീ മുന്നേറ്റങ്ങളും**



Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kaladi-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara